# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

**0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com**



**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് വന്ദനം.

ഞാൻ 1964–ാം വർഷം ദൈവവേല തുടങ്ങി. 2014 സെപ്റ്റംബർ മാസം 50 വർഷം പൂർത്തിയായി. 50–ാം വർഷത്തിലും ഈ വേല തുടരുവാൻ ദൈവം കൃപ തന്നു. കേരളത്തിലുള്ള എന്റെ മാസിക വായനക്കാർ കുടുംബങ്ങൾ എന്റെ 50വർഷ ദൈവവേല സേവനത്തെക്കുറിച്ച് സന്തോഷപ്പെട്ടു ആ ദൈവവേലയിൽ അവർക്ക് കിട്ടിയ നന്മകളെ ഓർത്ത് നന്ദി പ്രകടിപ്പിക്കുവാൻ വേണ്ടി മനോരമ പത്രത്തിൽ എന്റെ ദൈവവേലയുടെ വിവരങ്ങളെ എന്നോടു ചോദിച്ചു എഴുതി വാങ്ങി അവരുടെ ചിലവിൽ പത്രത്തിൽ പരസ്യപ്പെടുത്തി. ആ കുടുംബങ്ങൾക്ക് നിങ്ങളുടെ പേരിൽ നന്ദി രേഖപ്പെടുത്തി കൊള്ളുന്നു. മനോരമ പത്രത്തിൽ വന്ന എന്റെ 50 വർഷ ദൈവവേല സേവനത്തിന്റെ വിവരങ്ങൾ വായിച്ച് പലരും എന്നോടു ഫോണിലും കത്തുവഴിയായിട്ടും ഇ–മെയിൽ വഴിയായും ആശംസകൾ അറിയിച്ചു. എന്നെ പരിചയപ്പെടാത്തവരും പത്രത്തിൽ വന്ന വിവരങ്ങൾ അറിഞ്ഞ് പ്രാർത്ഥിക്കുവാൻ വേണ്ടിയും, മാസികയ്ക്ക് വേണ്ടിയും ആവശ്യപ്പെട്ട് അഭ്യർത്ഥിച്ചു. 40, 50 വർഷങ്ങൾക്ക് മുൻപ് എന്നോടു പരിചയപ്പെട്ട പല വിശ്വാസികളും അച്ചന്മാരും പത്രപരസ്യം കണ്ട് എന്നോടു സംസാരിച്ചത് ആത്മീയ സ്നേഹബന്ധം പുതുക്കാൻ സഹായിച്ചു.

അതുപോലെ 2014 സെപ്റ്റംബർ മാസികയിൽ എന്റെ 50 വർഷ ദൈവേലയുടെ വിവരങ്ങൾ വായിച്ചവരും എന്നെ വാഴ്ത്തി. എന്റെ വേലയ്ക്കു വേണ്ടി തുടർന്ന് പ്രാർത്ഥിക്കുന്നതായും അറിയിച്ചത് എന്നെ കൂടുതൽ ബലപ്പെടുത്തി. പലർ എന്റെ ദൈവവേലയ്ക്ക് വേണ്ടി പണം അയച്ചു സഹായിച്ചു. അവർക്കു വേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തം നമ്മെ എല്ലാവരെയും ഒന്നായി ചേർത്തു. ദൈവത്തിന്റെ ആ മനസ്സലിവിനായും കൃപയ്ക്കായും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കഴിഞ്ഞ 50 വർഷങ്ങളായി എന്റെ ദൈവവേലയെ പ്രാർത്ഥനയിലും പണത്തിലും താങ്ങിക്കൊണ്ടിരിക്കുന്ന നിങ്ങളെ ഏവരെയും ദൈവം ഒരിക്കലും മറക്കുന്നില്ല. “ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളയുവാൻ തക്കവണ്ണം അനീതിയുള്ളവൻ അല്ല.” എബ്രായർ 6:10. ദൈവഹിതമായാൽ 2015 ൽ മാസികവഴി നിങ്ങളോടു ബന്ധപ്പെടാൻ ദൈവം സഹായിക്കട്ടെ.

**@ ഡോ. പുഷ്പരാജ്**

# NOVEMBER 2014

# ഇൻഡ്യയിലെ 5 രൂപാ നാണയത്തിൽ ഹിന്ദുദൈവത്തിന്റെ ചിത്രം – ശ്രീ.മാതാവിഷ്ണുദേവി

**ഭയപ്പെട്ടതു തന്നെ സംഭവിക്കുമോ?**

കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ ശ്രീമാൻ മോദി അവർകളുടെ നേതൃത്വത്തിൽ ബി.ജെ.പി (ആർ.എസ്.എസ്) ജയിക്കുകയാണെങ്കിൽ മതസൗഹാർദ്ദതയോടെ കഴിയുന്ന ഭാരതത്തിൽ എന്തൊക്കെയാണ് സംഭവിക്കുക എന്നു ചിന്തിച്ച് ഭാരതജനങ്ങൾ ഭയപ്പെട്ടിരുന്നുവോ




അതുപോലെ തുടർസംഭവങ്ങൾ അതിനെ ഉറപ്പിക്കുന്നു. താഴെ നിങ്ങൾ കാണുന്നത് പുതിയ ബി.ജെ.പി ഗവൺമെന്റ് ഇറക്കിയ 5 രൂപാ നാണയമാണ്. നാനാജാതി മതസ്ഥരും വ്യത്യസ്ഥ സംസ്കാരങ്ങളും ഉള്ളതായ ജനാധിപത്യരാജ്യമായ




ഭാരതത്തിൽ ഓരോരുത്തരും ആരാധിക്കുന്ന ദൈവങ്ങൾ എന്നു പറയുവാൻ ധാരാളം ദൈവങ്ങളുണ്ട്.

പക്ഷേ വിഗ്രഹാരാധനയെ എതിർക്കുന്ന ഇസ്ലാം മതം, ക്രൈസ്തവർ പോലുള്ള ചില പ്രത്യേക മതവിഭാഗങ്ങളിലുള്ളവരുടെ മനസ്സിനെ വേദനപ്പെടുത്തുംവിധം വിഗ്രഹാരാധനയ്ക്കായി പരോക്ഷമായി നിർബന്ധിക്കപ്പെടുന്നതുപോലെ നാം ദിനംപ്രതി കൈകാര്യം ചെയ്യുന്ന നാണയത്തിൽ ഹിന്ദുമത വിഗ്രഹത്തെ അച്ചടിച്ചത് തീർച്ചയായും എതിർക്കത്തക്കതാണ്.

ക്രൈസ്തവർ തങ്ങളുടെ സത്യദൈവത്തിന് വഴിപാടായി (കാണിക്കയായി) മേൽപറഞ്ഞ ഹിന്ദുമത വിഗ്രഹത്തെ നേർച്ചപ്പെട്ടി (നേർച്ച പാത്രത്തിൽ) ഇടുവാൻ വിഗ്രഹാരാധനയെ വെറുക്കുന്നതായ ക്രൈസ്തവ സമൂഹം ഇതിനെ എങ്ങനെ സ്വീകരിക്കും. വിഗ്രഹത്തെ നമസ്കരിക്കുന്നവർ ശപിക്കപ്പെട്ടവർ എന്ന് ക്രൈസ്തവരുടെ മതഗ്രന്ഥത്തിലും, മുസ്ലീങ്ങളുടെ ഖുറാനിലും നിഷ്കർഷിച്ചിട്ടുള്ളത് ഇൻഡ്യൻ ഭരണകൂടം ശ്രദ്ധിക്കുവാൻ വിട്ടുപോയിരിക്കുന്നു.

ഇപ്രകാരം ഒരു ന്യൂനപക്ഷസമൂഹം ആരാധിക്കുന്ന, ദൈവത്തിന് ഇഷ്ടമില്ലാത്ത വിധത്തിൽ ഹിന്ദുമത ദൈവവിഗ്രഹത്തെ ബി.ജെ.പി നേതൃത്വത്തിലെ ശ്രീ മോദി അവർകളുടെ ഭരണകൂടം 5 രൂപ നാണയത്തിൽ ശ്രീ.മാതാവിഷ്ണുദേവി വിഗ്രഹം പതിപ്പിച്ച് നാണയത്തിലുള്ള വിഗ്രഹത്തെ നമസ്കരിക്കുവാൻ ക്രിസ്ത്യാനികളെ ബി.ജെ.പി ഗവണ്മെന്റ് നിർബന്ധിക്കുകയാണോ? എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഒരമ്മയുടെ ഉദരത്തിൽ ജനിച്ചവരെപ്പോലെ ജാതിമതഭേദമെന്യേ ഏകോദര സഹോദരങ്ങളായി ജീവിച്ചുവരുന്ന ഭാരതജനതയെ ഇപ്പോഴത്തെ ബി.ജെ.പി ഭരണം വിഭാഗീയത വളർത്തുവാൻ ആഗ്രഹിക്കുന്നുവോ? ഭാരതത്തിലെ വ്യത്യസ്ഥ മതവിഭാഗങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുവാൻ ഭരണകൂടം നിർബന്ധിക്കുകയാണോ?

## നമ്മുടെ ദൈവം (ക്രിസ്ത്യാനികളുടെ) വെറുക്കുന്നതായ വിഗ്രഹം




മേൽകണ്ട നാണയങ്ങളിൽ ഉള്ള വിഗ്രഹത്തെക്കുറിച്ച് ദൈവം പറയുന്നത് : സങ്കീ 115: 4-8 വരെ അവരുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും ആകുന്നു; മനുഷ്യരുടെ കൈവേല തന്നെ.

അവയ്ക്കു (വിഗ്രഹങ്ങൾക്ക്) വായുണ്ടെങ്കിലും സംസാരിക്കുന്നില്ല.

അവയ്ക്ക് (വിഗ്രഹങ്ങൾക്ക്) കണ്ണുണ്ടെങ്കിലും കാണുന്നില്ല.

അവയ്ക്കു (വിഗ്രഹങ്ങൾക്ക്) ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല.

അവയ്ക്കു (വിഗ്രഹങ്ങൾക്ക്) മൂക്കുണ്ടെങ്കിലും മണക്കുന്നില്ല.

അവയ്ക്കു (വിഗ്രഹങ്ങൾക്ക്) കയ്യുണ്ടെങ്കിലും സ്പർശിക്കുന്നില്ല.

അവയ്ക്കു (വിഗ്രഹങ്ങൾക്ക്) കാലുണ്ടെങ്കിലും നടക്കുന്നില്ല.

(അവ) തൊണ്ട കൊണ്ട് സംസാരിക്കുന്നുമില്ല.

അവയെ (വിഗ്രഹങ്ങളെ) ഉണ്ടാക്കുന്നവരും അവയിൽ (വിഗ്രഹങ്ങളെ) ആശ്രയിക്കുന്ന ഏവനും അവയെ (വിഗ്രഹങ്ങളെ)പ്പോലെ ആകുന്നു.

## വിഗ്രഹങ്ങളെ നിർമ്മിക്കുന്ന ഏവനും ശൂന്യം

* യെശ: 44:9 വിഗ്രഹത്തെ നിർമ്മിക്കുന്ന ഏവനും ശൂന്യം.

വിഗ്രഹങ്ങൾ .................... ഒന്നിനും ഉപകരിക്കുന്നില്ല. (വിഗ്രഹങ്ങൾ) അവയുടെ സാക്ഷികളോ ഒന്നും കാണുന്നില്ല. ഒന്നും അറിയുന്നതുമില്ല, ലജ്ജിച്ചുപോകുന്നതേയുള്ളൂ.

* ഒന്നിനും ഉപകരിക്കാത്ത ദൈവത്തെ നിർമ്മിച്ച് വിഗ്രഹത്തെ വാർപ്പിക്കുന്നു.

* ആവ 4:15 യഹോവ ഹോരേബിൽ തീയുടെ നടുവിൽ നിന്ന് നിങ്ങളോട് അരുളിചെയ്ത നാളിൽ നിങ്ങൾ രൂപം ഒന്നും കണ്ടില്ലല്ലോ.

അതുകൊണ്ട് നിങ്ങൾ ആണിന്റെയെങ്കിലും പെണ്ണിന്റെയെങ്കിലും സാദൃശ്യമോ, ഭൂമിയിലുള്ള യാതൊരു മൃഗത്തിന്റെയും സാദൃശ്യമോ - ആകാശത്തു പറക്കുന്ന യാതൊരു പക്ഷിയുടെയും സാദൃശ്യമോ, ഭൂമിയിലുള്ള യാതൊരു ഇഴജാതിയുടെയും സാദൃശ്യമോ, ഭൂമിയ്ക്കു കീഴേ വെള്ളത്തിലുള്ള യാതൊരു മത്സ്യത്തിന്റെയും സാദൃശ്യമോ ഇങ്ങനെ യാതൊന്നിന്റെയും പ്രതിമയായ വിഗ്രഹം ഉണ്ടാക്കി വഷളത്വം പ്രവർത്തിക്കരുത്. നീ ആകാശസൈന്യമായ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ അവയെ നമസ്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുത്. നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു ചെയ്തിട്ടുള്ള അവന്റെ നിയമം നിങ്ങൾ മറന്നു നിന്റെ ദൈവമായ യഹോവ വിരോധിച്ചതുപോലെ യാതൊന്നിന്റെയും സാദൃശ്യമായ വിഗ്രഹം ഉണ്ടാക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. നിന്റെ ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നിയല്ലോ; തീഷ്ണതയുള്ള ദൈവം തന്നേ.

നീ മക്കളെയും മക്കളുടെ മക്കളെയും ജനിപ്പിച്ച് ദേശത്ത് ഏറെക്കാലം പാർത്തു വഷളായിത്തീർന്നിട്ടു വല്ലതിന്റെയും സാദൃശ്യമായ വിഗ്രഹം ഉണ്ടാക്കി; നിന്റെ ദൈവമായ യഹോവെയ്ക്കു അനിഷ്ടമായുള്ളതു ചെയ്ത് അവനെ കോപിപ്പിച്ചാൽ നിങ്ങൾ അവിടെ ദീർഘായുസ്സോടിരിക്കാതെ നിർമ്മൂലമായ്പ്പോകും.

(നിങ്ങൾ കൈവശമാക്കേണ്ടതിന്) ചെല്ലുന്ന ദേശത്തിൽ കാണ്മാനും കേൾപ്പാനും ഭക്ഷിപ്പാനും മണക്കുവാനും പ്രാപ്തിയില്ലാത്തവയായി മരവും കല്ലും കൊണ്ട് മനുഷ്യരുടെ കൈപ്പണിയായ ദേവന്മാരെ നിങ്ങൾ അവിടെ സേവിക്കും - എങ്കിലും അവിടെ വെച്ച് നിന്റെ ദൈവമായ യഹോവയെ നീ തിരയുകയും ....................

## യാതൊരു വിഗ്രഹത്തെയും നീ ഉണ്ടാക്കരുത്

* ആവർത്തനം 5:8 മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിയ്ക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്.

* റോമർ 1:22 ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയി. അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു.

* റോമർ 1:25 ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു അതുകൊണ്ട് ദൈവം അവരെ അവമാന രാഗങ്ങളിൽ ഏൽപ്പിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു.

അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന്നു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നേ പ്രാപിച്ചു.

ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിനു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്വാൻ നികൃഷ്ടബുദ്ധിയിൽ ഏൽപ്പിച്ചു.

* വിഗ്രഹാരാധന - നമ്മുടെ ദൈവം വെറുക്കുന്നതായി വേദപുസ്തകത്തിന്റെ ആരംഭത്തിലേ നാം വായിക്കുന്നു.

അതുകൊണ്ട് യഥാർത്ഥ ക്രൈസ്തവർ യേശുക്രിസ്തുവിന്റെ ഫോട്ടോയുടെ മുന്നിൽ കൈ കൂപ്പി നമസ്ക്കരിക്കാറില്ല. അങ്ങനെ നമസ്ക്കരിച്ചാൽ അത് വിഗ്രഹാരാധനയായിത്തീരും. ഫോട്ടോ വിഗ്രഹമായിത്തീരും.

അപ്രകാരം കുരിശിനെ നോക്കി കൈ കൂപ്പി നമസ്കരിച്ചാലും അത് വിഗ്രഹമായിത്തീരും. അതുകൊണ്ട് യഥാർത്ഥ ക്രിസ്ത്യാനികൾ യേശുക്രിസ്തുവിന്റെ ചിത്രത്തിന് മാലയിടുകയോ, സാമ്പ്രാണിത്തിരിയോ മെഴുകുതിരിയോ കത്തിക്കുകയോ ചെയ്യുവാൻ പാടില്ല. അങ്ങനെ ചെയ്താൽ അത് വിഗ്രഹാരാധന ആയിത്തീരും.

അങ്ങനെ ചെയ്താൽ യേശുക്രിസ്തു മരിച്ച വ്യക്തി ആയിത്തീരും. ജാതികൾ മരിച്ചവർക്കാണ് മാലയിടുന്നത്. നമ്മുടെ ദൈവം ജീവനുള്ളവനാണ്. അവൻ ജീവിക്കുന്നു. അതുകൊണ്ട് നാമും ജീവിക്കുന്നു. മേൽപറഞ്ഞ പ്രകാരം യേശുവിനെയും, മറിയയെയും, അന്തോണീസ് പുണ്യാളനെയും കത്തോലിക്കാ സഭാവിഭാഗത്തിലുള്ളവർ മാത്രം വിഗ്രഹമാക്കി മാലയണിയിച്ച് പൂജിക്കുന്നു.

# മാർട്ടിൻ ലൂഥർ

അതുകൊണ്ടാണ് മാർട്ടിൻ ലൂഥർ അവർകൾ ഇപ്രകാരമുള്ള ചടങ്ങുകളിൽ നിന്ന് ക്രൈസ്തവരെ വേർതിരിച്ച് പ്രൊട്ടസ്റ്റന്റ് (Protestant) എന്ന സഭ ഉണ്ടാക്കി.



മറിയ, പത്രോസ്, അന്തോണീസ് മുതലായവർ വിശുദ്ധന്മാരായിരുന്നാലും എല്ലാവരും മരിച്ചു പോയവരാണ്. അതുകൊണ്ട് അവരെ ആരാധിക്കരുത് അവരോട് പ്രാർത്ഥിച്ചാലും അവർക്ക് കേൾക്കുവാൻ കഴിയുകയില്ല.

അതുകൊണ്ട് വേളാങ്കണ്ണി മാതാവ്, ലൂർദ് മാതാവ്, അന്തോണീസ് പുണ്യാളൻ മുതലായവരുടെ പ്രതിമ വെച്ച് നമസ്കരിക്കുകയോ യേശുവിന്റെ പ്രതിമ നിർമ്മിച്ച് നമസ്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്. അത് വിഗ്രഹാരാധനയാണ്. വിഗ്രഹാരാധനയെ നമ്മുടെ ദൈവം വെറുക്കുന്നു.

ദാവീദ് രാജാവ് പറയുന്നതുപോലെ സങ്കീ 139:21 നീവെറുക്കുന്നത് ഞാനും വെറുക്കും നീ ഇഷ്ടപ്പെടുന്നതിനെ ഞാനും ഇഷ്ടപ്പെടും എന്ന എരിവ് എല്ലാ ക്രൈസ്തവരുടെയും ഉള്ളത്തിൽ ഉണ്ടാകേണ്ടതാണ്.

ഇങ്ങനെയിരിക്കെ നമ്മുടെ ഇൻഡ്യാ ഗവണ്മെന്റ് നാണയത്തിൽ ഹിന്ദു ദൈവത്തിന്റെ വിഗ്രഹം - ദുരുദ്ദേശത്തോടെ മറ്റു മതസ്ഥരുടെ മനസ്സ് വേദനിക്കത്തക്കവിധത്തിൽ പ്രചരിപ്പിക്കുന്നത് തീർച്ചയായും വിലക്കപ്പെടേണ്ടതാണ് (എതിർക്കേണ്ടതാണ്).

## കുരിശിന്റെ പോലെ അടയാളമുള്ള പഴയ 1, 2, 5 രൂപയുടെ നാണയങ്ങൾ



ചില വർഷങ്ങൾക്കു മുമ്പ് ഒന്ന്, രണ്ട്, അഞ്ചു രൂപാ നാണയത്തിൽ ചിത്രീകരിക്കപ്പെട്ട രണ്ട് വരകൾ ഒന്നിനോടും ബന്ധമില്ലാതെ യാതൊരർത്ഥവുമില്ലാതെ കുരിശുപോലെ കാണപ്പെട്ടു. ആ നാണയം പിൻവലിക്കണമെന്ന് ഇതേ ഭരണകക്ഷിയും ആർ.എസ്.എസ് സംഘടനക്കാരും അന്ന് പോരാട്ടം നടത്തി.





അങ്ങനെയിരിക്കെ ഈ ഹിന്ദുമതദൈവ പ്രതിമ ഇപ്പോഴെങ്ങനെ 5 രൂപാ നാണയത്തിൽ അച്ചടിക്കപ്പെട്ടു യേശുക്രിസ്തുവിന്റെ രൂപം നാണയത്തിലോ, കറൻസി നോട്ടിലോ - ഈ ഗവണ്മെന്റ് അച്ചടിച്ച് പ്രചരിപ്പിക്കുമോ? അങ്ങനെ ചെയ്താൽ അതും തെറ്റുതന്നെയാണ്.

ഇത് ജനാധിപത്യമുള്ള നമ്മുടെ ഭാരതത്തിൽ ഭരണകൂടം ചെയ്യുന്ന അന്യായമാണ്. ഇത് മുഹമ്മദീയർ, ക്രൈസ്തവർ, ബുദ്ധമതസ്ഥർ, സിക്കുകാർ മുതലായ പല മതസ്ഥരുടെയും ഹൃദയത്തെ മുറിപ്പെടുത്തന്ന വിഷയമാണ്.

റിസർവ്വ് ബാങ്കിനും ഇൻഡ്യാ ഗവണ്മെന്റിനും എന്റെ എതിരഭിപ്രായം ഞാൻ എഴുതിയതുപോലെ വായനക്കാരും, ക്രിസ്ത്രീയ സഭാവിഭാഗങ്ങളും തങ്ങളുടെ എതിർപ്പിനെ രേഖാമൂലമായി ഭരണകൂടത്തെ അറിയിക്കേണ്ടുന്നത് ആവശ്യമാണ്.

ഇന്ത്യാ ദേശത്തെ ഇനി **"ഹിന്ദുദേശം'** എന്ന് പേര് മാറ്റണം പോലും.

മേൽവായിച്ച 5 രൂപാ നാണയ വിഷയം, തൻമൂലമുണ്ടായ സംശയങ്ങളെ, ഭയത്തെ



ഉറപ്പിക്കുംവിധം. ഇന്ത്യയിലെ ഗോവ സംസ്ഥാനത്തിലുള്ള ഉപമുഖ്യമന്ത്രി, ഒരുനാമധേയ ക്രിസ്ത്യാനി പേര് – ശ്രീമാൻ ഫ്രാൻസിസ് ഡിസൂസാ ബി.ജെ.പി പാർട്ടിയിലുള്ള വ്യക്തി. 2014 ജൂലൈ 25–ാം തീയതി മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ – 'എന്നെ ഒരു ക്രിസ്ത്യാനി എന്നോ, ഇന്ത്യക്കാരൻ എന്നോ വിളിക്കപ്പെടുന്നതിന് പകരം, ഒരു ക്രിസ്തീയ ഹിന്ദു എന്നു വിളിക്കപ്പെടുവാൻ താല്പര്യപ്പെടുന്നു. കൽക്കത്ത – കൊൽക്കത്ത – എന്നും ഒറീസ്സാ – ഒഡിഷ എന്നും സംസ്ഥാനങ്ങളുടെ പേര് മാറ്റിയതുപോലെ ഇന്ത്യ ഇനി മുതൽ ഹിന്ദുദേശം എന്ന് വിളിക്കപ്പെടണം എന്നു പറയുകയുണ്ടായി.

ഗോവയുടെ ഉപമുഖ്യമന്ത്രിയുടെ സംസാരം ചില മണിക്കൂറുകൾക്കകം – നേരേ തലതിരിച്ച് – മാറ്റപ്പെട്ടു.

ഗോവ ഉപമുഖ്യമന്ത്രി ഫ്രാൻസിസ് ഡിസൂസാ അവർകൾ ഞാൻ ഒരു ഹിന്ദു എന്ന് പറയപ്പെടുവാൻ താൽപര്യപ്പെടുന്നു എന്ന് പറഞ്ഞത് നിങ്ങൾ വായിച്ചിരിക്കുമല്ലോ. ഈ വാർത്ത പത്രമാധ്യമങ്ങളിലും, റ്റി.വിയിലും പ്രചരിച്ച ഉടൻ ഗോവ കത്തോലിക്കാ സഭയിലെ ബിഷപ്പ് ഉപമുഖ്യമന്ത്രി ഡിസൂസാ അവർകളെ സഭയിൽ നിന്നും അംഗത്വം നീക്കി – (Ex Communi-cate) റദ്ദു ചെയ്തതായി അറിയിച്ചു. ഉടനേ തന്നെ അദ്ദേഹം സഭയിൽ വന്നു

കുമ്പസാരത്തിന് അപേക്ഷിച്ച് താൻ അപ്രകാരം പറഞ്ഞതിന് സഭാ മുൻപാകെയും ദൈവത്തിനു മുൻപാകെയും ബിഷപ്പിന്റെ മുൻപാകെയും ക്ഷമ യാചിക്കുന്നു. എന്നെ വീണ്ടും സഭയിൽ ചേർത്തു കൊള്ളുവാൻ സഭാജനങ്ങൾക്കു മുൻപാകെ അപേക്ഷിച്ച് ഏറ്റു പറഞ്ഞ ഈ വിഷയത്തിൽ കത്തോലിക്കാ സഭ എടുത്ത നടപടിയെ ഞാൻ അഭിനന്ദിക്കുന്നു.

ഇതുപോലെ തന്നെ പ്രസിദ്ധ സിനിമാ പിന്നണിഗായകനും, രാഷ്ട്രീയ ബഹുമതികൾക്കർഹനുമായ ശ്രീയേശുദാസ് അവർകൾ ശബരിമല ക്ഷേത്രസന്നിധിയിൽ അയ്യപ്പനെ സ്തുതിച്ച് പാടിയതുകൊണ്ട് കേരളാ കത്തോലിക്കാ സഭ വിലക്കു കൽപിക്കുകയുണ്ടായി (Ex Communicate ചെയ്തു.) തന്റെ കുഞ്ഞിന് സഭ ജ്ഞാനസ്നാനം കൊടുക്കുവാൻ മറുത്തതുകൊണ്ട് കോയമ്പത്തൂർ കത്തോലിക്കാ സഭയിൽ ഒരു വലിയ തുക കൊടുത്ത് അംഗത്വം നേടി. ചില മാസങ്ങൾക്കകം തന്റെ കുഞ്ഞിന് ജ്ഞാനസ്നാനം കൊടുക്കുവാൻ സഭയിലെ അച്ചന് അപേക്ഷ സമർപ്പിച്ചു.

'ഞാൻ ഇനി ശബരിമല അയ്യപ്പനെ സ്തുതിച്ച് പാടുകയില്ല എന്നും നേരത്തേ പാടിയതിന് പാപക്ഷമ വേണമെന്നും അപേക്ഷ സമർപ്പിച്ചാൽ ജ്ഞാനസ്നാനം കൊടുക്കും' എന്ന് അറിയിക്കപ്പെടുകയുണ്ടായി.

ഡോക്ടർ യേശുദാസ് തന്റെ പ്രവൃത്തിക്ക് മാപ്പും അപേക്ഷിച്ചില്ല. ജ്ഞാനസ്നാനവും കൊടുത്തില്ല. തുടർന്ന് ഹിന്ദുദൈവങ്ങളെ പുകഴ്ത്തി പാടിയ ആൽബം പുറത്തിറക്കി **'ഞാൻ ക്രിസ്ത്യാനി'** എന്ന് വിളിക്കപ്പെടുവാൻ താല്പര്യപ്പെടുന്നില്ല എന്നു പറഞ്ഞു.

കത്തോലിക്കാ സഭയിലെ ഇപ്രകാരമുള്ള നല്ല വ്യവസ്ഥകൾ, ക്രമീകരണങ്ങൾ എല്ലാ ക്രിസ്തീയസഭകളും അനുകരിക്കേണ്ടതാണ്.

* ഗോവ നിയമസഭയിൽ ശ്രീമാൻ ഡിസൂസ അറിയിച്ചതുപോലെ ഗോവ ബി.ജെ.പി തലവനും സഹകരണവകുപ്പ് മന്ത്രി ശ്രീ. ദീപക് താവ്‌ലികർ, പ്രധാനമന്ത്രി ശ്രീ മോദി അവർകളുടെ ഭരണത്തിൽ **"ഇന്ത്യാദേശം ഹിന്ദുദേശം ആയിമാറും"** എന്നു പ്രഖ്യാപിക്കുകയുണ്ടായി.

ബി.ജെ.പി പ്രധാനമന്ത്രി ശ്രീ.മോദി അവർകളെ രാഷ്ട്രീയഭേദമെന്യേ ഒന്നായി പിൻതുണച്ചാൽ അതിവേഗത്തിൽ ലോകഭൂപടത്തിൽ ഇന്ത്യ ഹിന്ദുദേശമായി എഴുതപ്പെടും എന്നു പറയുന്നത് തീർത്തും എതിർക്കേണ്ട ഗുരുതരമായ പ്രശ്നമാണ്.

ഇന്ത്യയുടെ സമാധാനം നശിപ്പിക്കത്തക്കവിധം ഇവർ ഇരുവരും പറഞ്ഞത് രാജ്യത്തിലാകമാനം ചർച്ചാ വിഷയമായി തീർന്നിരിക്കുന്നു.

ഇതിനെക്കുറിച്ച് ശ്രീ.മോദി അവർകൾ മൗനമായി ഇരിക്കുവാൻ പാടില്ല. തന്റെ അഭിപ്രായവും, എതിർപ്പും പ്രകടമായി അറിയിക്കണം എന്നത് ഇന്ത്യ മുഴുവൻ പ്രതീക്ഷിക്കുന്നു.

മാധ്യമപ്രവർത്തകർ അഭിപ്രായപ്പെടുന്നത് - ഇന്ത്യയിലെ ആരെങ്കിലും ശ്രീ.മോദി സർക്കാരിനെ വിമർശിച്ചാലും ഭരണത്തെപ്പറ്റി അഭിപ്രായം പറഞ്ഞാലും ഉടനുടൻ തന്റെ ടിറ്ററിൽ തന്റെ മറുപടി അറയിക്കുന്നതായ ശ്രീ.മോദി ഈ വിഷയത്തിൽ മൗനമായിരിക്കുന്നത് എന്തുകൊണ്ട്?

മേൽ കണ്ടതായ വിഗ്രഹദൈവം എന്നു കരുതപ്പെടുന്ന രൂപം പതിപ്പിച്ച 5 രൂപാ നാണയം. വിഗ്രഹാരാധന വെറുക്കുന്ന ക്രിസ്ത്യാനികളുടെ ആലയത്തിൽ കാണിയ്ക്കയായി സമർപ്പിക്കുന്നതെങ്ങനെ? നമ്മുടെ ദൈവം ആ കാണിക്ക സ്വീകരിക്കുമോ?

ജാമക്കാരൻ വായനക്കാർ ബാങ്കിൽ നിന്നോ, ചില്ലറ മാറുമ്പോഴോ ഇങ്ങനെയുള്ള 5 രൂപാ നാണയങ്ങൾ കഴിയുന്നതും വാങ്ങിക്കരുത്. ക്രിസ്ത്യാനികൾ ആരും തന്നെ ഇങ്ങനെയുള്ള 5 രൂപാ നാണയം ആലയത്തിൽ സമർപ്പിക്കരുത്. ദൈവം അതിനെ അനുഗ്രഹിക്കയില്ല.

ഇന്ത്യയിലെ നാണയങ്ങളിലെ, കറൻസി നോട്ടുകളിലോ, ഒരു ദൈവത്തിന്റെ രൂപവും ചിത്രീകരിക്കരുത് എന്ന് എല്ലാ മതസ്ഥരും തങ്ങളുടെ എതിർപ്പ് സർക്കാരിനെ അറിയിക്കേണ്ടതാണ്. പ്രത്യേകിച്ച് ക്രൈസ്തവരും, മുഹമ്മദീയരും, തങ്ങളുടെ എതിർപ്പ് ഭരണകൂടത്തെയും, പ്രധാനമന്ത്രിയെയും, രാഷ്ട്രപതിയെയും എഴുതി അറിയിക്കേണ്ടതാണ്.

ക്രൈസ്തവർ അവരവരുടെ പേരിൽ അവരവരുടേതായ സഭാനിർവ്വഹണ സമിതികളിൽ, സഭാകമ്മിറ്റിയുടെ രജിസ്റ്ററിൽ എഴുതി ബിഷപ്പ് അവർകളുടെ എതിർപ്പും രേഖപ്പെടുത്തി സിനാഡ് മുഖേന ഇന്ത്യാ ഗവണ്മെന്റിനെയും എല്ലാ വാർത്താ മാധ്യമങ്ങളെയും അറിയിക്കണം.

ഇതിൽ നാം വീഴ്ച വരുത്തിയാൽ നാം ഉപയോഗിക്കുന്നതായ ഇന്ത്യൻ കറൻസികളിൽ ഹിന്ദുമതത്തിലെ മുപ്പത്തിമുക്കോടി ദൈവങ്ങളുടെ ചിത്രങ്ങളും ഓരോന്നായി റിസർവ്വ് ബാങ്ക് പുറത്തിറക്കും.

അമേരിക്കൻ പ്രസിഡന്റ് ഒബാമ-ഹനുമാന്റെ വിഗ്രഹം തന്റെ പോക്കറ്റിൽ കൊണ്ടു നടക്കുന്നതുപോലെ നാം ഓരോരുത്തരും പല ഹിന്ദുദൈവങ്ങളെയും പോക്കറ്റിലും, പഴ്സുകളിലും ചുമന്നുകൊണ്ട് സുവിശേഷം അറിയിയ്ക്കുവാനും ട്രാക്റ്റുകൾ വിതരണം ചെയ്യുവാനും പോകേണ്ടിവരും. ഹനുമാനെയും ദുർഗ്ഗാദേവിയെയും മുരുകനെയും കറൻസി നോട്ടുകൾ കൈമാറ്റം ചെയ്യുന്നതിലൂടെ **വിഗ്രഹദൈവങ്ങളെ** നാമും അംഗീകരിക്കുന്നവർ ആയിത്തീരും.

## ബി.ജെ..പി ഭരണത്തിൽ കോടതി ഇടപെടുന്നു

ഇന്ത്യയിൽ ഇതുവരെയും ജഡ്ജിമാരടങ്ങിയ Collegium ആണ് ജഡ്ജിമാരെ നിയമിച്ചിരുന്നത്. ഈ നിയമനരീതി മാറ്റുന്നതിനായുള്ള ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു ഐക്യകണ്ഠേന 2014 ആഗസ്റ്റ് 12-ാം തീയതി പാസ്സാക്കപ്പെട്ടു. ജഡ്ജിമാരെ സുപ്രീംകോടതി Collegium നിയമിക്കുന്ന രീതി നിർത്തിയിട്ട് രാഷ്ട്രീയതർ ഉൾപ്പെട്ട ആറുപേർ ഉൾക്കൊണ്ട സമിതി സുപ്രീംകോടതി ഹൈക്കോടതി വരെയുള്ള ജഡ്ജിമാരെ നിയമിക്കുന്നത് ഈ സമിതിയാണ് ഇതിന്റെ പിന്നിൽ ഒരു ആപത്ത് ഉണ്ട്. നിയമനസമിതിയിൽ ജനസമ്മിതിയുള്ള രണ്ടുപേർ ഈ സമിതിയിൽ ഉണ്ടായിരിക്കണം എന്നുണ്ട്. ആ രണ്ടുപേർ ബി.ജെ.പി പാർട്ടിയിലുള്ളവരായിരിക്കുവാൻ സാധ്യതയുണ്ട്. അപ്രകാരം രാഷ്ട്രീയക്കാർക്ക് ജഡ്ജിമാരെ നിയമിക്കുവാനുള്ള അധികാരം ലഭിക്കുകയാണെങ്കിൽ ഹൈക്കോടതിയിലും, സുപ്രീംകോടതിയിലും ജഡ്ജിമാരുടെ പദവിക്കായി ശുപാർശയുമായി വൻതുക നൽകി രാഷ്ട്രീയക്കാർ സ്വാധീനിക്കാൻ വഴിയുണ്ട്. ഈ സ്ഥിതി ഉണ്ടായാൽ ജഡ്ജി പദവി എന്നത് കോടികൾ വിലയുള്ള വിൽപന വസ്തുവായി മാറുവാൻ സാധ്യതയുണ്ട്. തൻമൂലം കോടതിയിൽ വരുന്ന വ്യവഹാരങ്ങളുടെ വിധിപ്രസ്താവന - സംശയാസ്പദമായി മാറും.

ഇപ്രകാരമുള്ള തിരഞ്ഞെടുപ്പ് സമിതിയിൽ ഉള്ള രണ്ടുപേർ എതിർത്താൽ ജഡ്ജിയുടെ നിയമനം - അസാധുവായിത്തീരും. ഇപ്രകാരമുള്ള ആപത്തായ സ്ഥിതിയിൽ ജഡ്ജിമാർ നിയമിക്കപ്പെട്ടാൽ ശ്രീ.മോദി അവർകൾ സർവ്വാധികാരി ആയിത്തീരുവാൻ സാധ്യതയുണ്ട്. അയൽരാജ്യമായ ശ്രീലങ്കയിൽ ശ്രീ. രാജപക്ഷേ അവർകൾക്ക് ഭൂരിപക്ഷം ലഭിച്ചതുകൊണ്ട് സർവ്വാധികാരിയായിത്തന്നെ മാറിയിരിക്കുന്നു. അതുകൊണ്ട് ശ്രീലങ്കൻ പ്രസിഡന്റ് ശ്രീ രാജപക്ഷേ അവർകൾ ശ്രീലങ്കൻ സുപ്രീംകോടതി വ്യവഹാരത്തിൽ ഇടപെട്ട് സുപ്രീംകോടതിയിലെ വനിതാ ജഡ്ജിയെ ഡിസ്മിസ് ചെയ്ത വിവരം നാം പത്രവാർത്ത മുഖേന അറിഞ്ഞുവല്ലോ. ലോകരാഷ്ട്രങ്ങൾ ഈ നടപടിയെ അപലപിച്ചിട്ടും ശ്രീ രാജപക്ഷേ ചെവിക്കൊണ്ടില്ല. ഈ സ്ഥിതി ഇന്ത്യയിൽ ഉണ്ടായാൽ കോടതിയുടെ മേലുള്ള വിശ്വാസം, (Supreme Authority) ആധികാരികത എല്ലാം ബാധിക്കപ്പെടും. ഈ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ബി.ജെ.പി ഭരണത്തിൻ കീഴ് കോടതികൊണ്ടു വരുവാൻ ശ്രമിക്കുന്നതായി പറയപ്പെടുന്നു.

# വിദ്യാലയങ്ങളിൽ ഗീതാപഠനം

തിരുവനന്തപുരം: 2014 ആഗസ്റ്റ് 7 ആർ.എസ്.എസ് സംഘടനയിലെ മുതിർന്ന നേതാക്കളിൽ ഒരാളായ ശ്രീ.പരമേശ്വരൻ വിദ്യാലയങ്ങളിൽ കുട്ടികളെ ഹിന്ദുമത ഗ്രന്ഥമായ ഭഗവത്ഗീത പഠിപ്പിക്കുന്നത് ഇന്ത്യൻ ഭരണഘടന പ്രകാരം തെറ്റല്ല എന്നും അടുത്തകാലത്ത് പ്രസിദ്ധീകരിച്ച് ഭരണഘടനാ നിയമപുസ്തകത്തിന്റെ പുറംചട്ടയിൽ ഗീതോപദേശം സംബന്ധിച്ച ചിത്രമാണ് അച്ചടിച്ചിട്ടുള്ളത് എന്നും പറയുകയുണ്ടായി.

സുപ്രീംകോടതിയിലെ ജഡ്ജിയായ ശ്രീ.എ.ആർ.ധാവേ അവർകളും ചില ദിവസങ്ങൾക്കുമുമ്പ് പറഞ്ഞത്: ഭാരതത്തിലെ വിദ്യാർത്ഥികൾക്ക് മാതാപിതാക്കളും, അദ്ധ്യാപകരും, മഹാഭാരതവും, ഭഗവത്ഗീതയും പഠിപ്പിക്കത്തക്ക രീതിയിൽ വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളിൽ അവ നിർബന്ധ വിഷയമാക്കണം. ആർ.എസ്.എസ് സംഘടനയുടെ ഉപവിഭാഗമായ **ഭാരതീയ വിചാര കേന്ദ്ര**ത്തിന്റെ ഡയറക്ടർ അവർകൾ ഭഗവത്ഗീത മതഗ്രന്ഥമല്ല എന്നും അത് ആത്മീകവും, തത്ത്വങ്ങളും പ്രബോധിപ്പിക്കുന്ന ഒരു ഗ്രന്ഥമാണ്. അതുകൊണ്ട് അതിനെ ഇന്ത്യയുടെ **ദേശീയ ഗ്രന്ഥമായി** അംഗീകരിച്ച് പ്രഖ്യാപിക്കണം എന്നു പറയുകയുണ്ടായി. കൂടാതെ ഇപ്പോഴുള്ള പുതിയ ബി.ജെ.പി സർക്കാരിന്റെ ഭരണഘടന തന്നേ 'ഗീത' യ്ക്ക് അംഗീകാരവും പ്രചരണവും നൽകിയിട്ടുണ്ട്. ഇതിനെ ഭരണഘടനാ ലംഘനം എന്ന് ആരും പറയരുത് എന്നും പറഞ്ഞിരിക്കുന്നു.

## പ്രധാനമന്ത്രി മോദിയും – ഭഗവത്ഗീത സമ്മാനവും



2014 സെപ്റ്റംബർ മാസം 3-ാം തീയതി നമ്മുടെ പ്രധാനമന്ത്രി ശ്രീ.മോദി അവർകൾ ജപ്പാൻ സന്ദർനം കഴിഞ്ഞ് മടങ്ങിയപ്പോൾ ജപ്പാനിലെ പ്രധാനമന്ത്രിയ്ക്ക് ഇന്ത്യയുടെ ഉപഹാരമായി ഹിന്ദുമതഗ്രന്ഥമായ ഗീത സമ്മാനിക്കുകയുണ്ടായി. പൊതുവായി നമ്മുടെ രാജ്യത്തിന്റെ കലാ, സാംസ്കാരിക പ്രതീകമായ ഏതെങ്കിലും വസ്തുക്കളാണ് വിദേശങ്ങളിലെ രാഷ്ട്രീയതലവന്മാർക്ക് സമ്മാനിക്കാറുള്ളത്. പക്ഷേ ഇന്ത്യയുടെ പ്രധാനമന്ത്രി ഹിന്ദുമതഗ്രന്ഥം രാഷ്ട്രീയ ഉപഹാരമായി നൽകിയത് ശരിയല്ല എന്ന് പല രാഷ്ട്രീയ നേതാക്കന്മാരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ശ്രീ മോദി അവർകളുടെ ഉള്ളിൽ ഹിന്ദുമത തീഷ്ണത എത്ര അധികം തീവ്രമാണ് എന്നു ശ്രിദ്ധിക്കുക.

# Bro.D.G.S.DINAKARAN AND SRI SANKARACHARIYAR

നമ്മുടെ ക്രൈസ്തവ ലോകത്തിൽ പ്രബല പ്രസംഗികനായ പരേതനായ ഡി.ജി.എസ് ദിനകരനും അദ്ദേഹത്തിന്റെ മകൻ പോൾ ദിനകരനും ഹിന്ദുമതാചാര്യൻ ശ്രീ ശങ്കരാചാര്യർക്ക്



ഹിന്ദുമത വിഗ്രഹങ്ങൾക്ക് പൂജയർപ്പിക്കുവാൻ (Portable) കയ്യിൽ കൊണ്ടു നടക്കാവുന്ന വിധത്തിൽ വെള്ളിയിൽ തീർത്ത പൂജാ ഉപകരണങ്ങൾ പാരിതോഷികം നൽകിയത് എത്ര ലജ്ജാവഹമാണ്.

ബൈബിൾ, സുവിശേഷ പ്രതികൾ എന്നിവ നൽകേണ്ടുന്നതായ ക്രിസ്തീയവേലക്കാർ 'കാരുണ്യാ കോളേജിനെ' ഉന്നത വിദ്യാപീഠമാക്കുവാൻ, ശ്രീ ശങ്കരാചാര്യരുടെ ശുപാർശക്കായി അദ്ദേഹത്തിനെ പ്രീതിപ്പെടുത്തുവാൻ പൂജാ ഉപകരണങ്ങൾ നൽകാമോ? ദൈവകോപം ശ്രീ ദിനകരന്റെ കുടുംബത്തിന്മേൽ ഉണ്ടാകയില്ലേ.

സഹോ.ദിനകരന്റെ ശിഷ്യൻ നാലുമാവടി മോഹൻ.സി.ലാസറസ് അവർകൾ ഞാൻ ജാമക്കാരനിൽ ഛായാചിത്രത്തോടെ പ്രസിദ്ധീകരിച്ച ഈ സംഭവം വ്യാജമാണെന്ന് സഹോ.ദിനകരൻ വ്യക്തിപരമായി തന്നോട് പറഞ്ഞതായും ശ്രീ ശങ്കരാചാര്യർക്ക് നൽകിയത് പൂജാ ഉപകരണങ്ങൾ അല്ല എന്നു മനോവേദനയോടെ പ്രസ്താവിച്ചതായും ജാമക്കാരൻ വ്യാജം പറഞ്ഞ് അദ്ദേഹത്തിന്റെ മേൽ ചെളിവാരിയെറിഞ്ഞ് സന്തോഷിക്കുന്നതാണെന്ന് ടെലിവിഷൻ ചാനലിൽ പറയുകയുണ്ടായി.

ഇന്ത്യൻ പ്രധാനമന്ത്രി ഹിന്ദുമതത്തിന്റെ തീവ്രഭക്തനായി ഭഗവത്ഗീതയെ വിദേശത്തിലെ രാഷ്ട്രതലവനു നൽകിയ മതതീഷ്ണത എവിടെ? ഓരോ വാക്കും ക്രിസ്തുവിനെപ്പറ്റി പറഞ്ഞും, കൂടെ കൂടെ സ്വർഗ്ഗരാജ്യത്തിൽ പോയി യേശുവിനെ കണ്ടതായും പറയുന്ന സഹോ.ദിനകരൻ ഹിന്ദുമത പൂജാ ഉപകരണങ്ങൾ ശങ്കരാചാര്യർക്ക് നൽകിയ സഹോ.ദിനകരന്റെ ക്രൈസ്തവ തീഷ്ണതയും എവിടെ? ഇവരൊക്കെയും എതിർ കിസ്തുവിന്റെ കാലത്ത് എതിർ കിസ്തുവിനെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി എതിർ ക്രിസ്തുവാണ് സത്യദൈവം എന്നു ക്രൈസ്തവ സഭകളെയും

തന്റെ യോഗങ്ങളിൽ നേതൃത്വം വഹിക്കുന്നതായ ബിഷപ്പുമാരെയും ദൈവം തന്നോട് പറഞ്ഞതായി അറിയിച്ചാൽ അതിശയമില്ല.

# ഞാൻ പ്രാർത്ഥിച്ചത് സംഭവിച്ചു - മോഹൻ.സി.ലാസറസ് പറയുന്നു



നാലുമാവടി സഹോ.മോഹൻ.സി.ലാസറസ് അവർകൾ 2014 ആഗസ്റ്റ് 17-ാം തീയതി ടി.വി. പ്രക്ഷേപണത്തിൽ പറഞ്ഞത് : നാം പ്രാർത്ഥിച്ചതുപോലെ തന്നെ നല്ല പ്രധാനമന്ത്രിയെ നമുക്കു ലഭിച്ചു. ശ്രീ. മോദി അവർകളുടെ നേതൃത്വത്തിൽ ബി.ജെ.പി സർക്കാർ മൂലം ദൈവം ഭാരതത്തിന് അഭിവൃദ്ധി നൽകും.

എല്ലാവിധ ഭരണവും ദൈവത്താൽ നിയമിക്കപ്പെടുന്നു. നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകിയതിനായി നമുക്കു ദൈവത്തെ സ്തുതിക്കാം. മോഹൻ.സി.ലാസറസിന്റെ പ്രാർത്ഥനാ ഫലമാണ് മുകളിലും താഴെയും നിങ്ങൾ വായിച്ചതും വായിക്കുവാൻ പോകുന്നതുമായി വാർത്തകൾ.

ന്യൂഡൽഹി 2014 ആഗസ്റ്റ് 14-ാം തീയതി - വാർത്താകുറിപ്പ്

ബി.ജെ.പി സർക്കാർ ശ്രീ.മോദി അവർകളുടെ നേതൃത്വത്തിൽ ഭരണം ഏറ്റെടുത്ത കഴിഞ്ഞ 100 ദിനങ്ങളിൽ 308 വർഗ്ഗീയ കലാപങ്ങൾ നടന്നിട്ടുണ്ട് എന്ന് പാർലമെന്റിൽ ആഭ്യന്തരസഹമന്ത്രി ശ്രീ.കിരൺ-റി-ജുജു (Kiran Re-JuJu) അറിയിക്കുകയുണ്ടായി. രാജ്യത്തൊട്ടാകെ കഴിഞ്ഞ 6 മാസങ്ങളിൽ 308 വർഗ്ഗീയകലാപങ്ങൾ നടന്നു.

ഉത്തർപ്രദേശത്തിൽ 56 വർഗ്ഗീയ കലാപസംഭവങ്ങൾ
മഹാരാഷ്ട്ര 51 ”
കർണ്ണാടകം 44 ”
രാജസ്ഥാനിൽ 33 ”
ബീഹാറിൽ 32 ”
ഗുജറാത്തിൽ വീണ്ടും 26 ”

മറ്റു സംസ്ഥാനങ്ങളിൽ ചില സ്ഥലങ്ങളിൽ വർഗ്ഗീയകലാപങ്ങൾ നടന്നിട്ടുണ്ട്. ഇത് ഔദ്യോഗികമായ കണക്കാണ്.

ഗവൺമെന്റിന്റെ കണക്കിൽ ഉൾപ്പെടാത്ത ധാരാളം വർഗ്ഗീയ കലാപങ്ങൾ ഇന്ത്യയിൽ നടക്കുന്നുണ്ട്.

ബി.ജെ.പി ഗവണ്മെന്റ് ബഹുഭൂരിപക്ഷത്തോടെ ശ്രീ.മോദി അവർകളുടെ നേതൃത്വത്തിൽ ജയിച്ചതായി അറിഞ്ഞ ഉടൻ തന്നേ ആർ.എസ്.എസ് ബജ്റംഗ്ദൾ, ശിവസേന മുതലായവ ബി.ജെ.പി പാർട്ടി, കെട്ടഴിച്ചുവിട്ടതുപോലെ അവിടവിടെയായി വർഗ്ഗീയകലാപങ്ങളിൽ തദ്ദേശീയ പോലീസിന്റെ സഹായത്തോടെ ഹിന്ദുമതസ്ഥരല്ലാത്തവരെ ഉപദ്രവിക്കുകയും വളരെധൈര്യത്തോടെ വർഗ്ഗീയ കലാപങ്ങൾ ഉണ്ടാക്കുവാനും തുടങ്ങി എന്ന വാർത്ത ബി.ജെ.പി പ്രധാനമന്ത്രിയായി ശ്രീ.മോദി അവർകൾ സത്യപ്രതിജ്ഞ ചടങ്ങ് തീരുന്നതിനു മുന്നമേ പ്രചരിക്കുവാൻ തുടങ്ങിയതുകൊണ്ട് ഹിന്ദുമതസ്ഥർ അല്ലാത്തവർ വളരെ ഭീതിക്കടിമപ്പെട്ടു കഴിയുന്നു.

സംസ്ഥാനങ്ങളിൽ വർഗ്ഗീയ കലാപങ്ങളെക്കുറിച്ച് ആഭ്യന്തരമന്ത്രി തന്നെ നേരിട്ടറിച്ചിട്ടും പ്രധാനമന്ത്രി ശ്രീ.മോദി അവർകൾ അതിനെതിരായി നടപടി എടുത്തതായോ തന്റെ പാർട്ടി അണികളെയോ, ആർ.എസ്.എസ് സംഘടനാ നേതൃത്വത്തെയോ, ശാസിച്ചതായോ അറിവില്ല. താൻ ഭരണം നടത്തിയ ഗുജറാത്തിൽ വർഗ്ഗീയ കലാപം നടന്ന 3 ദിവസം കഴിഞ്ഞിട്ടും, ഒരു നടപടിയും സ്വീകരിക്കാതെ മൗനമായിരുന്നതുപോലെ ഇപ്പോഴും മൗനം പാലിക്കുന്നു.

വർഗ്ഗീയ കലാപത്താൽ ദുരിതം അനുഭവിക്കുന്ന ഹിന്ദുമതസ്ഥർ അല്ലാത്തവരോട് കുറഞ്ഞപക്ഷം തന്റെ ഖേദം എങ്കിലും ശ്രീ.മോദി അവർകൾ അറിയിക്കേണ്ടിയിരിക്കുന്നു. നാളുകൾ കഴിയും തോറും ഇനി എന്തൊക്കെയാണോ പുതിയ നിയമങ്ങൾ ഇറങ്ങുന്നത്? പുതിയ പ്രശ്നങ്ങൾ തീർച്ചയായും പുതിയ വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകുവാൻ സാധ്യത ഉണ്ട്.

തമിഴ്നാട് അഭിവൃദ്ധി പ്രാപിക്കും സുഭീക്ഷത ഉണ്ടാകും എന്ന് മോഹൻ.സി.ലാസറസ് വർഷാന്ത്യ പ്രവചനം പറഞ്ഞതിനെ തുടർന്ന് തമിഴ്നാട്ടിൽ സംഭവിച്ചത് മേൽ വായിച്ച പ്രകാരം വർഗ്ഗീയ കലാപങ്ങൾ. തമിഴ്നാട്ടിലെ എല്ലാ ക്രിസ്ത്യാനികൾക്കുമറിയാം. എന്നിട്ടും മോഹൻ.സി.ലാസറസിന്റെ പ്രവചനം സത്യമാണെന്ന് ജനങ്ങൾ ഇപ്പോഴും വിശ്വസിക്കുന്നു എന്നത് ആശ്ചര്യം തന്നെ.

ശ്രീ.മോദി അവർകൾ സാമ്പത്തിക മുന്നേറ്റം ഉണ്ടാക്കുവാൻ വേണ്ടി വിദേശരാജ്യത്തിലെ കമ്പനികളെയും, വ്യവസായ പ്രമുഖരെയും, ഇന്ത്യയിൽ വ്യവസായം തുടങ്ങുന്നതിലേക്കായി ക്ഷണിച്ചു. വൈദ്യതി, ജലം, കൽക്കരി ഇവ ഒക്കെയും വേഗത്തിൽ കമ്പനികൾക്ക് ലഭിക്കുവാൻ വേണ്ടതായ നടപടി ക്രമങ്ങൾ ഉണ്ടാക്കും, നികുതി ഇളവും നൽകും എന്ന് സ്വാതന്ത്ര്യദിന സന്ദേശത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതൊന്നും നമുക്ക് പ്രശ്നമല്ല. ശ്രീ മോദി അവർകളുടെ ഭരണം കോൺഗ്രസ്സ് ഭരണത്തേക്കാൾ മികച്ചതായി ഭൂരിപക്ഷം പേർ അഭിപ്രായപ്പെടുന്നുണ്ട്. അതു ശരിയായിരിക്കാം. പക്ഷേ മതസംബന്ധമായി ഉള്ള പ്രശ്നങ്ങളിൽ ശ്രീ.മോദി അവർകളുടെ നിലപാട് എന്താണ്? ഇപ്പോൾ നടക്കുന്നതായി വർഗ്ഗീയ കലാപങ്ങളിൽ എന്തു തീരുമാനമാണ് എടുക്കുന്നത് എന്നതാണ് പ്രധാനം. രാജ്യത്തിന്റെ സമാധാനം ഇപ്പോൾ വർഗ്ഗീയതയിലാണ് അടങ്ങിയിരിക്കുന്നത്. ഭാവിയ്ല ഇന്ത്യ എങ്ങനെയായിരിക്കും എന്നത് അടുത്ത പേജിൽ കാണുന്ന ഛായാചിത്രങ്ങളും,



മതംമാറ്റിയ വാർത്തകളും വെളിപ്പെടുത്തും. യു.പിയിൽ 4000 ക്രിസ്ത്യാനികളും മറ്റു മതങ്ങളിലെ ചിലരും ഹിന്ദുമതത്തിലേക്കു മാറ്റപ്പെട്ടു. (വാർത്ത ഹിന്ദു 1 സെപ്റ്റംബർ 2014).

മേൽപറഞ്ഞ വിവരം ആർ.എസ്.എസ് പോലുള്ള ഹിന്ദുസംഘടനയായ ബജ്റംഗംദൾ അറിയിച്ചതാണ്.

ഡൽഹിക്കു സമീപം - പടിഞ്ഞാറു ഭാഗത്തായുള്ള ഒരു ഗ്രാമത്തിൽ **"വാൽമീകി"** എന്ന ഒരു പ്രത്യേക സമുദായക്കാരെ (നേരത്തേ ക്രിസ്ത്യാനികളായിരുന്നവരെ) ആർ.എസ്.എസ് ഹിന്ദുമത തീവ്രവാദ വിഭാഗത്തിലുൾപ്പെട്ട ജാഗരൺ സമിതി എന്ന സംഘടന, ഇവരെ പലവിധത്തിലുള്ള സാമ്പത്തിക സഹായം നൽകി, ഹിന്ദുമതത്തിലേക്കു മാറ്റുവാൻ ശ്രമിച്ചുവരുന്നു. ബജ്റംഗ് ദൾ ഉൾപ്പെടെ പല ഹിന്ദുമത സംഘടനകളും, ഇവർക്ക് ധാരാളമായി സാമ്പത്തിക സഹായം നൽകി. ക്രിസ്തീയസംഘടനകളിൽ നിന്ന് ഈ വിഭാഗക്കാർക്ക് നേരത്തേ ലഭിച്ചുവരുന്ന സഹായങ്ങൾ ലഭിക്കാത്തതുകൊണ്ട് ഇവർ ആർ.എസ്.എസ് സംഘടനയെ സമീപിക്കുകയും ഞങ്ങൾ സഹായിക്കുകയും ഹിന്ദുമതത്തിലുൾപ്പെട്ട അവരെ വീണ്ടും ഹിന്ദുമതത്തിലേക്ക് മാറ്റുകയും ചെയ്യുന്നു. ഈ പ്രത്യേക ഗ്രാമങ്ങളിൽ മാത്രം ഏകദേശം 4000 പേരെ ഹിന്ദുമതത്തിലേക്ക മാറ്റിയിരിക്കുന്നു.

അലിഗറിൽ ഇഗ്ലാസ് എന്ന സ്ഥലത്തിൽ അസ്റോയ് എന്ന ഗ്രാമത്തിൽ മാത്രം വാൽമീകി സമുദായത്തിലുള്ള 23 കുടുംബങ്ങളെ ഹിന്ദുമതത്തിലേക്ക് മാറ്റി. ഇവരൊക്കെയും സെവന്ത്ഡേ അഡ്വന്റിസ്സ് സഭാവിഭാഗത്തിലുള്ള ക്രിസ്ത്യാനികളായിരുന്നു. 2014 ആഗസ്റ്റ് മാസം ചൊവ്വാഴ്ച ദിവസം ഇവരെല്ലാം ഹിന്ദുമത്തിലേയ്ക്കു മാറ്റപ്പെട്ടു. ഇതുവരെ അവർ ആരാധന നടത്തിവന്നിരുന്ന ക്രൈസ്തവ ദൈവാലയം ഹൈന്ദവക്ഷേത്രമായി ആചാരാനുഷ്ഠാനങ്ങളോടു കൂടെ മാറ്റുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. വേറെ ചില സ്ഥലങ്ങളിൽ ഉള്ള (church) ക്രൈസ്തവ വൈലയങ്ങൾ - സ്കൂളുകളായി മാറ്റിക്കഴിഞ്ഞു.

അലിഗറിൽ മാത്രം 700 (എഴുനൂറ്) ക്രൈസ്തവർ ഹിന്ദുമതത്തിലേക്ക് മാറ്റപ്പെട്ടു. മേൽക്കാണുന്ന ഛായാചിത്രം **അലിഗറിൽ നടന്ന മതംമാറ്റൽ** ചടങ്ങിന്റേതാണ്.

ഇതുപോലെ **ഹാത്താസിൽ** ഉള്ള കേശവ്പൂർ എന്ന സ്ഥലത്ത് 1500 പേരും കിഷ് കന്ധരാ-യിൽ ജിരോഹി എന്ന സ്ഥലത്ത് 1600 പേരും ഹിന്ദുമതത്തിലേക്ക് മാറ്റപ്പെട്ടു.

വടക്കേ ഇന്ത്യയിൽ പല സ്ഥലങ്ങളിൽ ഹിന്ദുമതത്തിലേക്ക് മാറുവാൻ വിസമ്മതിച്ച ക്രൈസ്തവർക്ക് **റേഷൻകാർഡ്**ുണ്ടായിട്ടും - റേഷൻ സാധനങ്ങൾ നൽകുന്നില്ല. കുടിക്കുവാനുള്ള ജലം ശേഖരിക്കുവാൻ അനുവദിക്കുന്നില്ല. തന്മൂലം ക്രിസ്ത്യാനികൾ ഏകദേശം 9 മൈൽ ദൂരം നടന്നു തലച്ചുവടായി മൂന്നു കുടങ്ങളിൽ വെള്ളം കൊണ്ടു വരുന്നു. പോലീസ് തഹസിൽദാരിനോട് അപേക്ഷിച്ചിട്ടും നടപടി ഒന്നും ആയില്ല. പക്ഷേ ആ ആദിവാസി ക്രൈസ്തവ ഗ്രാമീണർ നിർബന്ധബുദ്ധിയോടെ വളരെ ദൂരം യാത്രചെയ്ത് ഭക്ഷണപദാർത്ഥങ്ങൾ അമിതവില നൽകി വാങ്ങി വരുന്നു.

എതീർ കിസ്തുവിന്റെ ഭരണകാലത്ത് അനുഭവിക്കേണ്ടി വരുന്നതായ കഷ്ടങ്ങൾ ഇപ്പോഴുള്ള ദരിദ്രരായ ക്രൈസ്തവർ വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിൽ അനുഭവിച്ചുവരുന്നു.

ബി.ജെ.പി ഭരണത്തിന്റെ ആരംഭം ഇപ്രകാരമാണെങ്കിൽ ഇനിയുള്ള ഭരണകാലം മതപരമായി വളരെ കൊടിയതായിരിക്കുമെന്നുള്ളതിന് സംശയമില്ല.

# മഹാരാഷ്ട്രത്തിൽ ഹിന്ദുമത്തിലേയ്ക്ക് മാറ്റം

മഹാരാഷ്ട്ര സംസ്ഥാനത്തിലുൾപ്പെട്ടതായ മുംബൈയിൽ സ്വാമി നരേന്ദ്ര മഹാരാജ് എന്ന വ്യക്തിയുടെ പരിശ്രമഫലമായി 6000 ക്രൈസ്തവർ ഹിന്ദുമതത്തിലേക്ക് മാറ്റപ്പെട്ടു. ഈ മതംമാറ്റ പ്രക്രിയ മുംബൈയ്ക്ക് സമീപം ‘താനെ’ എന്ന സ്ഥലത്തിൽ സംഭവിച്ചു. ക്രൈസ്തവസംഘടനകൾ വർഷാന്ത്യ യോഗങ്ങളിൽ ലക്ഷ്യമിടുന്നതുപോലെ ഈ വർഷത്തിൽ 1 ലക്ഷം ക്രിസ്ത്യാനികളെ ഹിന്ദുക്കളാക്കി മാറ്റും എന്ന് വെല്ലുവിളിച്ചിട്ടുണ്ട്. ഇന്ത്യ ദേശത്തിനായി ദിനംതോറും നമുക്ക് പ്രാർത്ഥിക്കാം.





# MY 2014 YEAR MEETINGS:

**2014 OCTOBER**

24 to 26 MADURAI CSI DIOCESE ALL SAINTS CSI CHURCH - (SATHIYAVASANAM) - MADURAI - Rev.EBENEZER- 9442094394

**2014 NOVEMBER**

14 to 16 MADURAI CSI DIOCESE - SIVAKASI CONVENTION - Rev.DHANABALAN -Cell.9360032909

22 to 25 ANGLICAN CHURCH- THANA(MUMBAI) - Rev.JEREMIAH - Cell. 9821184535

**2014 DECEMBER**

22 to 23 MADURAI & RAMNAD CSI DIOCESE - EZAHYIRAMPANNAI CSI CHURCH, -Ph.9629773405

28 to 30 KANYAKUMARI CSI DIOCESE - PORAMCODE CSI PASTORATE - 125 ANNIVESARY CONVENTION -Rev.BEEBIN - 9887186342

# E.C.I - ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ - നേതൃത്വത്തിൽ പ്രശ്നം യോഗ്യതയില്ലാത്ത അച്ചൻ - യോഗ്യതയില്ലാത്ത ബിഷപ്പു കമ്മിസറ്റി



ഇന്നു സി.എസ്.ഐ സഭകൾക്കു തുല്യമായി E.C.I ഇന്ത്യയിൽ കേരളത്തിൽ പ്രത്യേകമായി തമിഴ്നാട്ടിൽ വർദ്ധിച്ചു വരുന്നു. അതിന്റെ ഒരു കാരണം സി.എസ്.ഐ ലൂഥറൻ മാതിരിയുള്ള ഉപദേശങ്ങളെ ഡോക്ടറിൻ കൈക്കൊള്ളുന്നു. തമിഴ്നാട്ടിൽ സി.എസ്.ഐ അച്ചന്മാരെയും ECI സഭ അച്ചന്മാർ ആത്മീകത്തിലും സഭ വളർത്തി എടുക്കുന്നതിലും മുൻമാതിരിയായി പ്രവർത്തിക്കുന്നില്ല. ECI സഭയുടെ സ്ഥാപകൻ ബിഷപ്പ്. **Ezra sargunam** അവർകൾ ആകുന്നു. ഇദ്ദേഹം ശക്തിയേറിയ രാഷ്ട്രീയക്കാരൻ ആകുന്നു. തമിഴ്നാട്ടിലെ ഡി.എം.കെ എന്നു വിളിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ നേതാവായ ശ്രീ.കരുണാനിധി അവർകളുടെ വലങ്കൈ മാതിരിയാണ് ഇവർ.

പക്ഷെ ഇദ്ദേഹത്തിന്റെ സഭകളുടെ അച്ചന്മാരും ബിഷപ്പുമാരും രാഷ്ട്രീയത്തിൽ ബന്ധപ്പെടാതെ ആത്മീകമുള്ളവരായി പ്രവർത്തിക്കുന്നു. ഇന്ത്യ മുഴുവനും ഏകദേശം 6000 സഭകൾ കൂടുതലുണ്ട്. മദ്രാസ് തിയോളജിക്കൽ സെമിനാരി (M.T.C) എന്ന ബൈബിൾ കോളേജ് ഉണ്ട്. ഇവരുടെ പല സഭകളിലും കൺവൻഷനുകൾക്ക് ഞാൻ തിയതി കൊടുത്തു കഴിഞ്ഞു. ഇവരുടെ സഭയ്ക്കു ഏകദേശം 5 ബിഷപ്പുമാർ ഉണ്ട്.

## സഭയ്ക്കുള്ളിൽ പുതിയ പ്രശ്നം



Rev.Kathiroli

ദൈവവേലയ്ക്കു രണ്ട് പ്രധാന യോഗ്യതയുണ്ട്. 1. മാനസാന്തരം, 2. സാക്ഷ്യം. തിമോഥിയോസിനു പൗലോസ് ലേഖനം എഴുതുമ്പോൾ മല്ലന്മാർ തമ്മിൽ മത്സരം നടത്തുമ്പോൾ അതിന് ഒരു നിയമം ഉണ്ട്. നിയമം തെറ്റി മല്ലയുദ്ധം ചെയ്താൽ അവർക്കു സമ്മാനം ഇല്ല എന്ന് പൗലോസ് സൂചിപ്പിക്കുന്നു അതുപോലെ മണവാട്ടി - തിരുസഭയ്ക്ക് കൂടുതൽ നിയമങ്ങൾ ഉണ്ട്. സഭയെ തന്റെ ഇഷ്ടംപോലെ നടത്താൻ പാടില്ല.

വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിലാണ് സഭ നടക്കേണ്ടത്. അതുപോലെ സഭയെ നടത്തുന്ന ഇടയനു നിയമവും യോഗ്യതയും ഉണ്ട്.

യോഗ്യമില്ലാത്ത സ്ഥിതിയിൽ പെറ്റമ്മ നേർന്നതിനാലോ ഒരു ദൈവവേലക്കാരൻ പ്രവചനം പറഞ്ഞതുകൊണ്ടോ വൈദികസെമിനാരിയിൽ പഠിച്ചതുകൊണ്ടോ ദൈവവേല ചെയ്യാൻ പാടില്ല. മാനസാന്തരവും, ആത്മഭാരവും രഹസ്യപ്രാതനയിൽ ആത്മാക്കൾക്കായി ഭാരപ്പെട്ടു പ്രാർത്ഥിക്കുന്ന അനുഭവവും ഇരുന്നാൽ മാത്രമേ ദൈവവേല ചെയ്യാനുള്ള യോഗ്യത ലഭിക്കുകയുള്ളൂ.

# യോഗ്യതയില്ലാത്ത സ്ത്രീ ബിഷപ്പ് കമ്മിസിറി

ഇപ്പോൾ ECI സഭയുടെ പ്രശ്നം എന്തൊന്നു ചോദിച്ചാൽ, ബിഷപ്പ് എസ്രാ.സർഗ് ഗുണത്തിന്റെ മകളെ അച്ചനാക്കി. ബിഷപ്പ് കമ്മിസിറിയായും പദവി ഉയർത്തി മുഴുവൻ ECI സഭയേയും നിയന്ത്രിക്കുന്ന അധികാരം ലഭിച്ചിട്ടുണ്ട്. പ്രായുള്ള ബിഷപ്പുമാർ ഈ സഭ ഇരുന്നിട്ടും സഭ നിയന്ത്രിക്കുന്നതും പണ ഇടപാടുകൾ കൈകാര്യം ചെയ്യുന്നതും മകൾക്ക് ഏൽപിക്കാൻ പോകുന്നതായി അറിയപ്പെടുന്നു.

## പ്രശ്നത്തിന്റെ തീവ്രത

ബിഷപ്പു കമ്മിസറിയായ ബിഷപ്പു എസ്രാ സർഗ്ഗുണത്തിന്റെ മകൾ രണ്ടു പ്രാവശ്യം വിവാഹ മോചനം ലഭിച്ചവളാണ്. പക്ഷെ ജനങ്ങളാൽ പറയപ്പെടുന്ന കണക്കു കുറച്ചു കൂടുതലാണ്. ഈ സഭയിൽ നിന്ന് സഭ അച്ചന്മാരും ജനങ്ങളും ഈ വിവരങ്ങളെ എന്നോടു അറിയിച്ചു ഒരു നല്ല സഭയെ ഇങ്ങനെയുള്ള സ്ത്രീ നേതാവു കാരണം മലിനമാവുന്നു. അതു ഞങ്ങൾക്കും, ഞങ്ങളുടെ സഭ ജനങ്ങൾക്കും സങ്കടത്തെയും ഉണ്ടാകുന്നതു മാത്രമല്ല, സഭയിലുള്ള യുവാക്കൾക്കും, യുവാക്കളുടെ ഇടയിൽ സാക്ഷികൾ നഷ്ടപ്പെട്ടിരിക്കുന്നു. 'പൂച്ചയ്ക്ക് മണി കെട്ടുന്നത് ആര്?' എന്ന ചോദ്യത്തിലാണ് വിഷമിച്ച് ഡോക്ടർ ഇതിൽ ഇടപെടണം എന്ന് ഡോക്ടറോട് അറിയിക്കുന്നു. ഇവരെല്ലാം എന്നോടു അഭ്യർത്ഥിച്ചതുപോലെ ഈ വിഷയത്തിൽ ഞാൻ ഇടപെടുവാൻ എനിക്കു ആവശ്യമില്ല. എന്റെ വായനക്കാർക്ക് ആലോചനയായിട്ട് ഇതു വായിക്കുന്ന നേതാക്കൾക്കും സഭയിൽ വിശുദ്ധീകരിക്കാൻ ആലോചനയായി എഴുതുന്നു.

* ആദ്യം ബൈബിൾ എന്തു പറയുന്നു എന്ന് നാം അറിയണം.

* (ബിഷപ്പ്) അദ്ധ്യക്ഷൻ ആയിരിക്കുന്നവൻ ഏക ഭാര്യയുള്ളവനായിരിക്കണം. 1 തിമൊ 3:2

* സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണഗൗരവത്തോടു അനുസരണത്തിൽ വളർത്തുന്നവനും ആയിരിക്കണം. സ്വന്ത കുടുംബത്തെ ഭരിക്കുവാൻ അറിയാത്തവൻ ദൈവത്തിന്റെ സഭയെ എങ്ങനെ പരിപാലിക്കും? യേശുക്രിസ്തുവിന്റെ വചനത്തിന് അനുസരണം കാണിക്കുന്ന സഭയായി ഈ ECI സഭ മാറണം. എങ്കിൽ വേദവചനത്തിന് സഭ നേതാക്കൾ അനുസരണം കാണിക്കണം.

* ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ അവൾക്കെതിരെ വ്യഭിചാരം ചെയ്യുന്നു. ഭർത്താവിനെ ഉപേക്ഷിച്ച് മറ്റൊരുവനെ വിവാഹം ചെയ്യുന്ന സ്ത്രീയും വ്യഭിചാരം ചെയ്യുന്നു. (മർക്കോസ് 10:11,12).

* ഭർത്താവ് ജീവിച്ചിരിക്കുന്ന കാലത്തോളം സ്ത്രീ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭർത്താവ് മരിച്ചു പോയാൽ അവർ ആഗ്രഹിക്കുന്നവനെ വിവാഹം ചെയ്യുവാൻ അവൾക്കു സ്വാതന്ത്ര്യം ഉണ്ട്. (അവൻ) കർത്താവിൽ വിശ്വസിക്കുന്നവൻ ആയിരിക്കേണം. (1 കൊരി 7:39)

## യോഗ്യത

മുകളിൽ പറഞ്ഞ ആലോചനകൾ സഭയുടെ നന്മക്കായി എഴുതിയതാണ്.

* പ്രതിയോഗിക്ക് (ശത്രുവിന്) അപവാദത്തിന് അവസരം ഒന്നും കൊടുക്കാതിരിക്കാൻ വേണ്ടി....(1 തിമൊ 5:14) ഇത് എഴുതുന്നു.

സഭയുടെ ശുശ്രൂഷകൻ ഒരു മുൻമാതിരിയുള്ളവൻ ആയിരിക്കേണം. ഇന്നത്തെ സി.എസ്.ഐ, മാർത്തോമാ, ലൂഥറൻ, E.C.I മാതിരിയുള്ള സഭകളിൽ വിവാഹമോചനത്തെക്കുറിച്ച് ലജ്ജയും ഇല്ല, ദൈവഭയവും ഇല്ലാതെ പോയി. ചില അച്ചന്മാർ ഈ വിഷയത്തെ കുറിച്ച് ധൈര്യമായി തുനിഞ്ഞു ഇതിനെക്കുറിച്ചു പ്രസംഗിച്ചാൽ അച്ചന്മാരെ സഭാജനങ്ങൾ ഇഷ്ടപ്പെടുന്നില്ല.

## കൗൺസിലിംഗ്

* വിവാഹത്തിന് മുൻപ് ചെറുക്കനും കെട്ടുന്ന പെണ്ണിനും അവരുടെ കുടുംബക്കാർക്കും Pre-Marriage Counseling കൊടുക്കുന്നുണ്ട്. കൗൺസിലിംഗിന് പങ്കെടുക്കാത്തവർക്ക് പള്ളിയിൽ വിവാഹം ചെയ്യുവാൻ അനുവദിക്കരുത് എന്ന് മദ്ധ്യകേരളാ ബിഷപ്പു അവർകൾ നിയമം പാസാക്കി സഭാ മാസികയിലും പരസ്യപ്പെടുത്തുകയും അച്ചന്മാർക്ക് നിർദ്ദേശവും കൊടുത്തിട്ടുണ്ട്. ഈ വാർത്ത സഭാ മാസികയിൽ വന്നശേഷം 11 പേർ വിവാഹ മോചനത്തിന് ഇവർ എന്തെല്ലാം ന്യായീകരിച്ച് പറഞ്ഞാലും കോടതി സമ്മതിച്ചാലും നമ്മുടെ വേദപുസ്തകം അത് അനുവദിക്കുന്നില്ല. നമ്മുടെ വേദപുസ്തകത്തിന്റെ നിയമങ്ങൾ ലോകസംസ്കാരം എങ്ങനെയിരുന്നാലും വേദപുസ്തകത്തിന്റെ നിയമം ലോകം മുഴുവനും കൈക്കൊള്ളാനായുള്ള ലോകചട്ടമാണ് (Universal Law, യൂണിവേഴ്സൽ ലോ).

❖❖❖❖❖❖❖❖❖❖❖❖❖❖❖

# MY 2015 YEAR MEETINGS:

**2015 JANUARY**

1 TO 4 KANYAKUMARI CSI DIOCESE - PORAMCOD CSI 125 ANNIVERSARY
- Rev. BEEBIN - Ph.9887186342

9 to 11 EAST KERALA - THODUPUZHA (IDUKKI DT.)
- Rev.P.V.JOSEPH - 09446303883

13 to 16 KESWIK CONVENTION - KOVILPATTI (TUTICORIN)
- Rev.JAYASEELAN - 09486019455

17 to 18 MADHYA KERALA DIOCESE - ST.PETERS CSI CHURCH(ARUPPUKARA)
- Rev.RAJU MATHEW - 9744546752 (Kottayam)

22 TO 26 KUWAIT St.JOHNS TAMIL CHURCH - KUWAIT
- Rev.NOBLE C.GEMBEERAM
- Mr.JOHNSON(Secreatry)- 96599815983

**2015 FEBRUARY**

6 to 8 - THIRUKATTUPALLI- TELC LUTHERAN CHURCH-Rev.SEKAR,9994773719

13 to 15-SOUTH KERALA DIOCESE - PERUNGAMALA CSI DIST CONVENTION
- Rev.VALSALAM - 9496100594

20 to 22- COIMBATORE CSI DIOCESE - CHRIST CHURCH - COIMBATORE
- Rev.EBENEZER MANI - 9443487047

27 to 29 - TIRUNELVELI CSI DIOCESE - VICKRAMASINGAPURAM(T.VELI.DT)

**2015 MARCH**

6 to 8 -KUTHAMPOONDI CSI CONVENTION- Rev.JOHN WESLEY-9486781015

16 to 21- VILLAGE MINISTRY- (EAST INDIA)

27 to 29 - MILITARY LANE(PALAYAMKOTTAI- TIRUNELVELI DIOCESE) -
-Rev.GIPSON JOHNDAS - Ph.984336356, 098-21459479

31 to APRIL 3 - MUMBAI BANDUP ANGLICAN CHURCH -




# ജാമക്കാരന്റെ മറുപടികൾ



## പുതിയ തിരുസഭകൾ

**ചോദ്യം :** ***ഞങ്ങളുടെ മിഷനറി സ്ഥാപനത്തിൽ പുതിയതായി പത്തു (10) സഭകൾ രൂപീകരിക്കണം 100 (നൂറ്) പേരെ സ്നാനപ്പെടുത്തണം എന്ന് സമയബന്ധിതമായി Target നൽകി അധികാരികൾ ഞങ്ങളെപ്പോലുള്ള മിഷണറിമാരെ നിർബന്ധിക്കുന്നത് വളരെയധികം മാനസ്സിക സമ്മർദ്ദത്തിന് കാരണമാകുന്നു. മിഷണറി സ്ഥാപനങ്ങൾ ഇങ്ങനെ നിർബന്ധിക്കുന്നത് ശരിയാണോ?***

**ഉത്തരം :** നാം ഓരോരുത്തരും നമ്മുടെ ജീവിതത്തിൽ മക്കളുടെ വിവാഹം, ഉന്നതവിദ്യാഭ്യാസം എന്നൊക്കെ ചില പ്രത്യേക കാര്യങ്ങൾക്കായി കാലപരിധികൾ നിശ്ചയിച്ച് നേരത്തേ തീരുമാനിച്ചുറപ്പിക്കുന്നില്ലേ? ഒരു ലക്ഷ്യമില്ലാതെ പദ്ധതിയില്ലാതെ ഒരു ശുശ്രൂഷ ആരും ചെയ്യുന്നില്ല. എന്നാൽ ഈ വിഷയത്തിൽ സ്ഥാപന മേലധികാരികൾ മിഷണറിമാരെ നിർബന്ധിക്കുന്നത് ശരിയല്ല. അപ്രകാരം ചെയ്താൽ കപട ആത്മാക്കൾ വർദ്ധിക്കും. പ്രത്യേകിച്ച് തമിഴ്നാട്ടിൽ പല വർഷങ്ങൾക്കു മുൻപ് കുടുംബാസൂത്രണത്തിനായി ജനങ്ങളെ കൊണ്ടുവരണമെന്ന് ഗവൺമെന്റ് ആജ്ഞ പുറപ്പെടുവിച്ചു. ഇതിനായി വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെയും അദ്ധ്യാപികമാരെയും മേലധികാരികൾ വളരെയധികം നിർബന്ധിച്ചു. ഓരോ മാസവും നിശ്ചിത കണക്കിൻ പ്രകാരം സ്ത്രീകളെയും, പുരുഷന്മാരെയും വന്ധ്യകരണത്തിനായി സർക്കാർ ആശുപത്രികളിൽ കൂട്ടിക്കൊണ്ടു പോകേണ്ടതുണ്ടായിരുന്നു. അദ്ധ്യാപകർ തങ്ങളുടെ സ്വന്ത ചിലവിൽ കൊണ്ടു പോകുന്ന ആളുകൾക്ക് ധനസഹായം നൽകി. കുടുംബാസൂത്രണത്തിന് സമ്മതിച്ചവർക്ക് അരി, വസ്ത്രം വാങ്ങിക്കൊടുത്ത് ആളുകളെ കൊണ്ടുവരിക പതിവായിരുന്നു. അങ്ങനെ കൂടെ കൊണ്ടു വരുന്ന ടീച്ചർമാർ ലജ്ജമൂലം കൂനിക്കുറുകി നിൽക്കുന്ന അവസ്ഥ വളരെ പരിതാപകരമായിരുന്നു. ഇപ്രകാരമുള്ള ആജ്ഞകൾ അനുസരിച്ചില്ല എങ്കിൽ മേലധികാരികൾ, സ്ഥലമാറ്റം നൽകി കഷ്ടപ്പെടുത്തും. ആ നാളുകളിൽ അനേകർ ഗ്രാമങ്ങളിൽ വീടുതോറും കയറി നിശ്ചിത കണക്ക് തികയ്ക്കുന്നതിനായി,ആളുകളെ കുടുംബാസൂത്രണ ത്തിനായി പ്രേരിപ്പിക്കുമ്പോൾ പലരും അപമാനിതരായി ഭവനത്തിൽ വന്ന് ഭർത്താക്കന്മാരോട് പറഞ്ഞ് കരഞ്ഞിട്ടുണ്ട്. ഈ കഷ്ടപ്പാടിൽ നിന്ന് രക്ഷപ്പെടുവാൻ പലരും മേലധികാരികൾക്ക് വലിയതുക കോഴ കൊടുത്ത് ആളുകളെ തികയ്ക്കുന്ന പണിയിൽ നിന്ന് രക്ഷപ്പെട്ടിട്ടുണ്ട്.

ഏകദേശം അതുപോലെ തന്നെയാണ് ഇപ്പോൾ ചില മിഷണറി സ്ഥാപനങ്ങൾ ജ്ഞാനസ്നാനത്തിനായി, ആളുകൾ കൊണ്ടുവരുവാൻ മിഷണറിമാരെ നിർബന്ധിക്കുന്നത്. നിങ്ങളുടെ മിഷണറി സ്ഥാപനം തീരെ മോശമല്ല. ഈ വർഷം FMPB സ്ഥാപനത്തിൽ 10 കോടി ആത്മാക്കളെ നേടണം എന്നു ജനറൽ സെക്രട്ടറി കൽപിച്ചിട്ടുണ്ട്. ഇന്ത്യയിലെ മൊത്തം

ജനങ്ങളെയും ഒന്നിച്ചു കൊണ്ടുവന്ന് സ്നാനപ്പെടുത്തിയാൽ മാത്രമേ ഈ കണക്ക് ശരിയാകുകയുള്ളൂ. FMPB കമ്മിറ്റിയിൽ ആരും ഇതിനെക്കുറിച്ച് ചോദ്യം ഉന്നയിച്ചില്ലേ? എന്ന് അറിയുവാൻ കഴിഞ്ഞില്ല. ഇങ്ങനെ നിർബന്ധിച്ച് കൊണ്ടുവരുന്നവരെ ആത്മാക്കൾ എന്നു പറയുവാൻ കഴിയുകയില്ല. പകരം ആളുകൾ എന്നേ പറയുവാൻ കഴിയുകയുള്ളൂ.

പണ്ടുകാലത്ത് ഗോതമ്പ്, പാൽപൊടി, പണം എന്നിവകൊടുത്ത് ആളുകളെ ക്രിസ്ത്യാനികളാക്കുവാൻ ശ്രമിച്ചിരുന്നത് പഴയ തലമുറയിലുള്ളവർക്ക് അറിയാം. അങ്ങനെ ഗോതമ്പിനും, പാൽപ്പൊടിയ്ക്കും വേണ്ടി ആഗ്രഹിച്ച് ജ്ഞാനസ്നാനം എടുത്ത് സഭയിൽ ചേർന്നവർ, ഗോതമ്പ് തീർന്നതും, അതേ വേഗത്തിൽ തന്നേ തിരിച്ചു പോയതായി അറിയുവാൻ കഴിയും. ആ പ്രവൃത്തി പലരാലും നിശിതമായി വിമർശിക്കപ്പെട്ടു. പത്രമാധ്യമങ്ങളിൽ കൂടെ പ്രസിദ്ധീകരിക്കപ്പെട്ട് ക്രൈസ്തവ സമൂഹത്തിനു തന്നേ വലിയ നാണക്കേടായി തീർന്നു. അതിനുശേഷം ഒരു പരിധിവരെ പാൽപ്പൊടി സേവനം നിന്നുപോയി.

അതിനുശേഷമാണ് FMPB, IEM മുതലായ ശരിയായ മിഷണറി സ്ഥാപനങ്ങൾ രൂപീകരിക്കപ്പെട്ടത്. പ്രാർത്ഥനയുടെ അടിസ്ഥാനത്തിൽ ആത്മഭാരം, ദർശനം ഉള്ളവർ മാത്രം മിഷണറികളായി എഴുന്നേറ്റു, പ്രവർത്തനത്തിൽ ഏർപ്പെട്ടു. ചിലർ സർക്കാർ ജോലിപോലും ഉപേക്ഷിച്ച് തങ്ങൾക്ക് ലഭിച്ചു കൊണ്ടിരുന്ന വലിയ ശമ്പളം, പദവി എന്നിവയൊക്കെയും തുച്ഛമായി എണ്ണി തങ്ങളെ തന്നെ വെറുത്ത് മിഷണറി പ്രവർത്തനത്തിനായി ഇറങ്ങുകയുണ്ടായി.

ഒരു സ്വകാര്യ ആശുപത്രിയിൽ ആഴ്ചയിൽ ഒരു ദിവസം ചില മണിക്കൂറുകൾ രോഗികളെ പരിശോധിക്കുന്നതിന consultation fees ആയി ഒരു ഡോക്ടർക്ക് 40 ആയിരം രൂപ നൽകി വരുന്നുണ്ടായിരുന്നു. ഞരമ്പുരോഗ വിദഗ്ദ്ധനായ (Neurologist) അദ്ദേഹം കോടികൾ ഒരു മാസത്തിൽ സമ്പാദിച്ചുകൊണ്ടിരുന്ന വ്യക്തിയായിരുന്നു. ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു മാനസാന്തര അനുഭവം പ്രാപിച്ചശേഷം പതിനേഴായിരം രൂപ മാത്രം മിഷണറി സ്ഥാപനത്തിന് വാങ്ങിക്കൊണ്ട് മിഷണറി ഡോക്ടറായി സമർപ്പിച്ച് ഇന്നും വടക്കേ ഇന്ത്യയിലെ ഗ്രാമങ്ങളിൽ പ്രശസ്തമായ നിലയിൽ സേവനം അനുഷ്ഠിച്ചു വരുന്നു. കാടുകളിലും, കുഗ്രാമങ്ങളിലും സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്തി അതിലൂടെ യേശുവിനെ അറിയിച്ച് യഥാർത്ഥമായി ആത്മാക്കളെ നേടി, അവിടവിടെയായി സഭകൾ രൂപീകൃതമായി.

ഓരോ രാത്രിയും, ആത്മഭാരത്തോടെ കർത്തൃപാദത്തിൽ കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്ന മിഷണറിമാരെ ഇന്നു കാണാൻ കഴിയുമോ? ഇപ്പോഴും, മിഷണറിമാർ കരയുന്നുണ്ട്, എന്തിനായി - മേലധികാരികളുടെ Target തികയ്ക്കുവാൻ കഴിയുന്നില്ലല്ലോ. എന്റെ പേരിൽ ആളുകളെ ജ്ഞാനസ്നാനത്തിനായി തികച്ചില്ല എങ്കിൽ മേലധികാരികളുടെ പ്രീതി ലഭിക്കയില്ലല്ലോ. എന്നെ വേറെ ജോലി സ്ഥലത്ത് മാറ്റുമോ എന്ന് തന്റെ അധികാരികളെ ഭയപ്പെട്ട് കരയുന്ന കാലമാണ് ഇപ്പോൾ സംഭവിക്കുന്നത്.

ഇങ്ങനെ പോയാൽ കുടുംബാസൂത്രണത്തിനായി പ്രേരിപ്പിച്ച് പണം കൊടുത്ത് ആളുകളെ കൊണ്ടുവന്നതുപോലെ മിഷണറിമാർ ജ്ഞാനസ്നാനത്തിനായി, കപടമായ ആളുകളെ കൊണ്ടുവരേണ്ടി വരും. ജ്ഞാനസ്നാനം എടുത്ത വ്യാജ ക്രിസ്ത്യാനികൾമൂലം മിഷണറി സ്ഥാപനത്തിനും, സ്ഥലം സഭകൾക്കും തീർച്ചയായും പ്രശ്നങ്ങൾ ഉണ്ടാകും. സഭയിൽ നിന്ന് ആത്മാക്കൾ മാത്രമല്ല മിഷണറിമാർ ഓടിപ്പോകേണ്ടുന്ന അവസ്ഥ വന്നു ഭവിക്കും. വ്യക്തിജീവിതങ്ങൾ യേശുവിനെ അറിയണം. അതിന് ക്രമപ്രകാരം പ്രാർത്ഥനയോടും,

കണ്ണുനീരോടും യേശുവിനെ അറിയിക്കുന്ന യഥാർത്ഥ മിഷണറിമാർ എഴുന്നേൽക്കണം. പ്രാർത്ഥനയിൽ ആരംഭിച്ച മിഷണറി സ്ഥാപനത്തിന്റെ ആദ്യ അനുഭവത്തിലേക്ക് തിരികെ വരണം.

ഈ നാളുകളിൽ മിഷണറി കൺവൻഷനുകളിൽ പങ്കെടുക്കുവാൻ വരുന്നവർ, പ്രസംഗവും പ്രസംഗത്തിന്റെ അവസാനം ALTER CALLന്, അവരൊക്കെയും സ്റ്റേജിലേക്ക് വരുന്നതും അതുപോലെ വീഡിയോ ദൃശ്യങ്ങൾ കാണുമ്പോൾ, കഥാനായകൻ അടുത്തതായി എന്താണ് ചെയ്യുന്നത്, വില്ലൻ അകപ്പെട്ടു. അവസാനഘട്ടത്തിൽ പോലീസ് വരും എന്ന് അടുത്തസീൻ എന്തായിരിക്കും എന്തൊക്കെ മുൻകൂട്ടി പറയുന്ന സിനിമാ പ്രേമികളെപ്പോലെ മിഷണറി യോഗങ്ങൾ നടക്കുമ്പോൾ തന്നെ ജനങ്ങൾ പറയുവാൻ പഠിച്ചുകഴിഞ്ഞു.

അന്നത്തെ ആദിമനാളുകളിൽ ഒന്നാമതായി മിഷണറി സ്ഥാപനത്തിന്റെ നേതാക്കൾ ഒന്നിച്ചുകൂടി ഉപവസിച്ച് കരഞ്ഞു പ്രാർത്ഥിച്ചു. പരിശുദ്ധാത്മാവ് പ്രവർത്തിച്ചു. വിശ്വസ്ഥരായ മിഷണറിമാർ എഴുന്നേറ്റു. അപ്രകാരമുള്ള മിഷണറിമാർ ആത്മഭാരത്തോടെ കരഞ്ഞു പ്രാർത്ഥിച്ചു. അവർക്കു കൈതാങ്ങായി പ്രാർത്ഥനാ കൂട്ടായ്മകൾ, വ്യത്യസ്ഥമായ ജോലികളിലും തൊഴിലിലും ഏർപ്പെട്ടിരുന്നാലും അതിന്റെ ഒക്കെയും മദ്ധ്യേ ആത്മാക്കളെ നേടുന്നതിനായും അയയ്ക്കപ്പെട്ട മിഷണറിമാർക്കും അവരുടെ കുഞ്ഞുങ്ങൾക്കും കുടുംബത്തിനുമായും കരഞ്ഞു പ്രാർത്ഥിക്കുമായിരുന്നു. ഹൃദയത്തിൽ പ്രാർത്ഥനയോടെ തങ്ങൾ ഏർപ്പെട്ടിരിക്കുന്ന ജോലി അഥവാ തൊഴിൽ ചെയ്യുമായിരുന്നു. ആരംഭ നാളുകളിൽ ഉണ്ടായിരുന്നതുപോലുള്ള ആത്മഭാരത്തോടെ കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന പ്രാർത്ഥനാ കൂട്ടായ്കളും, പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നവരും എഴുന്നേൽക്കണം. സഭയും കരഞ്ഞ് പ്രാർത്ഥിക്കണം.

ഏതു സഭയാണ് അധികം പണം നൽകിയത് എന്നതിനേക്കാൾ മിഷണറി പ്രവർത്തനത്തിനായി ഏതു സഭയാണ് അധികം കണ്ണീരൊഴുക്കി പ്രാർത്ഥിച്ചത് എന്നതിനെയാണ് ദൈവം കണക്കിടുന്നത്.

## MISSIONARY EXPERIENCE

എനിക്ക് ഇ-മെയിലിൽ വന്നതായ ഒരു മിഷണറി വയൽപ്രദേശത്തിൽ നടന്ന യഥാർത്ഥ സംഭവം താഴെ കൊടുക്കുന്നു.

ഒടുവിൽ സഹോദരന്മാരേ, കർത്താവിന്റെ വചനം നിങ്ങളുടെ അടുക്കൽ എത്തിയതുപോലെ വേഗം വ്യാപിച്ച് മഹത്വപ്പെടുവാനും, വല്ലാത്തവരും ദുഷ്ടന്മാരുമായ മനുഷ്യരുടെ കയ്യിൽ നിന്നും ഞങ്ങൾ വിടുവിക്കപ്പെടുവാനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ (2 തെസ്സ 3:1-2).

കാനഡായിലെ ഒരു സഭയിൽ നിന്നും നൈജീരീയയിലേക്ക് മിഷണറിമാരായി ഒരു ദമ്പതികൾ അയയ്ക്കപ്പെട്ടു. അവരുടെ ശുശ്രൂഷ മുഖേന ധാരാളം പേർ ദൈവത്തെ അറിയുവാൻ തുടങ്ങി. ചില വർഷങ്ങൾക്കു ശേഷം അവർക്ക് ഒരു കുഞ്ഞു ജനിക്കുകയും മരിച്ചു പോകുകയും ചെയ്തു. പിന്നെ മാതാവും രോഗിയായി മരിച്ചുപോയി. ആ ശുശ്രൂഷകൻ വളരെ ദുഃഖത്തോടെ ആരെയും അറിയിക്കാതെ വീണ്ടും കാനഡായിലേക്കു വന്നു. ഞായറാഴ്ച അയച്ചതായ സഭയിൽ ആരാധനയിൽ പങ്കെടുത്തു. പതിവുപോലെ ആരാധന നടന്നു. ആരാധനയുടെ അവസാനഭാഗത്ത് സഭാശുശ്രൂഷകൻ നാം ആരാധന അവസാനിപ്പിക്കുവാൻ പോകുന്നു. ആർക്കെങ്കിലും എന്തെങ്കിലും **പറയുവാനുണ്ടോ എന്നു** ചോദിച്ചു. സഭ മൗനമായിരുന്നു. ആശീർവ്വാദം

പറയുന്നതിനു മുമ്പായി പുറകിലിരുന്ന് ഒരാൾ വിതുമ്പുന്ന ശബ്ദം കേട്ടു. തുടർന്ന് ഉറക്കെക്കരയുവാൻ തുടങ്ങി. തങ്ങൾ അയച്ച മിഷണറിയാണ് അതെന്ന് ആർക്കും അറിയുകയില്ലായിരുന്നു. അദ്ദേഹം മുഖം കുനിച്ച് കരഞ്ഞുകൊണ്ടിരുന്നതുകൊണ്ട് അടുത്തിരുന്ന ഒരു സഹോദരൻ താൻ കരയുന്നതിന്റെ കാരണം അന്വേഷിച്ചു. മറുപടി പറയുവാൻ തല ഉയർത്തിയപ്പോൾ മാത്രമാണ് അത് തങ്ങൾ അയച്ച മിഷണറിയാണെന്ന് എല്ലാവർക്കും മനസ്സിലായത്.

അദ്ദേഹം കരച്ചിൽ നിർത്തി മുഖം തുടച്ച് എഴുന്നേറ്റു നിന്നു സഭാജനങ്ങളെ നോക്കി, ഞാൻ നിങ്ങളെ ചില വർഷങ്ങൾക്കു മുമ്പ് കണ്ടപ്പോൾ നിങ്ങൾ എല്ലാവരും എന്നെയും എന്റെ ഭാര്യയെയും സ്നേഹത്തോടും കരുതലോടും മിഷണറികളായി അയച്ചു. നിങ്ങൾ റെയിൽവേ സ്റ്റേഷനിലും വന്നു ഞങ്ങൾക്കായി തുടർന്നു പ്രാർത്ഥിക്കുമെന്നു പറഞ്ഞു യാത്ര അയച്ചു. നിങ്ങൾ പറഞ്ഞതുപോലെ രണ്ടു മൂന്നു വർഷങ്ങൾ പ്രാർത്ഥിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. ആ ദിവസങ്ങളിൽ അനേകം ആത്മാക്കളെ നേടുവാൻ കഴിഞ്ഞു. ശേഷം നിങ്ങൾ പ്രാർത്ഥിക്കാതായപ്പോൾ എനിക്ക് അനേകം നഷ്ടങ്ങൾ നേരിടേണ്ടതായി വന്നു. ആരംഭത്തിൽ ഞാൻ കരുതി എന്റെ തെറ്റുകളോ പാപമോ, വീഴ്ചയോ മൂലമായിരിക്കാം എന്റെ നഷ്ടങ്ങൾ എന്ന്. എന്നാൽ ഇന്ന് ഞാൻ മനസ്സിലാക്കി നിങ്ങൾ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചില്ല എന്ന്. ഞാൻ വന്നതുമുതൽ ഇതുവരെ ഞങ്ങൾക്കായി ആരും പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടില്ല എന്നു പറഞ്ഞു. സഭാജനങ്ങൾ സ്തംഭിച്ചു നിന്നു പോയി.

പ്രിയമുള്ളവരേ നാം അയയ്ക്കുന്ന ദൈവവേലക്കാർക്കായി നാം തുടർന്നു പ്രാർത്ഥിക്കുന്നുണ്ടോ? നമ്മുടെ പ്രാർത്ഥനയാണ് അവരെ എല്ലാ വിധത്തിലും താങ്ങി നിറുത്തുന്നത്. നാം പ്രാർത്ഥിച്ചില്ല എങ്കിൽ ദൈവത്തിന് അവിടെ ഒന്നും പ്രവർത്തിക്കുവാൻ കഴിയുകയില്ല. നമ്മുടെ പ്രാർത്ഥന അതുല്യമാണ്.

നമുക്ക് അവിടെ ചെന്നു പ്രവർത്തിക്കുവാൻ സാധിക്കയില്ലായിരിക്കാം. പക്ഷേ പ്രാർത്ഥിക്കുവാൻ കഴിയുകയില്ലേ? ദിനംതോറും നമ്മുടെ പ്രാർത്ഥനകളിൽ ഇങ്ങനെയുള്ള ദൈവവേലക്കാരെ ഓർക്കാം. എന്റെ പ്രാർത്ഥനകൊണ്ട് എന്ത്ഫലം എന്നു കരുതി നാം പ്രാർത്ഥിക്കാതിരുന്നാൽ വയൽ പ്രദേശത്തായിരിക്കുന്ന അവരെ ആരു സഹായിക്കും? ആരു തുണയ്ക്കും?


## ജാമക്കാരൻ മാസിക PDF ന് നന്ദി

ഇപ്പോൾ ജാമക്കാരൻ മാസിക, PDF File ആയിട്ട്, Email മുഖാന്തിരം അയച്ചു കൊണ്ടിരിക്കുന്നു. ആയിരക്കണക്കിന് ആളുകൾ ഇത്, Download ചെയ്തു പുസ്തകമാക്കി, വീട്ടിലുള്ളവർക്കും, വായിക്കുവാൻ തക്കവണ്ണം വളരെ സഹായമായിരിക്കുന്നു എന്നതിനാൽ ദൈവത്തെ സ്തുതിക്കുന്നു. ഇതുകൊണ്ട് തപാൽ വഴിയായിട്ട് 51 രൂപ സ്റ്റാമ്പ് ഒട്ടിച്ച് അയക്കുന്നതിൽ നിന്ന് മോചിതരായിരിക്കുന്നു.

PDF - File ആയിട്ട്, ജാമക്കാരൻ ലഭിക്കണം എന്ന് ആഗ്രഹിക്കുന്നവർ, നിങ്ങളുടെ Email Id ഞങ്ങൾക്കു അയച്ചു തരിക.

# കേരളാ സി.എസ്.ഐ മെഡിക്കൽ കോളേജ് അഴിമതി ഡെൽഹി സി.ബി.ഐ യുടെ പ്രവേശനം

തെക്കെ ഇന്ത്യയിലുള്ള 22 സി.എസ്.ഐ ഡയോസിസുകളിൽ കേരള സംസ്ഥാനത്തിൽ ഉള്ള ദക്ഷിണകേരള സി.എസ്.ഐ ഡയോസിസുകൾ മാത്രം ഒരേ ഒരു മെഡിക്കൽ കോളേജ് തിരുവനന്തപുരത്തിൽ കാരക്കോണം എന്ന സ്ഥലത്തിൽ പല കോടികൾ രൂപ ചെലവിൽ പണിതിട്ടുണ്ട്. ഇപ്പോഴും അത് വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു എന്നത് നമുക്ക് അഭിമാനിക്കാവുന്ന വിഷയമാണ്.

## ദക്ഷിണ കേരളാ സി.എസ്.ഐ ഡയോസിസ് മെഡിക്കൽ കോളേജ് ഇപ്പോൾ കമ്യൂണിസ്റ്റ് പാർട്ടി സ്വാധീനിക്കുന്ന സ്ഥിതിയിൽ മാറിയിരിക്കുന്നു.



നടന്നു കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ ദക്ഷിണ കേരളാ സി.എസ്.ഐ ഡയോസിസ് മെഡിക്കൽ കോളേജ് നിർവാഹി Dr.J.Bennet Abraham (administrator) ഡോ. ബെനർട്ട് എബ്രഹാം അവർകളെ നിയമിച്ചിരുന്നു. ഇദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ (LDF) തീവ്ര പ്രവർത്തകനാണ് അതുകൊണ്ട് അദ്ദേഹത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ദക്ഷിണകേരളാ സി.എസ്.ഐ ഡയോസിസ് M.P സ്ഥാനാർത്ഥിയായി കോൺഗ്രസ്സ് പാർട്ടിക്കു എതിരായി നിർത്തി. കമ്മ്യൂണിസ്റ്റ് പാർട്ടിയായ ഡോ. ബെനർട്ട് അവർകൾ കമ്മ്യൂണിസ്റ്റ് പാർട്ടി സഹാക്കളെ മെഡിക്കൽ കോളേജിൽ ധാരാളം ജോലിയിൽ ചേർത്തതായി അറിയപ്പെടുന്നു.

ഡോ. ബെനർട്ടിനു M.P പദവിക്കുവേണ്ടി വോട്ടു ശേഖരിക്കുവാൻ ഡയോസിലിരുന്നു ബിഷപ്പ് മുതൽ ചില അച്ചൻമാരും, സഭാംഗങ്ങളും വോട്ടിനുവേണ്ടി അലഞ്ഞതായി അറിയപ്പെടുന്നു. വോട്ടു ശേഖരിക്കുവാൻ ജനങ്ങൾക്ക് പണം വിനിയോഗിക്കാൻ വേണ്ടി കോടിക്കണക്കായ പണത്തെ ബിഷപ്പ് അവർകൾ തന്റെ കാറിൽ എടുത്തുകൊണ്ട് ചെല്ലുമ്പോൾ ഇലക്ഷൻ അധികാരികളാലും പോലിസുകാരാലും പിടിക്കപ്പെട്ട വാർത്ത ഒരു ദിനപത്രത്തിൽ വന്നു. തിരുവനന്തപുരം ആയുർവേദകോളേജിൽ ജോലിചെയ്യുന്ന ചില ആളുകൾ തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ സംസാരിച്ചുകൊണ്ടിരുന്നത് ട്രെയിൻ യാത്രയ്ക്കുവേണ്ടി കാത്തിരുന്ന ഞാൻ അവരുടെ വർത്തമാനത്തെ കേട്ടു. അപ്പോൾ ഞാൻ അവരോടു നിങ്ങൾ ഏതു ബിഷ

പ്പിനെ കുറിച്ചാണ് ഇത്രയും നേരം സംസാരിച്ചത് എന്ന് ചോദിച്ചു. അപ്പോഴാണ് മുകളിൽ പറഞ്ഞ വിഷയങ്ങളെ ഞാൻ അറിയാൻ ഇടയായി. ആ വിവരങ്ങൾ അറിഞ്ഞപ്പോൾ ഞാൻ ഞെട്ടിപോയി. എന്റെ മനസ്സ് കൂടുതൽ വിഷമിച്ചു. തിരുവനന്തപുരം ബസ്സ്സ്റ്റാൻഡിൽ ഉള്ള ബുക്ക്സ്റ്റാളിൽ ഉള്ളവരിൽ നിന്നും ഈ വാർത്ത കേട്ടശേഷം എനിക്കി ഉറപ്പായി.



**തിരുനൽവേലി ഡയോസിസിലും ഇലക്ഷൻ സമയത്ത് ഇതുപോലെ പണ ഇടപാടുകൾ നടന്നു.**

തമിഴ്നാട്ടിൽ തിരുനൽവേലി സി.എസ്.ഐ. ഡയോസിസിൽ ഇലക്ഷൻ നടന്ന ആഴ്ചയിൽ A.I.A.D.M.K. പാർട്ടി നേതാവായ ജയലളിത അവർകൾ എല്ലാ അച്ചന്മാർക്കും ബിഷപ്പുകാർക്കും തങ്ക ക്രൂശും പണവും സംഭാവനയായി തനിക്കു വോട്ടു ചെയ്യാൻവേണ്ടി കൊടുത്തതായി അച്ചന്മാർ പറഞ്ഞു ഞാൻ അറിഞ്ഞു. ഉടനെ എന്റെ ജാമാക്കാരൻ മാസികയിൽ ഞാൻ ആ വാർത്തയെ പരസ്യപ്പെടുത്തി. ക്രിസ്താനികൾ രാഷ്ട്രീയ പാർട്ടികളെ പരസ്യമായി സപ്പോർട്ടുചെയ്യുന്നതും പണം വാങ്ങുന്നതും തെറ്റ് എന്ന് ഞാൻ എഴുതി. ഉടനെ പതിനൊന്ന് സി.എസ്.ഐ. അച്ചന്മാർ താങ്കൾക്ക് കിട്ടിയ ക്രൂശിനെയും പണത്തേയും A.I.A.D.M.K. MLA വശം ഏൽപ്പിച്ച തന്റെ മനഃസാക്ഷിയിൽ നിഷ്കളങ്കരായി തീർന്നു.

**ക്രിസ്ത്യാനികൾ ഏത് രാഷ്ട്രീയ പാർട്ടിയിലും ചേരാൻ പാടില്ല.**

ക്രിസ്ത്യാനികൾ ഏത് രാഷ്ട്രീയ പാർട്ടികളെയും സപ്പോർട്ടു ചെയ്യാൻ ഇന്ത്യൻ ജനാധിപത്യത്തിൽ അവകാശമുണ്ട്. തനിക്കു ഇഷ്ടപ്പെട്ട പാർട്ടിക്ക് വോട്ടുചെയ്യുവാനും **അവകാശമുണ്ട്.** പക്ഷെ ഏതു പാർട്ടിയിലും അംഗമാകാനും ഏതു പാർട്ടിക്കുവേണ്ടിയും അദ്ധ്വാനിക്കാനും പാടില്ല. നമ്മുടെ വേദം അത് അനുവദിക്കുന്നില്ല.

ക്രിസ്ത്യാനികൾ ഏവരും ക്രിസ്തുവിന്റെ രാജ്യകെട്ടുപണിക്കുവേണ്ടി പ്രവർത്തിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. യേശു രാജാവിന്റെ കല്പനകൾമാത്രം നാം അനുസരിക്കണം. അതേ സമയം നമ്മുടെ ദേശത്തെ ഭരിക്കുന്നവർക്ക് എതിരായി ക്രിസ്ത്യാനികൾ പ്രവർത്തിക്കുവാൻ പാടില്ല. ഭരിക്കുന്നവർക്ക് കീഴടങ്ങിയിരിക്കേണം എന്ന് നമ്മുടെ വേദപുസ്തകം കല്പിക്കുന്നു. അത് ബി.ജെ.പി, കമ്മ്യൂണിസ്റ്റ്, കോൺഗ്രസ്സ്, ഡി.എം.കെ. ഇത്യാതി ഏത് പാർട്ടി ഭരിക്കുന്നസ്ഥാനത്ത് വന്നാലും അവർക്ക് എതിരായി പ്രവർത്തിക്കാൻ പാടില്ല എന്ന് നമ്മുടെ വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നത്. ദയവായി വായിക്കണം. റോമർ. 13: 1,4. ഏതു മനുഷ്യരും മേലധികാരികൾക്കു കീഴ്പ്പെട്ടിരിക്കട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; നിലവിലുള്ള അധികാരങ്ങളോ ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു ആകയാൽ അധികാരികളോടു എതിർക്കുന്നവൻ ദൈവവ്യവസ്ഥയോടു എതിർക്കുന്നു. അങ്ങനെ ചെയ്യുന്നവർ തങ്ങൾക്കു തന്നെ ശിക്ഷാവിധി വരുത്തി വയ്ക്കും. അധികാരികളെ ഭയപ്പെടാതിരിക്കാൻ തക്കവണ്ണം ഇച്ഛിക്കുന്നുവെങ്കിൽ നന്മ ചെയ്യുക; എന്നാൽ അവനിൽനിന്നു പുകഴ്ച (നന്മ) ലഭിക്കും. അവൻ ദൈവ ശുശ്രൂഷകൻ.

....... അവൻ ദൈവത്തിന്റെ ശുശ്രൂഷകരും തിന്മ പ്രവർത്തിക്കുന്നവരോടു കോപത്തിന്റെ പ്രതികാരം ചെയ്യുന്നവനും ആകുന്നു. മുകളിൽ വായിച്ച ബൈബിൾ വചനം വായിക്കുന്ന നിങ്ങൾ മനസ്സിലാക്കിയാൽ ഏതു പാർട്ടിയിലും ബന്ധപ്പെടാതെ ദൈവത്തെ തൃപ്തിപ്പെടുത്തുന്ന വ്യക്തികളായി ജീവിക്കാൻ സാധിക്കും.

* പല വർഷങ്ങൾക്കു മുൻപു മദ്ധ്യകേരള സി.എസ്.ഐ ഡയോസിസിലും അച്ചന്മാർകളിൽ ചിലർ കുപ്പായം ഇട്ടും, ഇടാതേയും കമ്മ്യൂണിസ്റ്റു കൊടികളെ പിടിച്ചുകൊണ്ട് മുദ്രാവാക്യം പറഞ്ഞുകൊണ്ട് സഹപ്രവർത്തകരോടു ഘോഷയാത്ര ചെയ്ത അന്നത്തെ പടം അന്നത്തെ പത്രത്തിൽ വന്നത് പേപ്പർ കട്ടിംഗ് എൻെറ കൈയിൽഉണ്ട്. ആ കാലത്ത് ക്രിസ്ത്യാനികളും അച്ചന്മാരിൽ ചിലരും രാഷ്ട്രീയത്തിൽ പരസ്യമായി ഇടപെട്ടത് സഭാജനങ്ങൾ ഇഷ്ടപ്പെട്ടിട്ടില്ല. ഡയോസിസിൽ പലർ താങ്കളുടെ എതിർപ്പുകളെ പ്രകടിപ്പിച്ചു അതിന്റെ ശേഷം ഒരു ബോധവല്ക്കരണം ഉണ്ടായി. മദ്ധ്യകേരള സി.എസ്.ഐ ഡയോസിസ് അച്ചന്മാർ പരസ്യമായി ഘോഷയാത്രയിൽ പങ്കെടുത്തതായി ഞാൻ അറിഞ്ഞിട്ടില്ല. അതുകൊണ്ട് ദക്ഷിണ കേരള സി.എസ്.ഐ ഡയോസിസ് ക്രിസ്തീയ മാർഗ്ഗ ആശയത്തിന് എതിരായ കമ്യൂണിസ്റ്റ് പാർട്ടി ആൾക്കുവേണ്ടി കമ്യൂണിസ്റ്റ് പാർട്ടിക്കായി വേണ്ടിയും വോട്ട് ശേഖരിച്ചതും നല്ല സാക്ഷിയല്ല. ദൈവത്തിന് അത് പ്രസാദവുമല്ല.

## രാഷ്ട്രീയം വേണ്ട

അനേക വർഷങ്ങൾക്കു മുൻപ് തമിഴ്നാട്ടിൽ മരിച്ച മുഖ്യമന്ത്രിയായ ശ്രീ കാമരാജനാടാർ അവർകൾ രാഷ്ട്രിയം ഒരു അഴുക്കുചാൽ (ഡിച്ച്) ആകുന്നു. അതിന്റെ ശേഷം മുഖ്യമന്ത്രിയായി വന്ന എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന ശ്രീ.സി.എൻ.അണ്ണാദുരൈ (അണ്ണാ) അവർകൾ രാഷ്ട്രീയത്തിൽ സത്യമില്ല, രാഷ്ട്രീയം ഒരു ചൂതുകളിയാണ്. രാഷ്ട്രീയത്തിൽ ഒരാൾ മറ്റെ ആളെ നശിപ്പിച്ച്, മുൻപോട്ടു വരുന്നത്. അതാണ് ഇന്നത്തെ രാഷ്ട്രീയം. ഇതു എഴുതുന്ന ഡോ.പുഷ്പരാജ് ആയ ഞാനും ശ്രീ. അണ്ണാദുരെയുടെ ആരാധകരായി രാഷ്ട്രീയത്തിൽ ഇരുന്നവനാണ്. അന്നത്തെ കാലത്ത് സ്കൂൾ കുട്ടികൾക്കും, കോളേജ് യുവാക്കൾക്കിടയിലും അദ്ദേഹം പ്രസംഗിക്കുമ്പോൾ, വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ഒരിക്കലും രാഷ്ട്രീയത്തിൽ ബന്ധപ്പെടുവാൻ പാടില്ല. അവരുടെ പഠിത്തം തീർന്ന ശേഷം കുടുംബം നല്ല നിലയിൽ ഇരുന്നാൽ അപ്പോഴാണ് രാഷ്ട്രീയത്തിൽ ബന്ധപ്പെടുന്നു എന്നാലും സേവനം എന്ന ലക്ഷ്യം, ത്യാഗം, സഹിപ്പുതന്മ ഇവ ഇരുന്നാൽ മാത്രം രാഷ്ട്രീയത്തിൽ ബന്ധപ്പെടണം. അതുകൊണ്ട ഈ ലേഖനം മുഖേന ക്രിസ്ത്യാനികൾ രാഷ്ട്രീയത്തിൽ ബന്ധപ്പെടാൻ പാടില്ല എന്ന് എല്ലാവരോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

## ദക്ഷിണകേരളാ സി.എസ്.ഐ മെഡിക്കൽ കോളേജിൽ ഉണ്ടായ അപമാനം

ഞാൻ മുകളിൽ എഴുതിയ പ്രകാരം ക്രിസ്തീയ മാർഗ്ഗ നയത്തിന് എതിരായ നയമുള്ള കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ ഡോ.ബെനറ്റ് എബ്രഹാം അവർകൾ സി.എസ്.ഐ കാരക്കോണം മെഡിക്കൽ കോളേജ് നിർവാകി ആയി (Administator) ഗവ.മെറിറ്റിൽ വന്ന വിദ്യാർത്ഥികൾക്ക് എം.ഡി, എം.ബി.ബി.എസ് സീറ്റി കൊടുക്കാതെ ആ സൗജന്യ സീറ്റ് പണമുള്ള ആളുകൾക്ക് പല കോടികൾ വാങ്ങി ആ സീറ്റ് കൊടുത്തതായി ആണ് ആരോപണം. ഈ വാങ്ങിയ കോടികൾക്ക് ഡയോസിസിൽ പലർക്കും പങ്കുണ്ട് എന്ന് പറയപ്പെടുന്നു.

* കേരളം ഭരിക്കുന്ന പാർട്ടിയായ കോൺഗ്രസിനെ എതിർത്തു സി.എസ്.ഐ ഡയോസിസ് കമ്യൂണിസ്റ്റ് പാർട്ടി ആളെ ഇലക്ഷനു നിർത്തിയതു കൊണ്ട്



ഭരിക്കുന്ന പാർട്ടിയായ കേരള മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി അവർകളും കോൺഗ്രസ് പാർട്ടിയും മെഡിക്കൽ കോളേജിന് എതിരായി പ്രവർത്തിച്ചു മെഡിക്കൽ കോളേജിൽ ഉള്ള കോൺഗ്രസ് സംഘടന ആളുകൾ ഒന്നു കൂടി കോളേജിൽ നടന്ന പണവെട്ടിപ്പിന്റെ രഹസ്യത്തെ C.B.I. യ്ക്കു അറിയിച്ചു. അതു മാത്രമല്ല മെഡിക്കൽ കോളേജ് നിർവാഹത്തിന് എതിരായി പല പോരാട്ടം നടത്തി. അതിന്റെ ഫലമായി തന്നെ C.B.I. റെയ്ഡ്. മെഡിക്കൽ കോളേജിൽ നടന്നു എന്ന് പത്രങ്ങളിൽ വാർത്തയുണ്ടായി. അത് സി.എസ്.ഐയ്ക്കു വലിയ അപമാനം ഉണ്ടായി.

# WHITE MONEY - BLACK MONEY

* അതുമാത്രമല്ല, ദക്ഷിണ കേരളാ സി.എസ്.ഐ ഡയോസിസ് ഡോക്ടർമാർക്ക് വെള്ളപ്പണം എന്നും കറുത്തപണം എന്നും രണ്ടു വിധമായി ശമ്പളം കൊടുത്തതായി അറിയപ്പെടുന്നു. ഇതിൽ മാനസാന്തര അനുഭവമുള്ള ആത്മീയ ഡോക്ടർമാർ കറുപ്പുപണം (ആഹമരസ ാീല്യ) ഞങ്ങൾക്ക് ശമ്പളമായി വേണ്ട എന്ന പറഞ്ഞു ആറുമാസം ശബളം വാങ്ങിയില്ല.

ഇതിനെക്കുറിച്ചു മേലധികാരികളോടും ബിഷപ്പിനോടും അറിയിച്ചു. ഒരു നടപടിയും എടുത്തില്ല. നിങ്ങളുടെ ശമ്പളത്തെ പറഞ്ഞതുപോലെ ഞങ്ങൾ കൊടുത്തല്ലോ. ആ പണം കറുപ്പായി ഇരുന്നാൽ എന്താ വെള്ളയായി ഇരുന്നാൽ എന്താ ഡോക്ടറായ നിങ്ങളെ പണവിഷയത്തിൽ ഞങ്ങൾ വഞ്ചിച്ചില്ലല്ലേ എന്ന് ന്യായം പറഞ്ഞു സംസാരിച്ചതായി ഞാൻ അറിഞ്ഞു. ഈ അടുത്ത കാലത്ത് തിരുവനന്തപുത്തിന് അടുത്തുള്ള മാർത്താണ്ഡം എന്ന സ്ഥലത്തു കൺവെൻഷനു ഞാൻ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ, കാരക്കോണം മെഡിക്കൽ കോളേജിൽ നിന്നും ഡോക്ടർമാർ നേരിട്ട് Dr.Pushparaj ആകിയ എന്നെ വന്ന് കണ്ട് ഈ വിഷയം എന്നോടു അറിയിച്ചു. ഇനിയും ഞങ്ങൾ എന്തു ചെയ്യണം എന്നും എന്നോടു ചോദിച്ചു ഞങ്ങളുടെ മനസ്സാക്ഷി ആ കറുപ്പു പണം വാങ്ങാൻ അനുവദിക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾ മെഡിക്കൽ കോളേജിൽ നിന്ന് രാജിവയ്ക്കുവാൻ പോകുന്നു എന്ന് പറഞ്ഞു. ഈ വിഷയം എന്നെകൊണ്ട് വിശ്വസിക്കാൻ സാധിച്ചില്ല. എന്നാലും ഇപ്പോൾ ആ ഡോക്ടർമാർ രാജിവെച്ച് പോയി എന്ന് ഞാൻ കേൾവിപ്പെട്ടു. ഇതെല്ലാം കേൾക്കുമ്പോൾ ദക്ഷിണ ഇന്ത്യയിലുള്ള ഒരേ ഒരു സി.എസ്.ഐ മെഡിക്കൽ കോളേജിൽ ഇങ്ങനെ ഒരു മോശമായ നിർവാഹത്തിനെ കുറിച്ചു അറിഞ്ഞു വേദനപ്പെട്ടു പ്രാർത്ഥിക്കുവാനല്ലാതെ വേറെ ഒന്നും ചെയ്യുവാൻ കഴിയുന്നില്ല. ഇതിന്റെ താഴെ പത്രവാർത്തയെ നിങ്ങൾ വായിക്കണം. അതിനെ അതേപോലെ പരസ്യപ്പെടുത്തുന്നു.

# മലയാളമനോരമ - 25.09.2014

കാരക്കോണം മെഡി.കോളേജ് പ്രിൻസിപ്പലിന്റെ വീട്ടിലും ഓഫീസിലും സിബിഐ റെയ്ഡ്

ന്യൂഡൽഹി : തിരുവനന്തപുരത്തെ കാരക്കോണം മെഡിക്കൽ കോളേജില്ഡ ബിരുദാനന്തര കോഴ്സുകൾ അനുവദിച്ചതിലെ ക്രമക്കേടു സംബന്ധിച്ച് കേസിൽ പ്രിൻസിപ്പൽ ഡോ.സാംസൺ, ഡൽഹിയിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മൂന്ന് ഉദ്യോഗസ്ഥന്മാർ എന്നിവരുടെ ഓഫീസുകളിലും വീടുകളിലും സിബിഐ റെയ്ഡ് ചെയ്തു. ഇവർക്കെതിരെ കേസെടുത്തതായി സിബിഐ വ്യക്തമാക്കി.

2012 മാർച്ച് 31ന് കാരക്കോണം മെഡിക്കൽ കോളേജിന് പിജി കോഴ്സുകൾ തുടങ്ങാൻ മെഡിക്കൽ കൗൺസിൽ അനുമതി നൽകിയത് അനധികൃതമായാണ് എന്ന പരാതിയിന്മേലാണിത്. 2011-ൽ കോളേജിൽ പരിശോധന നടത്തിയ മെഡിക്കൽ കൗൺസിൽ സംഘം പോരായ്മകളും പിഴവുകളും ചൂണ്ടിക്കാട്ടിയിരുന്നു. ഇവ നിനിൽക്കവേ തന്നെ പിജി കോഴ്സിന് അനുമതി നൽകുകയും യന്ത്രസാമഗ്രികളും മറ്റും പിന്നീട് വാങ്ങി സ്ഥാപിക്കുകയും ചെയ്തു എന്നാണ് സിബിഐ ചൂണ്ടിക്കാട്ടുന്നത്. ബാങ്ക് ഗാരന്റി സംബന്ധിച്ച കത്തും വൈകിയാണ് നൽകിയത്.

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഈ പോരായ്മകളും പിഴവുകളും പരിഗണിക്കാതെ കോഴ്സ് അനുവദിച്ചുവെന്ന് സിബിഐ പറയുന്നു. അനുമതി ലഭിക്കാനായി പ്രിൻസിപ്പൽ മെഡിക്കൽ കോഴിസിൽ അധികൃതരുമായി ഒത്തുചേർന്ന് തെറ്റായ രേഖകളും വിവരങ്ങളും സമർപ്പിച്ചു എന്നും സിബിഐ കുറ്റപ്പെടുത്തുന്നു.

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അഡീഷണൽ സെക്രട്ടറി ഡോ.പി.പ്രസന്നരാജൻ, ഡെപ്യൂട്ടി സെക്രട്ടറി അശോക് കുമാർ, മുൻ ഉപദേശകൻ ഡോ.മധു ഹോണ്ട എന്നിവരുടെ ഓഫീസും വീടുമാണ് റെയ്ഡു ചെയ്തത്. ഡോ. പ്രസന്നരാജൻ സസ്പെൻഷനിലാണ്. കാരക്കോണം മെഡിക്കൽ കോളേജില ഭരണസമിതിയിലെ തന്നെ ചില അംഗങ്ങൾ സിബഐക്ക് പരാതി അയച്ചിരുന്നു. ഈ പരാതികളും കൂടി കണക്കിലെടുത്താണ് സിബിഐ കേസെടുത്തത്. ഒരു മാസം മുമ്പ് പരിശോധന നടത്തിയാണ് കേസ് രജിസ്റ്റർ ചെയ്യാൻ വേണ്ട രേഖകൾ കണ്ടെടുത്തത്.

## പത്രവാർത്തയ്ക്കു ബിഷപ്പിന്റെ മറുപടി :

# മലയാളമനോരമ



**29.09.2014**

പിജി സീറ്റുകൾ വേണ്ടി അനധികൃത മാർഗ്ഗം സ്വീകരിച്ചില്ലെന്ന് മഹായിടവക

തിരുവനന്തപുരം : പിജി സീറ്റുകൾക്കുവേണ്ടി കാരക്കോണം ഡോ.സോമർവെൽ മെമ്മോറിയൽ സിഎസ്ഐ മെഡിക്കൽ കോളേജ് അധികൃതർ അനധികൃത മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ലെന്നു സിഎസ്ഐ ദക്ഷിണകേരള മഹായിടവക വ്യക്തമാക്കി.

ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ചട്ടങ്ങളനുസരിച്ചു 2011-2012ൽ 11 വിഷയങ്ങളുടെ പിജി കോഴ്സിനു കോളേജ് അപേക്ഷിച്ചിരുന്നു. അതിൽ നാല വിഷയങ്ങളുടെ ബാങ്ക് ഗാരന്റി നിശ്ചിത തീയതിക്കു രണ്ടുദിവസം വൈകി സമർപ്പിച്ചുവെന്ന കാരണത്താൽ ലെറ്റർ ഓഫ് ഇന്റന്റ് മാത്രമേ ലഭിച്ചുള്ളൂ. ലെറ്റർ ഓഫ് പെർമിഷൻ ലഭിക്കാത്തതിനാൽ ആ വർഷം പിജി കോഴ്സുകൾ ആരംഭിക്കാൻ കഴിഞ്ഞില്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് ഔദ്യോഗിക യോഗം കൂടി ഓരോ വിഷയത്തിനും 85 ലക്ഷം രൂപ ബാങ്ക് ഗാരന്റി അടയ്ക്കാൻ രേഖാമൂലം ആവശ്യപ്പെട്ടതിനുസരിച്ചു 2012-ൽ ഫീസ് അടച്ചതിനു ശേഷമാണു 2012-2013 കോഴ്സ് ആരംഭിക്കാൻ ലെറ്റർ ഓഫ് പെർമിഷൻ ലഭിച്ചത്.

ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ചില ഉദ്യോഗസ്ഥർക്കെതിരെയുള്ള അഴിമതി ആരോപണങ്ങളെ തുടർന്നു പല കോളേജുകളിലും അന്വേഷണം നടത്തുന്നതിന്റെ ഭാഗമായാണു കാരക്കോണം മെഡിക്കൽ കോളേജിലും എത്തിയതെന്നു മഹായിടവക വ്യക്തമാക്കി.

സഭയിൽ തന്നെയുള്ള ചിലരുടെ പരാതിയിൻമേലാണു പരിശോധനയുണ്ടായത്. പരാതിക്കാർ മഹായിടവകയിൽ ഔദ്യോഗ സ്ഥാനങ്ങൾ നഷ്ടപ്പെട്ടവരും ശിക്ഷണ നടപടികൾക്കു വിധേയരായവരുമാണെന്നു മഹായിടവക Bishop Rt.റവ.എ.ധർമ്മരാജ് റസാലും അറിയിച്ചു.

## ജാമക്കാരന്റെ കുറിപ്പ് :-

കർത്താവിന്റെ പ്രിയ വായനക്കാർക്ക് മുകളിൽ വായിച്ച നമ്മുടെ സി.എസ്.ഐ ക്രിസ്തീയ സ്ഥാപനങ്ങളുടെ സാക്ഷി നഷ്ടപ്പെട്ട വാർത്തകൾ നിങ്ങളുടെ എല്ലാവരുടെയും ഉള്ളത്തിലും വളരെ വേദന ഉണ്ടാക്കി എന്ന് വിശ്വസിക്കുന്നു. C.T.Stud, William cary മാതിരിയുള്ള മിഷണറികൾ താങ്കളെ ദൈവവേലയ്ക്കു അർപ്പിച്ചപ്പോൾ താങ്കളുടെ വീടു വിറ്റു കാർ വിറ്റു താങ്കളുടെ സ്വത്തുകൾ മുഴുവനും വിറ്റു ആ പണം താങ്കളുടെ സ്വത്തുക്കൾ മുഴുവനും വിറ്റു ആ പണം മുഴുവനു എടുത്തുകൊണ്ട് വന്ന് നമ്മുടെ ഭാരതദേശത്തിൽ മിഷണറി പ്രവർത്തനത്തിന് വേണ്ടി ചിലവാക്കി സ്കൂൾ പണിതു വിദ്യാർത്ഥികൾക്ക് ഉടുപ്പുകളും പുസ്തകങ്ങളും സൗജന്യമായി കൊടുത്തു. ആശുപത്രി പണിതു. ഇതിൽ നിന്നെല്ലാം അവർ ഒരു ലാഭവും തനിക്കോ, തന്റെ കുടുംബത്തിനോ വേണ്ടി ഉണ്ടാക്കിയിട്ടില്ല. ഇന്ത്യയിൽ വന്ന എല്ലാ മിഷണറികളും സ്ഥാപത്തിനു വേണ്ടിയും ആശുപത്രിക്കു വേണ്ടിയും താങ്കളുടെ പണത്തെ ചിലവഴിച്ചു. പക്ഷെ ഇന്ന് അങ്ങനെയല്ല. കോളേജിൽ ....ആശുപത്രിയിലിരുന്നു. ഭാരവാഹികൾ ആയിരിക്കുന്ന താങ്കൾക്ക് എത്ര കിട്ടും എന്ന പ്രതീക്ഷയിലാണ് നിർവാഹ ഇലക്ഷനിൽ ഭയങ്കര മത്സരം നടക്കുന്നു. പല ഡയോസിസുകളും മെഡിക്കൽ കോളേജും എൻജിനീയറിംഗ് കോളേജും പണിയാൻ കൊതി കാണിക്കുന്നു. ആ കൊതി കാണിക്കുന്നവർ സേവനം ചെയ്യാൻ വേണ്ടിയല്ല. ഈ സ്ഥാപനം മൂലം ഒരു സീറ്റിന് എത്ര രൂപ കിട്ടും? ലക്ചറർ പോസ്റ്റിന് എത്ര രൂപാ കിട്ടും? എന്നുള്ള ഉദ്ദേശത്തോടെയാണ് ഈ സ്ഥാപനങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നത്. ഗവൺമെന്റ് നിർണ്ണയിച്ച പണത്തിന് കൂടുതലായി ആരാണ് പണം കൊടുക്കുന്നത് അവർക്ക് സീറ്റ് ഉറപ്പാണ്. ജോലിയും കിട്ടുന്നു. കൂടുതലായി കൊടുക്കുന്ന പണത്തിന് രസീതു ഇല്ല. ആ വിദ്യാർത്ഥികൾ കൊടുക്കുന്ന കൂടുതൽ പണം എവിടെ പോകുന്നു എന്നത് കണ്ടുപിടിക്കാൻ സി.ബി.ഐ മൂലം അന്വേഷിക്കാൻ ഏർപ്പാടുകൾ നടക്കുന്നു...............തിരുനെൽവേലി സി.എസ്.ഐ ഡയോസിസ് ഏകദേശം ഇതേപോലെയുള്ള ഒരു സ്ഥിതി തിരുനെൽവേലിലും നടന്നു. അതിന്റെ ഒരു പത്രവിവരണമാണ് താഴെ ഞാൻ

പരസ്യപ്പെടുത്തുന്നത്. വാർത്ത തമിഴിൽ ആയതിനാൽ ആ വാർത്തകളെ മലയാളത്തിൽ ചുരുക്കമായി എഴുതുന്നു. മുകളിൽ വായിച്ച പത്രവാർത്തകളിൽ ...... തിരുനെൽവേലി സി.എസ്.ഐ ഡയോസിസിന്റെ സ്കൂൾ ഹെഡ്മിസ്ട്രസ് തൂങ്ങി മരിച്ചതിന്റെ വിവരമാണ് നിങ്ങൾ മുകളിൽ വായിച്ചത്. ഈ പടത്തിൽ കാണുന്ന ടീച്ചർ ജോലി ചെയ്യുന്ന സ്ഥലത്തിൽ ഇരുന്ന 2 വർഷത്തിൽ ഒരിക്കൽ സി.എസ്.ഐ നിർവാഹം - സ്ഥലം മാറ്റും, അതേസ്ഥലത്തു തന്നെ ജോലി ചെയ്യേണം എങ്കിൽ സി.എസ്.ഐ നിർവാഹത്തിന് ലക്ഷം കോഴപണമായി കൊടുത്താൻ ആ സ്ഥലത്തിൽ തുടരും ഇങ്ങനെ 11 പ്രാവശ്യം ലക്ഷങ്ങൾ ചോദിച്ചതായും ആ ടീച്ചർ കത്ത് എഴുതി ഇനി കൂടുതൽ കോഴപ്പണം കൊടുക്കാൻ എന്നെ കൊണ്ടു സാധിക്കാത്തതും പ്രായപൂർത്തിയായ രണ്ട് പെൺപിള്ളകൾ പഠിക്കാനും വിവാഹം ചെയ്യാനും പണം എനിക്കു ആവശ്യമായിരിക്കുന്നു. ഇനിയും കോഴപ്പണം കൊടുക്കാൻ എന്നെ കൊണ്ട് സാധിക്കില്ല എന്ന് ബിഷപ്പിനോടും നിർവാഹത്തോടും പറഞ്ഞിട്ടും ഒരു നടപടിയും എടുക്കാത്തതിനാൽ ഞാൻ തൂങ്ങിമരിക്കുന്നു. എന്ന് കത്ത് എഴുതിവച്ച് ആ ഹെഡ്മിസ്ട്രസ് തൂങ്ങി മരിച്ചു. പോലീസ് അന്വേഷണം നടത്തി കറസ്പോണ്ടൻസ്, മാനേജർ, നിർവാഹികൾ എല്ലാവരെയും പിടിച്ചു പോലീസ് സ്റ്റേഷനിൽ ആക്കിയിരിക്കുന്നു. ബിഷപ്പിനെ മാത്രമേ അറസ്റ്റ്ചെയ്തിട്ടില്ല. ഈ വാർത്തകൾ പത്രത്തിൽ വന്നശേഷം സി.എസ്.ഐയ്ക്കു എത്ര വലിയ തലകുനിവ് ഉണ്ടായിട്ടുണ്ട്. ഇതേപോലെ അന്യായങ്ങൾ പല സ്ഥലങ്ങളിലും തുടർന്ന് നടന്നുകൊണ്ടിരിക്കുന്നു. ഇതിനെ അവസാനിപ്പിക്കാൻ ആരെക്കൊണ്ടും സാധിച്ചില്ലല്ലോ? പത്രത്തിൽ പരസ്യപ്പെടുത്താത്ത പല ക്രൂരതകൾ പല സ്ഥലത്തും തുടർന്നു നടന്നുകൊണ്ടിരി ക്കുന്നു ഇതിന്റെ അവസാനം എവിടെ?

## വായനക്കാരുടെ ശ്രദ്ധയ്ക്കു - അറിയിപ്പ്
## മണിയോടർ (EMO)

EMO വഴി ആയി മണിയോടർ അയിച്ചവർ പണം അയിച്ചിട്ടും മാസിക എന്തു കൊണ്ട് അയിച്ചില്ല എന്നു എനിക്കു കത്തെഴുതി ചോദിക്കുന്നു. ഇപ്പോഴുള്ള EMO മണിയോടറിൽ, ഏതു കാര്യത്തിനുവേണ്ടി പണം അയച്ചു എന്നു വിവരം എഴുതാൻ സാധിക്കുന്നില്ല.

അതുകൊണ്ട് മണിയോടർ വഴിയായോ, ഓൺലൈൻ മൂലം ബാങ്കു വഴിയായോ പണം അയക്കുന്നവർ. നിങ്ങളുടെ മേൽ വിലാസത്തിനോടൊപ്പം ഏതു കാര്യത്തിനു വേണ്ടി അയച്ചു എന്നു കത്തെഴുതി അറിയിച്ചാൽ വളരെ ഉപഹാരമായിരിക്കും.

■ എന്റെ ബാങ്ക് പാസ്ബുക്കിൽ ഓൺലൈൻ വഴിയായി പണം അയക്കുന്നവരുടെ പേരും, സ്ഥലവും പോലും സൂചിപ്പിക്കുന്നില്ല. അതുകൊണ്ടു പണം അയച്ചയുടനെ ഒരു കത്തു വഴിയായി നിങ്ങൾ പണം അയച്ച വിവരം, കാരണം, തുക, ബാങ്കിന്റെ പേര്, നിങ്ങളുടെ വിലാസം, ഏതു തിയതി എന്നല്ലാം എഴുതി അറിയിച്ചാൽ രസീത് അയിക്കാൻ സൗകര്യം ആയിരിക്കും. അതു മാത്രമല്ല പ്രധാനമായി **ഇൻകം ടാക്സിനു** അര് അയച്ചു, എന്തിനു വേണ്ടി അയച്ചു എന്ന വിവരങ്ങൾ അറിയിക്കാൻ വളരെ ഉപയോഗമായിരിക്കും. ഈ വിഷയത്തിൽ നിങ്ങൾ എന്നോടു സഹകരിക്കണം. ഈ ദൈവ വേലയിൽ പങ്കുചേരുന്ന നിങ്ങൾ ഏവരെയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

# ഒരു സി.എസ്.ഐ ബിഷപ്പിന്റെ കുമ്പസാരം



BISHOP. Rt.Rev.
J.D.JEBACHANDRAN

തമിഴ്നാട്ടിലെ ബിഷപ്പു അവർകളെ സി.എസ്.ഐ സിനാഡ് സസ്പെന്റ് ചെയ്ത വിവരം ഏകദേശം നിങ്ങൾ എല്ലാവരും അറിഞ്ഞു കാണുമല്ലോ.

ഇദ്ദേഹം ഗ്രാമത്തിൽ അച്ഛനായി ശുശ്രൂഷിച്ചു മാത്രമേ പരിചയമുള്ളൂ. ഇംഗ്ലീഷ് സംസാരിക്കാൻ അറിയാത്ത ഒരാളാണ്. തുത്തുക്കുടി **കെമിക്കൾ മണൽ** വിൽക്കുന്ന കോടീശ്വര സി.എസ്.ഐ വ്യാപാരികൾ തുത്തുക്കൂടി സി.എസ്.ഐ നിർവാഹികളായി ഇരുന്നതുകൊണ്ട് താങ്കൾ പറയുന്നതുപോലെ അനുസരിക്കുന്ന ഒരു ബിഷപ്പു ഇവർക്കു ആവശ്യമായിരുന്നു. അതുകൊണ്ട് ബിഷപ്പ് ഇലക്ഷനിൽ പാനലിൽ വന്ന നാലാമത്തെ ആളായി ഇദ്ദേഹത്തെ വിജയിപ്പിച്ചു. **മോഡറേറ്റർ സുഗന്ദർ** അവർകൾ കാലത്തിൽ 1.1/4 കോടി പണവും മോഡറേറ്ററുടെ കൊച്ചുമകൾക്ക് അരകച്ച് 23 പവനും തങ്കത്തിൽ ചെയ്തു കൊടുത്തു ഇദ്ദേഹത്തെ ബിഷപ്പാകുവാൻ വിലപേശിയതായി പറയപ്പെടുന്നു. ഈ വിവരം ഫോട്ടോ സഹിതം ഞാൻ ജാമക്കാരനിൽ പല വർഷങ്ങൾക്കു മുമ്പ് പരസ്യപ്പെടുത്തിയതാണ്. ബിഷപ്പായശേഷം ഡയോസിസിൽ നിന്നും പല കോടികൾ ഇദ്ദേഹത്തിന്റെ ഒപ്പ് വാങ്ങി നിർവാഹത്തിലുള്ള ആ വ്യാപാരികൾ എടുത്തു.

ഈ സമയത്തിൽ ഓഡിറ്റിങ്ങിൽ താൻ അകപ്പെടും എന്നു പേടിച്ചു ഇദ്ദേഹം 23 Cheque ലിഫീൽ ഒപ്പിട്ടു സെക്രട്ടറിയുടെ കൈയിൽ ഏൽപ്പിച്ചിരുന്നു ആ ചെക്ക് ഉപയോഗിച്ച് എത്രകോടി എടുക്കുമോ എന്ന് ഇദ്ദേഹത്തിന്റെ മനസിൽ ഉണ്ടായിരുന്നു ഇതിൽ നിന്നും രക്ഷപ്പെടുവാൻ കേരളാ ബിഷപ്പു ഒരുവരോടു ആലോചന ചോദിക്കുവാൻ എന്റെ സഹായം ആവശ്യപ്പെട്ടു. എന്റെ പ്രോഗ്രാം അനുസരിച്ചു രണ്ട് ബിഷപ്പുമാരും ഞാനും സന്ദർശിക്കുവാൻ ഒരു സ്ഥലത്തെ ഏർപ്പാടു ചെയ്തിരുന്നു. ഞാൻ ഏർപ്പാടു ചെയ്ത കേരളാ ബിഷപ്പും എന്റെ ആലോചനയെക്കാൾ ഒരു വക്കീലിന്റെ ആലോചന കേട്ടു നടക്കുന്നതാണ് നല്ലത് എന്ന അഭിപ്രായം പറഞ്ഞു. ഇതിന്റെ ഇടയിൽ ഒരു പോലീസ് ഐ.ജി. ക്രിസ്ത്യാനി ഇടപെട്ട് ബിഷപ്പിനെ രക്ഷിക്കുവാൻ സഹായിച്ചു. രഹസ്യ സ്ഥലത്തിൽ ബിഷപ്പിനെ വരുത്തി. നിങ്ങളുടെ ഒപ്പു മാറ്റി തമിഴിൽ ഒപ്പുടവാനുള്ള ഏർപ്പാടും അതിനെ ഗസ്റ്റിൽ വരുത്തി പത്രത്തിൽ പരസ്യപ്പെടുത്തേണം. അങ്ങനെ പരസ്യപ്പെടുത്തുന്നതിന് മുൻപ് ആ വിവരം ചെക്ക് ബുക്ക് വച്ചിരിക്കുന്ന മറ്റാളുകൾ അറിയുവാൻ പാടില്ല. ബാങ്കിലെ മാനേജർമാരോടു മാത്രം രഹസ്യമായി വിവരം അറിയിച്ച് ഇനിമേലാൽ ഇംഗ്ലീഷിൽ ഒപ്പിട്ട എന്റെ ചെക്ക്ലീഫ് ചെലത്തില്ല എന്ന് എഴുതി അറിയിക്കേണം. തമിഴിൽ തന്നെ നിങ്ങളുടെ ഒപ്പം ഇനി വരണം. ഈ വിവരം ചെക്ക്ബുക്ക് വച്ചിരിക്കുന്ന ആളുകൾ അറിയുന്നതിന് മുൻപ് ബാങ്ക് മാനേജറിനെ അറിയിച്ചാൽ ഡയോസിന്റെ കോടിക്കണക്കിനുള്ള പണങ്ങൾ മോഷ്ടിക്കുന്നത് തടയാൻ സാധിക്കും എന്ന് അറിയിച്ചു. അതുപോലെ തന്നെ ബിഷപ്പു അവർകൾ ചെയ്തു ജയിച്ചു ഏകദേശം ബിഷപ്പു ഒപ്പിട്ട 23 ചെക്ക് ലീഫ് ചെല്ലാത്തതായി. പണം ഡയോസിൽ നിന്നും മോഷ്ടിച്ച സി.എസ്.ഐ നിർവാഹികളായി ആ കോടീശ്വരർകൾ ജയിലിലടക്കപ്പെട്ടു. ഡയോസിസ് പണവും ബിഷപ്പും രക്ഷപ്പെട്ടു.

അതിന്റേ ശേഷം ബിഷപ്പിനു പുതിയ ധൈര്യം ഉണ്ടായി താൻ ഇട്ടതു തന്നെ നിയമം എന്ന സർവ്വ അധികാരിയായി മാറി. പല ലക്ഷങ്ങൾ ഇദ്ദേഹം തന്നെ മോഷ്ടിക്കാൻ തുടങ്ങി. ലൈംഗീക പാപങ്ങളിലും വീണുപോയി. അതിന്റെ ശേഷം സിനഡ് നടപടി എടുത്തതും സസ്പെന്റ് ചെയ്തതും നിങ്ങൾ എല്ലാവരും അറിയും. ഒന്നര വർഷമായി ഇപ്പോൾ ഡയോസിസിന് ബിഷപ്പും ഇല്ല. മധുരയിലെ അച്ചരനെ ബിഷപ്പിനു കമ്മിസറിയായി സിനഡ് നിയമിച്ചിരിക്കുന്നു.

ഇപ്പോഴത്തെ സ്ഥിതിയിൽ രാജിവെയ്ക്കാൻ ആലോചന പറഞ്ഞിട്ടും വി.ആർ.എസ് എടുക്കാൻ ആലോചന പറഞ്ഞിട്ടും ബിഷപ്പ് കേൾക്കുന്നില്ല. എന്നെ സി.എസ്.ഐ സിനാഡ് തന്നെ ഡിസ്മിസ് ചെയ്യണം എന്ന് ബിഷപ്പു അവർകൾ വാശിയായി നിൽക്കുന്നു. ഇതിൽ ഉള്ള നിയമപ്രശ്നം ഡിസ്മിസ് ചെയ്താൽ ഉണ്ടാകും. അതിൽ ബിഷപ്പു പ്രതീക്ഷിക്കുന്ന ഒത്തിരി ലാഭങ്ങൾ കിട്ടും എന്ന് വക്കീലന്മാർ പറയുന്നു. ഇനിയും ബിഷപ്പിന്റെ കത്ത് വായിക്കുക.



Jesus, the humble suffering servant is the powerful conquering king and Judge.

Church of South India

**THOOTHUKUDI - NAZARETH DIOCESE**

The Rt.Rev. Dr. J.A.D. Jebachandran,
M.A., B.G.L., B.D.,D.D.,
Bishop of Thoothukudi - Nazareth Diocese
Chairman TND & Manager, TND Colleges
(Off.) 0461 - 2345430
Tele Fax : 0461 - 2346911
e-mail : bishoptndone@yahoo.com

ஒரு தாழ்மையான ஜெப வேண்டுகோள்

Bishop's House,
111/32-T, State Bank Colony,
Thoothukudi - 628 002,
Tamilnadu, South India.
web: www.csitnd.org

Ref :

18.09.2014

கிறிஸ்துவுக்குள் பிரியமான சபை மக்களுக்கு,

விடுதலை நாயகராம் இயேசுகிறிஸ்துவின் நாமத்தில் வாழ்த்துக்கள். எந்த தகுதியும் இல்லாத என்னை தூத்துக்குடி – நாசரேத் திருமண்டலத்தின் முதல் பேராயராக அழைத்த ஆண்டவரைத் துதிக்கிறேன். திருமண்டல நிர்வாகங்களில் ஏற்பட்ட சில காரியங்களின் நிமித்தம் 25.02.2013 அன்று நடைபெற்ற சினாடு செயற்குழு கூட்டத்தில் நான் நடந்துகொண்ட விதத்திற்காக இடைநீக்கம் செய்யப்பட்டுள்ளேன் என்பதை அறிவீர்கள். அதற்காக நேரிலும், எழுத்து மூலமாகவும் மன்னிப்பு கோரினேன் மற்றும் வழக்குகளை வாபஸ் பெற்றேன். 25.07.2013 அன்று நடைபெற்ற சினாடு Working Committee கூட்டங்களில் திருமண்டல தேர்தல் நடைபெற்று முடிந்தபிறகு என்னுடைய suspensionஐ ரத்து செய்வதை மகா – கனம் Moderator அவர்கள் முடிவு செய்வார்கள் என்று தீர்மானிக்கப்பட்டது.

தூத்துக்குடி – நாசரேத் திருமண்டலத்தில் தேர்தல் முடிவுற்று புதிய நிர்வாகிகள் பொறுப்பேற்ற பிறகு இடைநீக்கம் குறித்த காரியத்தை விசாரிப்பதற்கு சினாடு கோர்ட்டுக்கு அழைத்தார்கள். அக்கூட்டத்தில் நான் Voluntary Retirement கொடுத்து பேராயர் பொறுப்பிலிருந்து விலக வேண்டுமென்று கூறினார்கள். அதற்காக எனக்கு சன்மானமாக என்னுடைய பணிகால முழு சம்பள பணமும், வீடு வசதிகள் செய்து தருவதாகவும் கூறினார்கள். ஆண்டவரே என்னை பேராயர் ஊழியத்திற்கு அழைத்திருக்கிறபடியால் நானாக பேராயர் பொறுப்பிலிருந்து விலகுவது ஆண்டவருடைய அழைப்பை மீறுவதாகும் என்று உணர்த்தப்பட்டு, சினாடு நிர்வாகம் என்னை நீக்கினால் மட்டும் அதை ஆண்டவரின் சித்தமாக ஏற்றுக்கொள்கிறேன் எனக் கூறி வந்துள்ளேன்.

இந்நிலையில் கர்த்தருடைய பரிபூரண சித்தம் கர்த்தரால் எனக்கு கொடுக்கப்பட்டுள்ள பேராயர் ஊழியத்தில் நிறைவேறும்படி ஜெபிக்க வேண்டுகிறேன். உங்களுக்காகவும் ஜெபிக்கிறேன்.

"அன்றியும், அவருடைய தீர்மானத்தின்படி அழைக்கப்பட்டவர்களாய்த்தேவனிடத்தில் அன்புகூருகிறவர்களுக்குச் சகலமும் நன்மைக்கு ஏதுவாக நடக்கிறதென்று அறிந்திருக்கிறோம்". (ரோமர் 8:28)

விடுதலை நிலையில் வாழ்வதற்கென அழைக்கப்பட்டீர்கள். ...அன்பினால் ஒருவருக்கொருவர் தொண்டு செய்யுங்கள். கலாத்தியர் 5:13

*You are called to be free, ...Let love make you serve one another. Galatians 5:13*

ക്രിസ്തുവിൽ പ്രിയമായ സഭാജനങ്ങൾക്ക്, ഒരു യോഗ്യതയും ഇല്ലാത്ത എന്നെ (Rt. Rev.Dr.J.A.D.Jebachandran) തൂത്തുക്കുടി - നസ്റേത്ത് സി.എസ്.ഐ ഡയോസിസിന്റെ ആദ്യത്തെ ബിഷപ്പായി എന്നെ വിളിച്ച ദൈവത്തെ സ്തുതിക്കുന്നു. ഡയോസിസിൽ നടന്ന ചില സംഭവങ്ങൾ കാരണം 25.02.2013 അന്ന് സി.എസ്.ഐ സിനഡ് നിർവാഹയോഗത്തിൽ എന്റെ പെരുമാറ്റം കാരണമായി സസ്പെന്റ് ചെയ്തത് നിങ്ങൾ എല്ലാവരും അറിയും. അതിനുവേണ്ടി ഞാൻ മനസ്ഥാപപ്പെട്ട് നേരിട്ടും, എഴുത്തു വഴിയായും മാപ്പു ചോദിച്ച് കോടതി കേസുകളെയും തിരികെ വാങ്ങി. 25 ജൂലൈ 2013 അന്ന് സിനാഡ് വർക്കിംഗ് കമ്മിറ്റി യോഗങ്ങളിൽ ഡയോസിസ് ഇലക്ഷൻ നടന്നു കഴിഞ്ഞ ശേഷം എന്റെ സസ്പെൻഷനെ റദ്ദു ചെയ്യുന്നത് മോഡറേറ്റർ അവർകൾ തീരുമാനിക്കും എന്ന് പറയപ്പെട്ടു. പറഞ്ഞതുപോലെ ഇലക്ഷൻ കഴിഞ്ഞു. എന്റെ സസ്പെൻഷൻ അന്വേഷിക്കാൻ സിനാർഡ് കോർട്ടിലേക്ക് എന്നെ ക്ഷണിച്ചു.

ആ കൂട്ടത്തിൽ ഞാൻ Voluntary Retirement കൊടുത്തു. ബിഷപ്പു പദവിയിൽ നിന്നും നീങ്ങണം എന്ന് അവർ പറഞ്ഞു. അതിന് എനിക്കു സമ്മാനമായി ലീവ് കാല മുഴുശമ്പള പണവും, സ്വന്തമായി ഒരു വീടും തരുന്നതായി വാക്കു പറഞ്ഞു.

പക്ഷെ ഞാൻ അത് വേണ്ടാ എന്ന് ആക്കി ദൈവം തന്നെ എന്നെ ബിഷപ്പു വേലയ്ക്കു വിളിച്ചിരിക്കുന്നതുകൊണ്ട് ഞാനായി ബിഷപ്പു പദവിയിലിരുന്ന് വിരമിക്കുന്നത് ദൈവത്തിന്റെ വിളിയെ ലംഘിക്കുന്നതായി ഉണർന്നു സിനാഡ് നിർവാഹം തന്നെ എന്നെ സിഡ്മിസ് ചെയ്താൽ മാത്രം അത് ദൈവത്തിന്റെ ഹിതമായി ഞാൻ സ്വീകരിക്കും എന്ന് മറുപടി പറഞ്ഞു തൂത്തുക്കുടിക്കു തന്നെ തിരികെ വന്നു. ഈ സാഹചര്യത്തിൽ ഡയോസിസ് മക്കൾ എനിക്കു വേണ്ടി പ്രാർത്ഥിക്കണം.

നിങ്ങൾക്കു വേണ്ടി ഞാനും പ്രാർത്ഥിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവന്റെ ഉദ്ദേശമനുസരിച്ച് വിളിക്കപ്പെട്ടവർക്ക് തന്നെ സകലകാര്യങ്ങളും അവൻ നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്ന് നാം അറിയും. (റോമർ 8:27).

- sd.Rt.Rev.J.D.Jebachandran.

❖❖❖❖❖❖❖❖❖❖❖❖❖❖❖

## ജാമക്കാരൻ വായനക്കാർക്ക് ഒരു അറിയിപ്പ്

ജാമക്കാരൻ മാസിക വേണ്ട എന്നുള്ളവർ, നിങ്ങൾക്ക് ലഭിക്കുന്ന മാസികയിൽ, അഡ്രസ്സ്, ഭാഗത്തിൽ, അതു വെട്ടി, Refused എന്ന് എഴുതി Post ൽ ഇട്ടാൽ മതി. സ്റ്റാമ്പ് ഇല്ലാതെ തന്നെ അത് ഞങ്ങൾക്ക് ലഭിക്കുന്നത്. ഇത് മുഖാന്തരം നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ ലിസ്റ്റിൽ നിന്നു നീക്കം ചെയ്യുവാൻ സഹായകരമാക്കും.

* പതിവായി ഉള്ള വായനക്കാർ, മാസിക ലഭിക്കാതെ വന്നാൽ, നിങ്ങളുടെ മുഴുവൻ വിലാസവും എഴുതി complete നമ്പറും സൂചിപ്പിച്ച് എഴുതി അറിയിച്ചാൽ മാസിക ഉടനെ തന്നെ എത്തിച്ചുതരുന്നതാണ്.

* നിങ്ങൾക്ക് 2 ജാമക്കാരൻ ലഭിക്കുന്നു എങ്കിലും ഉടനെ ഞങ്ങളെ അറിയിക്കുക. കൂടുതൽ വരുന്ന മാസിക Refused എന്ന് എഴുതി തിരികെ അയക്കുക.



# അന്യഭാഷ




## പെന്തക്കോസ്തു

## സഭാദൈവവേലക്കാരിൽ പെടാപ്പാടു

ഇന്നത്തെ നവീന പെന്തക്കോസ്തു സഭകൾ, കരിസ്മാറ്റിക് ഉപദേശം ഉള്ള ദൈവവേലക്കാർ എന്നിവരിൽ പരിശുദ്ധാത്മാവു - അന്യഭാഷ എന്നുള്ള പേരിൽ വളരെ അപമാനപ്പെടുത്തപ്പെടുന്നു. ഇങ്ങനെയുള്ളവരിൽ അന്യഭാഷ അകപ്പെട്ടുപെടാപ്പാടുപെടുന്നു.

ഇവരുടെ **അഗ്നിഅഭിഷേകം, ആത്മാവിന്റെ വെള്ളച്ചാട്ടം, അഭിഷേക ആരാധന, സ്തുതി ആരാധന, അഭിഷേകം** എന്നിങ്ങനെ പല പേരുകളിൽ ആകർഷകമായി ജനങ്ങളുടെ മുന്നിൽ അറിയിച്ചു, **ശക്തി ക്യാമ്പ്** എന്നും ആത്മാവിന്റെ ശക്തി പ്രാപിക്കുന്നതു ഇങ്ങനെയെല്ലാം അറിയിച്ചു വിദ്യാഭ്യാസം ഉള്ളവരെയും, വിദ്യാഭ്യാസം ഇല്ലാത്തവരേയും സാധുക്കൾ, പ്രശ്നമുള്ളവർ ഇവരുടെ ആകർഷണ പരസ്യം കേട്ടു ധാരാളം പേർ കൂട്ടത്തിൽ സംബന്ധിച്ചതു കൊണ്ടു അങ്ങനെ സംബന്ധിച്ചവർ ഭ്രാന്തന്മാരായി മാറ്റപ്പെടുന്നു.

ഇങ്ങനെയുള്ള ദൈവവേലക്കാരെ പിശാചു തന്റെ വശത്താക്കി തന്റെ അവസാനകാല പദ്ധതി നിറവേറ്റിക്കൊണ്ടിരിക്കുന്നു.

ഇതുവരെ ഇങ്ങനെയുള്ളവരുടെ കൂട്ടത്തിൽ പിശാചു പ്രസംഗത്തിനുപിന്നിൽ അല്ലെങ്കിൽ പ്രസംഗത്തിനു മുന്നിൽ അല്പം അന്യഭാഷ എന്ന പേരിൽ സഭാജനങ്ങളെ വായ്കുഴപ്പിച്ചു.

## പുതിയ അറിയിപ്പ്

എന്നാൽ ഇപ്പോൾ വന്നു കൂടുന്നുവരെല്ലാം **അന്യഭാഷ** പറയുന്ന കൂട്ടം എന്ന പേരിൽ ഒരു പുതിയ അറിയിപ്പു പിശാചു ചെന്നൈയിൽ പരിചയപ്പെടുത്തി.

**അത്ഭുതകൂട്ടം, അമാവാസി രാത്രി, പാസ്റ്റർമാരുടെ അമാവാസി പ്രാർത്ഥന** എന്നീ പേരുകളിൽ **ക്രൈസ്തവമന്ത്രവാദികളായി** പ്രവർത്തിച്ച ഇങ്ങനെയുള്ളവർ ഇപ്പോൾ പിശാചിന്റെ പുതിയ ഒരു പദ്ധതി പരസ്യപ്പെടുത്തിയിരിക്കുന്നു.



ചെന്നൈ അസംബ്ലീസ് ഓഫ് ഗോഡ് **പാസ്റ്റർ വിക്ടർ രാജാമണി** അവർകൾ നടത്തുന്ന മാസികയിലാണു ആ അത്ഭുത അറിയിപ്പു കാണാൻ ഇടയായതു. ചെന്നൈയിലെ ജാമക്കാരൻ വായനക്കാരിൽ ചിലർ അദ്ദേഹത്തിന്റെ സഭക്കാർ തന്നെ. അവർ ആ പ്രത്യേക പരസ്യഭാഗത്തെ ഫോട്ടോകോപ്പി എടുത്തു എനിക്കു അയച്ചിരുന്നു.

അദ്ദേഹത്തിന്റെ 2014 മെയ് മാസ മാസികയുടെ 8-ാം പേജിൽ താഴെ കാണുന്നതു പോലെ സൂചിപ്പിച്ചിരിക്കുന്നു.

10 ദിവസ അന്യഭാഷ പ്രാർത്ഥന ദിവസവും 6 മണിമുതൽ 9 മണിവരെ നടത്തപ്പെടും

10 ദിവസവും അന്യഭാഷയിൽ തന്നെ പ്രാർത്ഥിക്കുന്നതു എങ്ങനെ?

ഇൻഡ്യയിൽ അല്ലെങ്കിൽ തമിഴ്നാട്ടിൽ എവിടെ എങ്കിലും ഇങ്ങനെ 10 ദിവസം ഇടവിടാതെ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നതു നിങ്ങൾ ആരെങ്കിലും കേട്ടിട്ടുണ്ടോ? അതിന്റെ അറിയിപ്പു തുടർന്നു നോക്കുവിൻ.

പാസ്റ്റർ വിക്ടർ രാജാമണി അവർകൾ 2014 ജൂൺ മാസത്തിൽ സംബന്ധിക്കുന്ന കൂട്ടങ്ങൾ

| നമ്പർ | തീയതി | പരിപാടിയും സമയവും | സ്ഥലം |
|---|---|---|---|
| 1 | മെയ് 30 മുതൽ ജൂൺ 7 വരെ | 10 ദിവസഅന്യഭാഷ പ്രാർത്ഥന ദിവസേന 6 മണിമുതൽ 9 മണിവരെ | |
| 2 | ജൂൺ 13 | അത്ഭുതകൂട്ടങ്ങൾ വൈകുന്നേരം 6 മണിക്ക് | |
| 3 | ജൂൺ 17 | മൗണ്ട് സുവിശേഷഐക്യം രാവിലെ 10 മുതൽ 1 മണിവരെ | |
| 4 | ജൂൺ 20, 21, 22 | ഉണർവുകൂട്ടം രാവിലെ 10 മുതൽ 1 മണിവരെ വൈകുന്നേരം 6 മുതൽ 9 വരെ | |
| 5 | ജൂൺ 27 | അമാവാസി പ്രാർത്ഥന വൈകുന്നേരം 6 മണിമുതൽ 9വരെ | |
| 6 | ജൂൺ 27, 28, 29 | സുവിശേഷയോഗങ്ങൾ വൈകുന്നേരം 7 മണിമുതൽ 9 വരെ | |

## പുതിയ ഇറക്കുമതി:

10 ദിവസ **അന്യഭാഷ** എന്നതു പുതിയ ഇറക്കുമതിയാകുന്നു. 1901 മുതൽ പെന്തക്കോസ്തുസഭ എന്ന പേരിൽ ആരംഭിച്ച പെന്തക്കോസ്തു സഭകളിൽ മറ്റെവിടെയെങ്കിലും 10 ദിവസം തുടർച്ചയായി അന്യഭാഷ സംസാരിച്ചതു നിങ്ങൾ ആരെങ്കിലും കേട്ടിട്ടുണ്ടോ? പരിശുദ്ധാത്മാവിനാൽ പ്രേരിതമായല്ല അന്യഭാഷ സംസാരിക്കുന്നതു എന്നു ഇതിൽ നിന്ന് വ്യക്തമല്ലേ.

ഇതു ഇവർക്കെല്ലാം അതിരു കടന്ന പ്രവൃത്തിയായി തോന്നുന്നില്ലേ? ബാംഗ്ലൂരിലെ മാനസിക രോഗാശുപത്രിയിൽ ചില മാനസികരോഗികൾ ഇങ്ങനെ 10 ദിവസങ്ങൾ അല്ല പല വർഷങ്ങളായി പല ഭാഷകളിൽ സംസാരിച്ചുകൊണ്ടിരിക്കുന്നതു ഞാൻ അറിഞ്ഞിരിക്കുന്നു. ഞാൻ എഴുതുന്ന ഇതു വായിക്കുന്ന ഈ ദൈവവേലക്കാർ അതേ ഞങ്ങളും ക്രിസ്തുവിനു ഭ്രാന്തന്മാർ തന്നെ എന്നു അഭിമാനത്തോടെ പറഞ്ഞുകൊണ്ടു മറ്റുള്ളവർ തങ്ങളോടു ചോദ്യം ചോദിക്കാതവണ്ണം തങ്ങളെ ന്യായപ്പെടുത്തും.

ഞാൻ ഇതു ഇവിടെ എഴുതുമ്പോൾ ചെന്നൈയിൽ 10 ദിവസങ്ങൾ പലരും അന്യഭാഷ സംസാരിച്ചു തീർത്തിരിക്കും. ഇവർ പലരും തങ്ങളുടെ വീടുകളിലും ഭ്രാന്തന്മാരെപ്പോലെ ആ അന്യഭാഷ തുടരും. ഇവരെല്ലാം പരിതാപഹർ.

പരിശുദ്ധാത്മാവിന്റെ അലങ്കാരം എന്ന തലക്കെട്ടിൽ പാസ്റ്റർ വിക്ടർ രാജാമണി അവർകളുടെ മാസികയിൽ 7-ാം പേജിൽ വചനത്തിനു യാതൊരു ബന്ധവുമില്ലാത്തതും വചനത്തിനു തുടർച്ചയില്ലാത്തതും യോജിക്കാത്തതുമായ വ്യാഖ്യാനം ബന്ധമില്ലാത്ത വചനം സൂചിപ്പിച്ചു എഴുതിയിരിക്കുന്നു.

**പരിശുദ്ധാത്മാവു:**

ലൂ:3:22 ൽ യോഹന്നാനു മാത്രം ജ്ഞാനസ്നാന മെശിഹ ആരാണെന്നതു മനസ്സിലാക്കാൻ **പിതാവിനാൽ** ഏർപ്പാടു ചെയ്യപ്പെട്ട പ്രാവു എന്നപോലെ എന്നുള്ള അടയാളം ചൂണ്ടിക്കാണിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിനു രൂപം ഇല്ലാത്തതുകൊണ്ടു ആ വചനത്തിൽ പരിശുദ്ധാത്മാവു പ്രാവിന്റെ രൂപത്തിൽ യേശുവിന്മേൽ ഇറങ്ങി വരുന്നതു **യോഹന്നാനെ** കാണിച്ചു. ആ പ്രാവിനെ വേദപുസ്തക

ത്തിൽ മറ്റു യാതൊരു സ്ഥലത്തും പരിശുദ്ധാത്മാവിനു അടയാളമായി ആർക്കും കാണാൻ സാധ്യമല്ല.

☞ പരിശുദ്ധാത്മാവിനെ പ്രാവ് എന്നു സൂചിപ്പിച്ചു യെശയ്യാവു 60:8; ഉത്തമഗീതം 2:14, 5:12; യിരെ:9:1; ലൂ:7:44. യെശ:38:14; ലേവ്യ:1:14 എന്നീ വചനങ്ങളിൽ ഒന്നെങ്കിലും പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നുണ്ടോ?

☞ അഗ്നിക്കു സമമായി പരിശുദ്ധാത്മാവിനെ മത്തായി 3:11; അ:പ്ര:2:3 എന്നീ വചനങ്ങൾ മൂലം ചൂണ്ടിക്കാണിച്ചിരിക്കുന്നു. നശിച്ചതിനെയും, മാനസാന്തരപ്പെടാത്തതിനെയും ഗോതമ്പിനെ ഉമിക്കു സമമാക്കി അവരെ **അഗ്നി** ചുട്ടെരിക്കാൻ പോകുന്നതായി അല്ലെങ്കിൽ നശിപ്പിക്കാൻ ആ വചനം താരതമ്യപ്പെടുത്തിയിരിക്കുന്നു. അ:പ്ര:2:3 ൽ പരിശുദ്ധാത്മാവിന്റെ ആദ്യ ഇറക്കത്തിനു മൂന്നു മുഖ്യ അടയാളങ്ങൾ ദൈവം അവിടെ ഏർപ്പാടു ചെയ്തു. ഈ അടയാളം **ബാബേൽ ഗോപുരം** പണിതപ്പോൾ അവരെക്കൊണ്ടു പല ഭാഷകൾ സംസാരിപ്പിച്ചു ഗോപുരം പണിയുന്നതു നിറുത്തിവയ്ക്കാൻ ഇടയാക്കി അന്നത്തെ കാലത്തെ യെഹൂദന്മാരെ **ലോകമെങ്ങും** ചിതറിച്ചു. ചിതറിക്കപ്പെട്ട ആ ജനങ്ങളെ അവർ ഓരോ പെസഹാ പെരുനാളിലും മുടങ്ങാതെ യെരുശലേമിൽ ദൈവത്തെ ആരാധിക്കാൻ വരുമായിരുന്നു. അങ്ങനെ വിവിധ ഭാഷകൾ സംസാരിച്ച യെഹൂദന്മാർ യെരുശലേമിൽ തങ്ങിയിരുന്നപ്പോൾ അവരെ ഒരു സ്ഥലത്തിൽ കർത്താവു വലിയ കാറ്റിനാൽ എങ്ങനെ ശബ്ദം ഉണ്ടാകുമോ അങ്ങനെയുള്ള കാറ്റിന്റെ ശബ്ദം പോലുള്ള ശബ്ദം ഉണ്ടായി. അതു കേട്ടവർ പതറിപ്പോയിട്ടു വീട്ടിൽ ഉണ്ടായിരുന്ന ചിലർ അവിടെ നിന്നു എന്തുകൊണ്ടു ശബ്ദം ഉണ്ടായി എന്നു നോക്കാൻ പുറത്തുവന്നു. അപ്പോഴാണു 120 പേർ തങ്ങിയിരുന്ന ആ വീട്ടിന്റെ അടുത്തു ജനങ്ങളെ കൊണ്ടുവന്നു കൂട്ടിച്ചേർക്കാൻ ആ വീട്ടിനു മുന്നിൽ അഗ്നിമയമായ നാവുകൾ പോലെ ജ്വാല (Flame) പോലെ ഉണ്ടായതു എന്നു സൂചിപ്പിച്ചിരിക്കുന്നു. മാത്രവുമല്ല അവിടെ അഗ്നിമയമായ നാവുകൾ കാണപ്പെട്ടു എന്നു എഴുതിയിട്ടില്ല എന്നതു നാം ശ്രദ്ധിക്കണം. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ എന്നു കത്തോലിക്ക വേദപുസ്തകത്തിൽ കാണുന്നു. ഇംഗ്ലീഷിൽ Looked like എന്നും മറ്റൊരു പരിഭാഷയിൽ Cloven Tongues Like തീ നാവുകൾ പോലെ എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ അവ തീ അല്ല. ആ അടയാളം കർത്താവു കാണിക്കാൻ കാരണം അതു മോശെയോടു ദൈവം സംസാരിച്ചപ്പോൾ മുൾച്ചെടിപറ്റി എരിഞ്ഞു - പുറ: 3:2. എന്നാൽ ആ മുൾച്ചെടി അഗ്നിജ്വാലയാൽ കത്തുന്നതും മുൾപ്പടർപ്പുവെന്തുപോകാതിരിക്കുന്നതും കണ്ടു. അതുപോലെ തന്നെ ഇവിടെയും കാണപ്പെട്ടു. **വാസ്തവമായ തീ അല്ല.** അഗ്നിജ്വാലപോലെ കാണപ്പെട്ടു. ഇതു യെഹൂദന്മാർക്കു മോശെയോടു കർത്താവു തീ പോലുള്ള ജ്വാലമൂലം സംസാരിച്ചതു ഓർമ്മപ്പെടുത്തി. അതുമുഖാന്തിരം ആ 120 പേർ നമ്മുടെ ദൈവത്തെ ആരാധിക്കുന്ന നമ്മുടെ വർഗ്ഗക്കാർ ആയതുകൊണ്ടു ഇവർ പറയുന്നതു നമുക്കു കേൾക്കാം എന്നുള്ള ഉണർവു ഇവർക്കുണ്ടായപ്പോൾ ദൈവം ആ ആദ്യത്തെ പരിശുദ്ധാത്മാവിന്റെ ഇറക്കത്തിലെ അഗ്നിമയമായ അടയാളമായി കാണിച്ചു. വേദപുസ്തകവ്യാഖ്യാനം ഇങ്ങനെയിരിക്കെ പെന്ത ക്കോസ്തു ദൈവവേലക്കാർ പരിശുദ്ധാത്മാവിന്റെ ആദ്യത്തെ ഇറക്കത്തിൽ കാണപ്പെട്ട ആ അടയാളം ഇപ്പോഴും വേണം എന്നു ചോദിക്കുന്നതു എന്തുമാത്രം ബുദ്ധിഹീനത. ഈ **സ്ഥലം കുലുങ്ങാൻ ഉള്ളം നിറഞ്ഞു ഇറങ്ങിവായേ** എന്നു സഹോ: സാം ജപദുരൈ അവർകൾ പാട്ടെഴുതി ഇന്നു പലരും അതു പാടുന്നു. **എന്തിനാണു സ്ഥലം കുലുങ്ങേണ്ടതു.** ആരാധന നടക്കുന്ന സഭയിലെ സ്ഥലം എന്തുകൊണ്ടു കുലുങ്ങണം എന്നു ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ചോദിക്കുന്നു. ഇദ്ദേഹമാണു തെറ്റായി ആ പാട്ടു എഴുതിയതു. എന്നാൽ എല്ലാ പെന്തക്കോസ്തു സഭക്കാരും **സ്ഥലം കുലുങ്ങണം** എന്നു നാം എന്തിനു പാടണം? സ്ഥലം കുലുക്കാൻ നാം എന്തിനു പ്രാർത്ഥിക്കണം? ഇങ്ങനെ ചോദിക്കുന്നതിൽ ഒരു അർത്ഥം വേണ്ടേ?

പാസ്റ്റർ വിക്ടർ രാജാമണി അവർകൾ പരിശുദ്ധാത്മാവിന്റെ അഗ്നിക്കു ചൂണ്ടിക്കാണിച്ച വചനങ്ങളെ വായിച്ചു നോക്കുവിൻ. 1 രാജാ:8:38; 39; യെശ:6:6, 7; സെഖര്യാവ് 2:5; 2 രാജാ:6:17; ഉത്തമഗീതം 8:6, 7; ലേവ്യർ 6:13; പുറപ്പാടു 3:2-4; യിരെ:20:7-9; 2 തിമൊ:1:6; റോമർ 12:11 ഈ വചനങ്ങളിൽ ഏതെ

ങ്കിലും ഒന്നു പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നുണ്ടോ? ചിന്തിച്ചു നോക്കുവിൻ.

☞ എണ്ണയ്ക്കു സമമായ പരിശുദ്ധാത്മാവും 1 ശമു:10:1; 16:1 ഇവിടെ സൂചിപ്പിച്ച ഈ രണ്ടു വചനവും പരിശുദ്ധാത്മാവിനെ സൂചിപ്പിച്ച ഈ രണ്ടു വചനവും പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്ന വചനം അല്ല. ഇതിൽ **അഭിഷേകം** എന്ന ഒരു വാക്കു വന്നുവത്രേ. ഉടനേ അതിനു പരിശുദ്ധാത്മാവു എന്ന പേരുവച്ചു.

☞ **അഭിഷേകം** എന്നു പറഞ്ഞാൽ നിയമിക്കപ്പെട്ടതു എന്നു അർത്ഥം. ശൗലിനെ യിസ്രായേലിനു രാജാവായി **അഭിഷേകം** ചെയ്യാൻ അവന്റെ മേൽ എണ്ണ ഒഴിച്ചു അഭിഷേകം ചെയ്യുക എന്നു പറഞ്ഞാൽ അവനെ രാജാവായി നിയമിക്ക എന്നാണു ദൈവം പറയുന്നത്. അതേ 1 ശമു:16:1 ൽ കൊമ്പിൽ തൈലം നിറച്ചു പുറപ്പെടുക. മറ്റൊരാളിനെ രാജാവായി നിയമിക്കാൻ ദൈവം ശമുവേലിനോടു പറയുന്ന സ്ഥലമാണിതു. **തൈലം, എണ്ണ** എന്നിവ പരിശുദ്ധാത്മാവു എന്നു ഇവർ പറയുന്നതു ഇവരുടെ സ്വന്തവ്യാഖ്യാനമാകുന്നു. ആലയസാധനങ്ങൾ അഭിഷേകം ചെയ്യാൻ ദൈവം പറയുന്നു. അങ്ങനെയാണെങ്കിൽ ആലയസാധനങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയ്ക്ക എന്നാണോ കർത്താവു പറയുന്നതു. എന്തൊരു മടയത്തരമായ വ്യാഖ്യാനമാണിതു. ആലയജോലി സാധനങ്ങൾ അഭിഷേകം ചെയ്യുക എന്നു പറഞ്ഞാൽ ആ സാധനങ്ങൾ ആലയ ഉപയോഗത്തിനായി മാത്രം ഉപയോഗിക്കേണ്ടതാകുന്നു എന്നാണു അർത്ഥം.

ഇങ്ങനെയുള്ള ചെറിയ വിഷയം പോലും വലിയ ദൈവവേലക്കാരെന്നു പറയുന്ന പല പെന്തക്കോസ്തു പാസ്റ്റർമാർക്കും അറിയാൻ പാടില്ലാതിരിക്കുന്നതു കുരുടൻ കുരുടനെ വഴി നടത്തുന്നതു പോലെ താനും തെറ്റായി മനസ്സിലാക്കിക്കൊണ്ടു തന്റെ സഭാജനങ്ങളെയും തെറ്റായി മനസ്സിലാക്കിച്ചു സഭാജനങ്ങളെ കുരുടരാക്കി നടത്തുന്നു.

ഈ എണ്ണ എന്നതു പരിശുദ്ധാത്മാവിനു അടയാളം എന്നതിനു പാസ്റ്റർ വിക്ടർ രാജാമണി അവർകൾ സൂചിപ്പിക്കുന്ന വചനങ്ങൾ വായിച്ചു നോക്കുവിൻ. സങ്കീ:45:7; എബ്രായർ 1:9. ആനന്ദതൈലം കൊണ്ടു അഭിഷേകം ചെയ്തിരിക്കുന്നു എന്ന ഇതേ വചനത്തെ എബ്രായർക്കെഴുതിയ ലേഖനം എഴുതിയ വ്യക്തി എബ്രായർ 1:9 ൽ സൂചിപ്പിച്ചു എഴുതിയിരിക്കുന്നു. ഇതിൽ പരിശുദ്ധാത്മാവിനെ എണ്ണയോടു ഏതു രീതിയിൽ താരതമ്യപ്പെടുത്താൻ സാധിക്കും?

പുറപ്പാടു 29:7; യെശ: 61:3 തൈലം ആശ്വാസം തരുന്നു എന്നു എഴുതിയിരിക്കുന്നു. ലൂ: 10:34; യാക്കോബ് 5:14; മത്തായി 25 എണ്ണ എരിക്കുന്നു എന്നു എഴുതിയിരിക്കുന്നു. സങ്കീ:33:5; 92:10; 1 ശമു: 9:16 എന്നീ വചനങ്ങൾ ഏതു രീതിയിൽ പരിശുദ്ധാത്മാവിനോടു താരതമ്യപ്പെടുത്താൻ സാധിക്കും.

☞ കാറ്റു പരിശുദ്ധാത്മാവിന്റെ ആദ്യ ഇറക്കത്തിനു അവിടുണ്ടായിരുന്ന യെഹൂദന്മാർക്കു ദൈവത്താൽ കാണിക്കപ്പെട്ട അടയാളം എന്നു ആരംഭത്തിൽ ഞാൻ സൂചിപ്പിച്ചു. എന്നാൽ പാസ്റ്റർ വിക്ടർ രാജാമണി ഇയ്യോബ് 37:21, 22; 1 രാജാ:19:11; യെഹെസ്ക്കേൽ 37:9; 10:14; യോഹ:3:8; 1 കൊരി: 12:11 തുടങ്ങി ഇനിയും ധാരാളം വചനങ്ങളെ ബന്ധമില്ലാതെ തന്നെ പരിശുദ്ധാത്മാവിനു താരതമ്യപ്പെടുത്തി എഴുതിയിരിക്കുന്നു.

### അന്യഭാഷയെപ്പറ്റി 'യേശുവിളിക്കുന്നു' പോൾ ദിനകരന്റെ വിശദീകരണം നോക്കുവിൻ

യേശുവിളിക്കുന്നു 2009 നവംബർ 39-ാം പേജിൽ ദാനിയേൽ 9:21, 22; ന്യായാധിപന്മാർ 13:2; ലൂ:1:11, 26, 27; 2:9; മത്തായി 2:13; അ:പ്ര: 8:26 എന്നീ വചനങ്ങളിൽ **മനോഹയുടെ** ഭാര്യ പുതിയ നിയമത്തിൽ സെഖര്യാവു, മറിയ, ഇടയന്മാർ, യോസേഫ്, ഫിലിപ്പൊസ് എന്നിവരോട് ദൈവദൂതന്മാർ സംസാരിച്ചു. ഇങ്ങനെ ദൈവദൂതന്മാർ സംസാരിക്കുന്ന **ഭാഷയെ** നമുക്കു മനസ്സിലാക്കാൻ സാധിക്കണമെങ്കിൽ നാം **ദൂതന്മാരുടെ ഭാഷ** അറിഞ്ഞിരിക്കണം. ഇതു മനസ്സിലാക്കാനാണു ദൈവം നമുക്കു പുതിയ **ദൈവീകഭാഷയെ (അന്യഭാഷ)** തരുന്നത് (മർക്കൊസ് 16:17; 1 കൊരി:13:1). ഇങ്ങനെയാണ് ആ മാസികയിൽ കണ്ടത്.

ഇതിനു ഇവിടെ താരതമ്യപ്പെടുത്തുന്ന വചനം വിശ്വസിക്കുന്നവർ പുതിയ ഭാഷകൾ സംസാരിക്കും, ഞാൻ ദൂതന്മാരുടെ ഭാഷകൾ പറഞ്ഞാലും സ്നേഹം ഇല്ലെങ്കിൽ..........എന്ന വചനത്തെ ഉദാഹരണമായി കാണിക്കുന്നു. ഇതിൽ **പുതു ഭാഷകൾ** എന്നാൽ **ദൂതന്മാരുടെ ഭാഷയാണോ?** ഭാഷകൾ സംസാരിക്കുന്നതിനെക്കാൾ മുഖ്യമായതു സ്നേഹം എന്നതു പ്രാധാന്യപ്പെടുത്താനാണു ഞാൻ ദൂതന്മാരുടെ ഭാഷ സംസാരിച്ചാലും അതു എനിക്കു പ്രയോജനമില്ല എന്നു പൌലൊസ് സൂചിപ്പിക്കുന്നതു. ഈ ചെറിയ വിഷയം പോലും മനസ്സിലാക്കാൻ സാധിക്കാത്ത ഇവരുടെ എല്ലാം വേദജ്ഞാനത്തെക്കുറിച്ചു എന്തു പറയാൻ! അതുമാത്രവുമല്ല, **മനോഹ, സെഖര്യാവ്, മറിയ, ഇടയന്മാർ, യോസേഫ്, ഫിലിപ്പൊസ്** എന്നിവരെല്ലാം ദൂതന്മാരുടെ ഭാഷകൾ പഠിച്ചവരാണോ? ഇടയന്മാർ പരിശുദ്ധാത്മാവിൽ നിറഞ്ഞു ദൂതന്മാരുടെ ഭാഷ പഠിച്ചുവോ? ഇതു എന്തൊരു അന്യായം? ദൂതന്മാർ ഇവരോടു സംസാരിക്കുമ്പോൾ ഇവർക്കു മനസ്സിലാകുന്ന എബ്രായ ഭാഷയിലും അരാമ്യഭാഷയിലും ആയിരിക്കണം സംസാരിച്ചിരിക്കണം. കാരണം ദൂതന്മാർക്കു എല്ലാ ഭാഷകളും അറിയാമല്ലോ. പഴയനിയമത്തിൽ **ദാനിയേലിനോടും** പുതിയ നിയമത്തിൽ **കൊർന്നല്യോസിനോടും** ദൂതന്മാർ നേരിട്ടു വന്നു സംസാരിച്ചു. അവരുടെ ഭാഷയിൽ തന്നെ ദൂതന്മാർ വാർത്ത അറിയിച്ചു.

ദൂതന്മാരുടെ ഭാഷയിൽ പറയുന്ന ദൈവവാർത്ത മനസ്സിലാക്കുന്നതിനാണു ദൈവം ഇവർക്കും നമുക്കും പുതിയ ദൈവീക ഭാഷയെ തരുന്നു എന്നു പോൾ ദിനകരൻ പറയുന്നു. ഇവരെല്ലാം എന്തുകൊണ്ടു ഇങ്ങനെ തെറ്റായതും വ്യാജമായതുമായ വാർത്തകൾ തെറ്റായ വ്യാഖ്യാനങ്ങൾ ജനങ്ങളോടു പറഞ്ഞു ദൂതന്മാരുടെ ഭാഷ നേടാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതു! ഇതു ക്രൂരമായതാകുന്നു.

# എയ്ഞ്ചൽ റ്റിവിയിൽ ത്രിമൂർത്തികളുടെ ഭാഷ

സഹോ: മോഹൻ സി ലാസറസ്, സാധുസെൽവരാജ്, വിൻസെന്റ് സെൽവകുമാർ എന്നിവരുടെ കച്ചേരി തമിഴ്നാട് റ്റിവി ചാനലായ എയ്ഞ്ചൽ റ്റിവിയിൽ നിങ്ങൾ അടിക്കടി കണ്ടിരിക്കും. മാർവാഡികൾ ഇരിക്കുന്ന മെത്ത, തലയിണ എന്നിവ സഹിതം ഇരുന്നിട്ടു **വ്യാജദർശനങ്ങളെക്കുറിച്ചു** സംസാരിച്ചു തീർന്നശേഷം, ശരി, ഇപ്പോൾ ലോകരക്ഷക്കായി പ്രാർത്ഥിക്കാം എന്നു മൂന്നു പേരും പ്രാർത്ഥിക്കുന്നു.

സഹോ: മോഹൻ സി.ലാസറസ് പ്രാർത്ഥിക്കുമ്പോൾ കർത്താവേ ഞങ്ങളുടെ രാജ്യത്തിന്മേൽ കരുണ തോന്നണേ എന്നു പറഞ്ഞിട്ടു ലാപാപാപാ ഷക്കം പാപാ ഷവാ എന്നു മദ്ധ്യത്തിൽ വായ് കുഴച്ചിട്ടു വീണ്ടും ഇൻഡ്യയിലെ ഓരോ നേതാക്കളെയും സന്ദർശിക്കണമേ കർത്താവേ, എന്നു അദ്ദേഹത്തിന്റെ വ്യക്തിപരമായ പ്രാർത്ഥന തുടരുന്നു. മറ്റു രണ്ടുപേരും രണ്ടുവാക്കു പ്രാർത്ഥിച്ചിട്ടു മദ്ധ്യത്തിൽ ഷക്കരബല, ശങ്കരബല എന്നു പറയുന്നു. ഇതു അന്യഭാഷ എന്നു പറയുന്നു. ഇതു എന്തിനാണു? സഹോ: മോഹൻ സി ലാസറസ് തന്നെക്കൊണ്ടു തനിച്ചു പ്രാർത്ഥിക്കാൻ സാധിക്കാത്ത നിലയിൽ ഒരു ദിവസം ഏകാന്തതയിൽ ചെന്നപ്പോൾ തനിക്കു പകരം പരിശുദ്ധാത്മാവു **ഭാഷയിൽ** സംസാരിച്ചു എന്നു അല്പം മുമ്പുള്ള സംഭാഷണത്തിൽ പറഞ്ഞു. എന്നാൽ ഇപ്പോൾ വാട്ടവും ഇല്ല നല്ല ബലത്തോടെ പ്രാർത്ഥിക്കുന്നു. അങ്ങനെയാണെങ്കിൽ മദ്ധ്യത്തിൽ എന്തുകൊണ്ടു ലാപാപാ ഷക്കരവാ എന്നു വായ്കുഴക്കണം. ഭാഷ പറഞ്ഞു പരിശുദ്ധാത്മാവു കുറുക്കിടുകയാണോ? മദ്ധ്യത്തിൽ വരുന്ന ഈ വായ്കുഴച്ചിലിനു എന്താണർത്ഥം? അടുത്ത റ്റിവി സംഭാഷണത്തിൽ ഇതു ഇവർ മൂവരും വിശദീകരിച്ചാൽ ജനങ്ങൾക്കു പ്രയോജനമായിരിക്കുമല്ലോ.

☞ പൌലോസ് കൊരിന്ത്യസഭയ്ക്കു ലേഖനം എഴുതുമ്പോൾ സഭയിൽ നിങ്ങൾ അന്യഭാഷയിൽ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ **അവിശ്വാസി** ആയ ഒരാൾ ഉള്ളിൽ വന്നാൽ നിങ്ങൾക്കു

ഭ്രാന്തുണ്ടു എന്നു പറകയില്ലയോ? എന്നു ശാസിച്ചു സംസാരിച്ച വചനങ്ങൾ ഈ മൂന്നുപേരും (സഹോ: മോഹൻ സി. ലാസറസ്, വിൻസെന്റ് സെൽവകുമാർ, സാധുസെൽവരാജ്) വായിച്ചിട്ടില്ലേ? ഇതു എന്തു കൂത്താണ്? സഭയ്ക്കു തന്നെ പൌലൊസ് അങ്ങനെ കല്പിച്ചിരിക്കെ ഈ വ്യാജദർശനക്കാരായ ഈ ത്രിമൂർത്തികൾ തമിഴ്നാടുമുതൽ എയ്ഞ്ചൽ റ്റിവി എവിടെ എവിടെയെല്ലാം കാണപ്പെടുന്നുവോ അവിടെല്ലാം എത്രയോ മറ്റു മതക്കാരും എത്രമാത്രം ആർ.എസ്.എസ് പ്രസ്ഥാനക്കാരും ആ പരിപാടി നോക്കിക്കൊണ്ടിരിക്കും. അവരെല്ലാം സഹോ:മോഹൻ സി. ലാസറസ് പരിശുദ്ധാത്മാവിൽ **അന്യ ഭാഷ** എന്ന പേരിൽ വായ് കുഴക്കുന്നുതിനെനോക്കി എന്തു പറയും? തീർച്ചയായും ഇവർക്കു നടുവിൽ അല്പം ബുദ്ധിയിൽ ഏതോ പ്രശ്നം ഉണ്ടു അല്ലെങ്കിൽ വിദ്യാഭ്യാസമുള്ള ക്രൈസ്തവഭ്രാന്തന്മാർ എന്നല്ലേ പറയുകയുള്ളൂ. അതു നോക്കി താമസിച്ചിരുന്ന വീട്ടിലെ വിദ്യാർത്ഥികൾ എല്ലാം ആ പരിപാടിയെക്കുറിച്ചു പറഞ്ഞു പറഞ്ഞു പരിഹസിച്ചു ചിരിച്ചല്ലോ. ചിലർ ഇവർ വായ്കുഴച്ചതുപോലെ ലാപാപാ എന്നു പറഞ്ഞു നോക്കി. അവരെപ്പോലെ ഞാനും സംസാരിക്കും എന്നു ആ കുട്ടികൾ പറഞ്ഞു പരിഹസിച്ചു ചിരിച്ചതു എന്തുമാത്രം വേദനയായ കാര്യമാകുന്നു. ഭയഭക്തിയുള്ള ക്രൈസ്തവകുടുംബത്തിലെ ആ ബാല്യക്കാരായ കുട്ടികളും, കൊച്ചുകുഞ്ഞുങ്ങളും പോലും ഇവരുടെ വായ്കുഴച്ചിലിനെ നോക്കി തമാശ കാണിച്ചല്ലോ; പരിഹസിച്ചു ചിരിച്ചല്ലോ. ഒരു ഹൈന്ദവമതകുടുംബക്കാർ അല്ലെങ്കിൽ മുഹമ്മദുമതജനങ്ങൾ ഇവരുടെ വായ്കുഴച്ചിലിനെക്കുറിച്ചു എന്തു ചിന്തിക്കും? അല്പമൊന്നു ചിന്തിക്കണേ! സഭയിൽ നാലുചുവരുകൾക്കുള്ളിൽ അല്ലെങ്കിൽ എയർകണ്ടിഷൻ മുറിക്കുള്ളിൽ വച്ചു സംസാരിച്ചാൽ - വായ്കുഴച്ചിരുന്നാൽ അതുവേറെ വിഷയം. എന്നാൽ പുറംലോകം അറിയത്തക്കവണ്ണം മൈക്കുവച്ചു റ്റിവി തിരശീലയിൽ ലോകജനങ്ങൾ കാണുന്നതിനു ഇങ്ങനെ വായ്കുഴച്ചു പരിശുദ്ധാത്മാവിടെ അപമാനിക്കാമോ!

☞ പാസ്റ്റർ **വിക്ടർ രാജാമണി,** പാസ്റ്റർ **ഡി.മോഹൻ,** പാസ്റ്റർ **ആൽവിൻതോമസ്, ജഫ്രി, ആലൻപോൾ, സാംജപദുരൈ, സേനാപതി** എന്നിങ്ങനെയുള്ള ധാരാളം ദൈവവേലക്കാരും ഏയ്ഞ്ചൽ റ്റിവി ത്രിമൂർത്തികളും പരിശുദ്ധാത്മാവിനെ **അന്യഭാഷ** എന്നപേരിൽ കൊത്തുപെറോട്ട കൊത്തുന്നതുപോലെ കൊത്തിക്കൊത്തി ഇങ്ങനെയാണോ അപമാനപ്പെടുത്തുന്നതു.

ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ.

ഇങ്ങനെയുള്ള ദൈവവേലക്കാരാലും, പെന്തക്കോസ്തു പാസ്റ്റർമാരാലും ലോകജനങ്ങളുടെ മുമ്പിൽ പരിശുദ്ധാത്മാവു ദുഷിക്കപ്പെടുന്നു. ദൈവനാമവും ദുഷിക്കപ്പെടുന്നു.

ദൈവത്തെ പരിഹസിച്ചുകൂടാ എന്ന വേദപുസ്തകം പറയുന്നു. ഇവർ എല്ലാവരുടെയും ഇങ്ങനെയുള്ള കൂത്തിനു ഒരു അവസാനം തീർച്ചയായും ഉണ്ടു.

☞ പ്രൈമറി സ്കൂൾ വിദ്യാഭ്യാസമുള്ള ഒരു വ്യക്തി പെന്തക്കോസ്തു പാസ്റ്റർ ആയിരിക്കുന്നു. അദ്ദേഹം തന്റെ ആരാധനയിൽ പ്രാർത്ഥനാസമയത്തു യെസ് ജിസസ്, യെസ് ജീസസ് (Yes Jesus, Yes Jesus) എന്നു പറഞ്ഞശേഷം പ്രവചനം പറയും. ഇതിന്റെ അർത്ഥം ദൈവം എന്തോ അദ്ദേഹത്തിന്റെ ചെവി വഴി പറയുന്നുപോലും. അതിനു ഇദ്ദേഹം മറുപടി പറയുന്നതുപോലെ അതേ ഞാൻ കേൾക്കുന്നു പറയണേ എന്നതിനുള്ള മറുപടിയായി Yes Jesus (യെസ് ജീസസ്) എന്നു മറുപടി പറയുന്നതിനെ സഭാജനങ്ങൾ കാണണം എന്നതിനായും തനിക്കും ഇംഗ്ലീഷ് അറിയാം എന്നതു സഭാജനങ്ങൾക്കു അറിയിക്കാനും ആയിട്ടാണു ഈ വ്യാജ ഏർപ്പാടു. ചെറിയ ബാലനായിരുന്ന ശമുവേൽ ദൈവശബ്ദം കേട്ടപ്പോൾ അതു പുരോഹിതനായ ഏലിയാണു സംസാരിക്കുന്നതു എന്നു തെറ്റിദ്ധരിച്ചു, എന്നെ വിളിച്ചുവോ എന്നു ഏലിയോടു ചോദിച്ചു. ഏലിക്കു കാര്യം മനസ്സിലായി. ദൈവം ശമുവേലിനോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു എന്ന വിവരം മനസ്സിലാക്കിയ ഏലി ശമുവേലിനോടു പറഞ്ഞതു: ഇനിയും നിന്നെ വിളിച്ചാൽ: **യഹോവേ അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു** എന്നു മറുപടി പറഞ്ഞു കൊടുത്തു. അടുത്ത തവണ വീണ്ടും ആ ബാലനായ ശമുവേലിനോടു ദൈവം

സംസാരിച്ചു. ഏലി ഇവനോടു പറഞ്ഞു കൊടുത്തതു പോലെ ശമുവേൽ മറുപടി പറഞ്ഞു. ഉടനേ ദൈവം അവനോടു പറയേണ്ടതു പറഞ്ഞു. ഇവൻ അതുകേട്ടു അതനുസരിച്ചു ചെയ്തു എന്നു വേദപുസ്തകത്തിൽ നാം വായിക്കുന്നു. ഈ സ്ഥലത്തിൽ ശമുവേൽ ദൈവത്തോടു സംസാരിച്ചപ്പോൾ ദൂതന്മാരുടെ ഭാഷയിലോ, **സ്വർഗ്ഗീയഭാഷയിലോ** സംസാരിച്ചില്ലല്ലോ. അവന്റെ മാതൃഭാഷയായ എബ്രായ ഭാഷയിൽ ആയിരുന്നു സംസാരിച്ചതു. പുരോഹിതനായ ഏലിയും മാതൃഭാഷയിൽ മറുപടി കൊടുക്കാനാണു ആലോചന പറഞ്ഞതു. സ്വർഗ്ഗീയ ദൈവവും ആ ബാലനെ ആശയക്കുഴപ്പത്തിലാക്കുന്ന സ്വർഗ്ഗീയഭാഷയിലോ ദൂതന്മാരുടെ ഭാഷയിലോ സംസാരിച്ചില്ല.

നമ്മുടെ ദൈവം മടയൻ അല്ല. അവരവർക്കു **ഏതുഭാഷ അറിയാമോ,** അതേ ഭാഷയിൽ തന്നെ ആരംഭകാലം മുതൽ ഇന്നുവരെ സംസാരിച്ചു. സംസാരിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ തന്നെ **അവരവരുടെ ഭാഷയിൽ** തന്നെ പ്രാർത്ഥിക്കുന്നതാണു ദൈവം ആഗ്രഹിക്കുന്നതു. ക്ഷീണം ഉണ്ടായാൽ അല്പം വിശ്രമം എടുത്തശേഷം പ്രസംഗിക്കാമല്ലോ. നിങ്ങളുടെ പ്രശ്നങ്ങൾ ദൈവത്തോടു പറയാൻ പരിശുദ്ധാത്മാവു നിങ്ങളുടെ വായെ എന്തിനു മറ്റൊരു രീതിയിൽ ഉപയോഗിക്കണം.

☞ **പോൾ ദിനകരൻ** പറയുന്നതുപോലെ താൻ സംസാരിക്കുന്നതു കേൾക്കുന്നതിനു ദൂതന്മാരുടെ ഭാഷയെ ദൈവം നമുക്കു തരുകയില്ല. നമുക്കു അറിയാവുന്ന ഭാഷയിൽ തന്നെ സംസാരിക്കയുള്ളൂ. തനിക്കു സ്വർഗ്ഗീയഭാഷ അറിയാം. ദൂതന്മാരുടെ ഭാഷ അറിയാം, ദൈവീക ഭാഷയും അറിയാം എന്നു തന്നെ ജനങ്ങളുടെ മുന്നിൽ അഹങ്കരിക്കുന്നതിനു പോൾ ദിനകരൻ ചെയ്യുന്ന തന്ത്രമാണ്.

ഞാൻ പ്രസംഗിക്കുന്ന സഭകളിൽ ആലോചനസമയങ്ങളിൽ എന്നോടു സംസാരിക്കാനും, പ്രാർത്ഥിക്കാനുമായി ധാരാളം പേർ വരും. അവരോടു ആലോചന പറയാൻ വേദപുസ്തകം എടുത്തു വായിക്കാൻ ഞാൻ അവരോടു പറയും. വേദപുസ്തകം കൊണ്ടു വന്നില്ല എന്നു അവരിൽ ചിലർ മറുപടി പറയും. ശരി, എന്റെ കൈവശം ഉള്ള വേദപുസ്തകം ഞാൻ തരാം, നിങ്ങൾക്കു ഏതു ഭാഷയിൽ വേദവചനങ്ങൾ സരളമായും എളുപ്പത്തിലും വായിക്കാൻ സാധിക്കും എന്നു ഞാൻ ചോദിക്കും. മലയാളമാണോ, ഇംഗ്ലീഷാണോ, ഹിന്ദിയോ, തമിഴോ എന്നു ഞാൻ ചോദിക്കും. മറുപടിയായി അവരിൽ ചിലർ പറയുന്നത് ജനിച്ചു വളർന്നതു തിരുനെൽവേലിയിൽ. എന്നാൽ വിദ്യാഭ്യാസം ചെയ്തതു വടക്കെ ഇൻഡ്യ യിൽ ആയതുകൊണ്ടു ഹിന്ദി വേദപുസ്തകം വായിക്കും, ഇംഗ്ലീഷ് വേദപുസ്തകം വായിക്കും എന്നു പറയും. ചിലർ ഇംഗ്ലീഷിനേക്കാൾ എനിക്കു ഹിന്ദി നന്നായി വായിക്കാൻ സാധിക്കും എന്നു പറയാറുണ്ട്. ഉടനേ ഹിന്ദി വേദപുസ്തകം എടുത്തുകൊടുത്തു ഞാൻ പറയുന്ന വചനം വായിക്കാൻ പറഞ്ഞു വചനത്തിലൂടെ അവർക്കു ആലോചന കൊടുക്കും.

സാധാരണ മനുഷ്യരായ നാം തന്നെ നമുക്കു ഏതാണു വായിക്കാൻ സൗകര്യം ആ ഭാഷയിൽ വേദപുസ്തകം വായിക്കുന്നു; പ്രാർത്ഥിക്കുന്നു.

**ജ്ഞാനം** നൽകുന്ന ദൈവാധിദൈവം നമുക്കു മനസ്സിലാകാത്ത **വേറെ** ഭാഷയിൽ നമ്മോടു സംസാരിക്കുമോ? അല്ലെങ്കിൽ വേറെ ഭാഷയിൽ നമ്മെക്കൊണ്ടു സംസാരിപ്പിക്കുമോ? ദൈവം മഠനയനല്ല ദൈവം അതിയായ ജ്ഞാനസ്വരൂപിയാകുന്നു.

ഞാൻ മുകളിൽ സൂചിപ്പിച്ച പ്രൈമറി വിദ്യാഭ്യാസം ഉള്ള ആ പാസ്റ്റർ പറയുന്നതു: ഞാൻ പ്രാർത്ഥിക്കുമ്പോൾ പെട്ടെന്നു READ എന്നു ഒരു ശബ്ദം കേട്ടു. അതായതു വായിക്കുക എന്നു പറയുന്നതിനുപകരം ഇംഗ്ലീഷിൽ READ എന്നു ദൈവം പറയുമത്രേ. ഉടനേ വേദപുസ്തകം എടുത്തു വായിക്കും എന്നു പറയുന്നു. അതുപോലെ തന്നെ അടിക്കടി ദൈവം വചനം മൂലം എന്നോടു സംസാരിച്ചു ഇതിനെ സഭാജനങ്ങളോടു പറയണം എന്നു പറയുമത്രേ. ഇങ്ങനെ ആ പാസ്റ്റർ തന്റെ പ്രസംഗത്തിൽ പറയും. നമ്മുടെ ദൈവം നമ്മുടെ മാതൃഭാഷയായ മലയാളം/ തമിഴ് എന്നിങ്ങനെയുള്ള ഭാഷ അറിയാത്ത ഇംഗ്ലീഷുകാരനാണോ? ഈ പാസ്റ്റർക്കു ഇംഗ്ലീഷ് അറിയാൻ പാടില്ല എന്നു ദൈവത്തിനറിയാൻ പാടില്ലേ? എന്തിനാണു READ എന്നു പറയണം? എന്തൊരു വഞ്ചനയാണിതു?

☞ സ്റ്റേജിലെ പ്രവാചകന്മാർ ധാരാളം പേർ പ്രാർത്ഥിക്കുമ്പോൾ സ്റ്റേജിൽ വച്ചു തന്നെ Yes Jesus, Yes Jesus എന്നു പറയുന്നതുപോലെ കേൾക്കാം. ഇതു സഹോ: DGS ദിനകരൻ തന്റെ ദൈവവേലയിൽ നടത്തിയ നാടകവും ജനങ്ങളെ വിശ്വസിപ്പിക്കാൻ അന്നു അദ്ദേഹം കൈക്കൊണ്ട തന്ത്രവുമാകുന്നു. ഇദ്ദേഹം സ്റ്റേജിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവം എന്തോ ഇദ്ദേഹത്തോടു പറയുന്നതുപോലെയും അതിനു മറുപടി എന്നോണം തലയാട്ടി Yes Father Yes Jesus എന്നു മറു പടി പറയുന്നതു പോലെയും ഇദ്ദേഹം കാണിക്കുന്ന സ്റ്റേജ് നാടകമാകുന്നു ഇതു.

അതിനെ ഇപ്പോഴുള്ള ഡ്യൂപ്ലിക്കേറ്റ് കുട്ടി ദിനകരന്മാരിൽ പലരും ജസ്റ്റിൻ അബ്രഹാമിനെയും, സഹോ. മോഹൻ സി ലാസറിനെപ്പോലെയും, അലൻപോളിനെപോലെയും ഇതുപോലുള്ള ഇനിയും ധാരാളമായ ദിനകരന്മാർ രാജ്യത്തു വർദ്ധിച്ചുപോയി. ഇവരും അതേ സ്റ്റേജ് നാടകം അരങ്ങേറ്റുന്നു. മടയരായ ജനങ്ങളും അതു വാസ്തവം എന്നു വിശ്വസിക്കുന്നു.

## കഴുത സംസാരിച്ചതു

ഇങ്ങനെയുള്ള ദൈവവേലക്കാർക്കും, പാസ്റ്റർമാർക്കും അത്ഭുതദൈവവേലക്കാർക്കും, പ്രാർത്ഥ നയിൽ പേരുവിളിക്കുന്നവർക്കും മൈക്കിലൂടെ **അന്യഭാഷ** സംസാരിക്കുന്നവർക്കും ഉള്ള നല്ല ഉദാഹ രണം വേദപുസ്തകത്തിൽ ഉണ്ട്. അതു ബിലെയാമിന്റെ **കഴുത** സംസാരിച്ച സംഭവം ആകുന്നു. ദൈവം കഴുതയെക്കൊണ്ടു സംസാരിപ്പിച്ചു. ഇതു ബിലെയാമിനെ ഉണർത്താൻ ദൈവം ചെയ്ത ഏർപ്പാടു ആകുന്നു. കഴുതയ്ക്കു ഒരു മൃഗഭാഷ ഉണ്ട്. നായ് ഒരു പ്രത്യേകരീതിയിൽ ശബ്ദമിട്ടാൽ 10 പെൺപട്ടികൾ ആ നായെതേടിവരും അതിന്റെ രഹസ്യഭാഷ നായ്ക്കൾക്കു മാത്രമേ അറിയാവു. അന്യഭാഷയിൽ വ്യാഖ്യാനവരം പ്രാപിച്ച പെന്തക്കോസ്തു പാസ്റ്റർമാർ പോലും ആ നായുടെ ശബ്ദത്തിനു അർത്ഥം കണ്ടു പിടിക്കാൻ സാധ്യമല്ല. അതുപോലെ ഒരു കഴുതയോടു മറ്റൊരു കഴുത സംസാരിക്കും, മൃഗ ത്തോടു മൃഗം സംസാരിക്കും. എന്നാൽ ദൈവം ഒരു കഴുതയെ പണത്തിനുവേണ്ടി പ്രവചനം പറയു ന്ന പ്രവാചകനോടു സംസാരിക്കാൻ **കഴുത ഭാഷ** ഉപയോഗിച്ചില്ലല്ലോ. ദൂതന്മാരുടെ ഭാഷയും ഉപ യോഗിച്ചില്ലല്ലോ.

അവിടെ സ്വർഗ്ഗീയഭാഷയും ഉപയോഗിച്ചില്ലല്ലോ. പ്രവാചകൻ പതിവായി സംസാരിക്കുന്ന ബിലെ യാമിന്റെ മാതൃഭാഷയിൽ സംസാരിക്കാൻ അവന്റെ തെറ്റ് ഉണർത്തിച്ചു. ഇതുപോലെ ഇനി ഒരിക്കൽ കഴുതയെക്കൊണ്ടു ഇന്നത്തെ **പെന്തക്കോസ്തു പാസ്റ്റർമാർ** ഏയ്ഞ്ചൽ റ്റിവി ത്രീമൂർത്തികൾ എന്നി വരെപ്പോലുള്ള ദൈവവേലക്കാരോടു ദൈവം കഴുതമൂലം സംസാരിപ്പിച്ചു മുന്നറിയിച്ചാൽ മാത്രമേ ഇവർ ഭാഷ എന്ന പേരിൽ വായ്കുഴയ്ക്കുന്നതു നിറുത്തുകയുള്ളുവോ? ദൈവം തന്നെ ഇവരെ സന്ദർശിക്കണം.

സാധാരണ കഴുതയ്ക്കുള്ള ഉണർവും ജ്ഞാനവും പോലും നമ്മുടെ അത്ഭുതദൈവവേല ക്കാർക്കും ഏയ്ഞ്ചൽ റ്റിവിത്രിമൂർത്തികൾക്കും ഇല്ലല്ലോ! കഴുത മനുഷ്യരോടു സംസാരിക്കുമ്പോൾ മനുഷ്യഭാഷയിൽ തന്നെ സംസാരിക്കണം എന്നു കഴുത ഭാഷയിൽ സംസാരിക്കാൻ പാടില്ല എന്നും അറിയാം. അങ്ങനെയിരിക്കെ പോൾ ദിനകരനോടു മനുഷ്യർക്കു ദൈവീകഭാഷ ദൈവം പഠിപ്പിക്കും. അപ്പോൾ മാത്രമേ ദൂതന്മാർ നിങ്ങളോടു സംസാരിക്കുമ്പോൾ അവർ പറയുന്നതു നിങ്ങൾക്കു മനസ്സി ലാവുകയുള്ളൂ എന്നു പറയുന്നു. ഇതു ചെറിയ കുട്ടിക്കളിയല്ലേ!

നല്ല വേദപുസ്തക പണ്ഡിതനായ BYM ആർ.സ്റ്റാൻലി അവർകളെക്കുറിച്ചു ചിലർ അദ്ദേഹം അന്യഭാഷ സംസാരിക്കുന്നതായി എനിക്കു ചൂണ്ടിക്കാണിച്ചു. ആ ഒരു വിഷയത്തിൽ എനിക്കും സഹോ: ആർ. സ്റ്റാൻലി അവർകൾക്കും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടു. മധുരയിലെ മരിച്ചുപോയ ഒരു ദൈവവേലക്കാരനും തന്റെ സാക്ഷിയിൽ താൻ പഠിച്ചുകൊണ്ടിരുന്ന കാലത്തിൽ പരീക്ഷ സമയത്തു ചോദ്യപേപ്പർ കയ്യിൽ കിട്ടിയ ഉടൻ അതു വായിച്ചു നോക്കിയപ്പോൾ ഒന്നും മനസ്സിലായില്ല. എങ്ങനെ

ഞാൻ പരീക്ഷ എഴുതും എന്നു ഭ്രമിച്ചു. അല്പ സമയം കണ്ണടച്ചു **അന്യഭാഷയിൽ** സംസാരിച്ചു. ഉടനേ ഒരു പുതിയ ഉണർവു വന്നു. തുടർന്നു പരീക്ഷ നന്നായി എഴുതി.

മറ്റൊരാൾ തന്റെ പുസ്തകത്തിൽ തന്നെപ്പറ്റി എഴുതിയപ്പോൾ താൻ സ്കൂളിൽ പഠിച്ചപ്പോൾ പുസ്തകം പോലും വായിക്കാൻ സമയം ഇല്ലാതെ യുവാക്കളുടെ ഇടയിൽ ദൈവവേല ചെയ്യാൻ അലഞ്ഞു. പരീക്ഷ സമയത്തിൽ പരീക്ഷ പേപ്പർ തന്റെ കയ്യിൽ കിട്ടിയപ്പോൾ ഒന്നും മനസ്സിലാകാതെ മിഴിച്ചിരുന്നു. പിന്നെ പ്രാർത്ഥിച്ചു. 10 മിനിറ്റു അന്യഭാഷയിൽ പ്രാർത്ഥിച്ചു. ഉടനേ ആ പരീക്ഷയുടെ ചോദ്യങ്ങൾക്കുള്ള പുസ്തകങ്ങൾ പരിശുദ്ധാത്മാവു തന്നെ പേജു പേജായി തിരിച്ചു ചോദ്യങ്ങൾക്കുള്ള മറുപടി കാണിച്ചുതന്നു.

അങ്ങനെ കോപ്പിയടിച്ചു ഉത്തരം എഴുതി **നല്ല മാർക്കോടെ** ജയിച്ചു എന്നു സാക്ഷി പറഞ്ഞു അഭിമാനിച്ചു. നമ്മുടെ ദൈവം കള്ള ദൈവമാണോ? പരീക്ഷയിൽ ബിറ്റ് അടിച്ചാലോ, കള്ളത്തരമായി പുസ്തകം നോക്കി എഴുതിയാലോ ഉടനെ പരീക്ഷ മേൽനോട്ടക്കാർ കണ്ടുപിടിച്ച മൂന്നുവർഷത്തേക്കു പരീക്ഷ എഴുതാൻ പാടില്ല എന്നു ഡീബാർ ചെയ്തു ആ വിദ്യാർത്ഥിക്കു ശിക്ഷ വിധിക്കും. ഇതു തന്നെയാണു വിദ്യാഭ്യാസമേഖലയിൽ അന്നും ഇന്നും ഉള്ള നിയമം. ഇവരെ **അന്യഭാഷ** സംസാരിപ്പിച്ചു പരിശുദ്ധാത്മാവു തന്നെ **കള്ളത്തരമായി കോപ്പിയടിച്ചു** പരീക്ഷ എഴുതാൻ പറഞ്ഞാൽ **അന്യഭാഷയോടൊപ്പം** പുസ്തകവും കോപ്പിയടിക്കാൻ പരീക്ഷാഹാളിൽ കൊണ്ടു വന്നു ഇവരുടെ പരിശുദ്ധാത്മാവിനു ആരു ശിക്ഷ നൽകും? എന്തു ശിക്ഷകൊടുക്കും? ഇവരുടെ അന്യഭാഷയുടെ മഹിമ കണ്ടോ?

ഇവരിൽ ചിലർ നല്ല വേദപുസ്തകജ്ഞാനം ഉള്ളവരായാലും ഇവർ ആയിരിക്കുന്ന പെന്തക്കോസ്തു സഭയുടെ ഉപദേശത്തിൽ **അന്യഭാഷ** എന്ന പേരിൽ വായ്കുഴച്ചു പരിചയപ്പെട്ടതിനാൽ ഇപ്പോൾ മിഷണറി വേല ചെയ്താലും വിട്ട കുറ്റും – തൊട്ടകുറ്റം എന്നു പറയുമല്ലോ അതുപോലെ ആ പഴയപരിചയവും അതിനുമുമ്പു അനുഭവിച്ച വ്യാജസന്തോഷവും ഇവരെ വിട്ടുപോകയില്ല. ഈ ബലഹീനത ഇവരോടൊപ്പം നാലുചുവരുകൾക്കുള്ളിൽ അടങ്ങുന്നതു നല്ലതു. അതിനെ ഉപദേശമാക്കി എഴുത്തിലോ, പ്രസംഗത്തിലോ ഇവർ അറിയിച്ചാൽ വ്യക്തത പ്രാപിച്ച നാം ഇവരുടെ പേരു സൂചിപ്പിച്ചു ഇവർ സംസാരിച്ച ഭാഷ വ്യാജം എന്നതു പറയാൻ ദൈവം നമുക്കു അധികാരം നൽകിയിരിക്കുന്നു. ഭയപ്പെടേണ്ട. എങ്ങനെയോ ഒരു ചെറിയ കൂട്ടമെങ്കിലും ഈ ലേഖനത്താൽ വ്യക്തത പ്രാപിച്ചാൽ പരിശുദ്ധാത്മാവു വളരെ സന്തോഷിക്കും. ഇനിയെങ്കിലും ഇങ്ങനെയുള്ള ദൈവവേലക്കാർ തങ്ങളും കുഴഞ്ഞു മറ്റുള്ളവരേയും കുഴയ്ക്കാതവണ്ണവും ഭ്രാന്തരാകാതവണ്ണവും സഹായിക്കട്ടെ എന്നു അഭ്യർത്ഥിക്കുന്നു. ■

## വാർത്തകൾ 2014 September 26th, Friday

Saudi Arabia ൽ, 2 പാസ്റ്റർമാരും, 13 വിശ്വാസികളും സെപ്റ്റംബർ മാസം ആരാധനക്കിടയിൽ, പോലീസ് അറസ്റ്റ് ചെയ്തു. അവരെ എവിടെ ആക്കിയിരിക്കുന്നു എന്ന്, ഇതുവരെ പുറത്ത് വിട്ടിട്ടില്ല.

ഇന്ത്യൻ എംബസി അതിൽ ഇടപെടാൻ സാധിക്കുകയില്ല എന്ന് അറിയിച്ചു. കാരണം, ആ ദേശത്തിന്റെ നിയമം, ബൈബിൾ കൊണ്ടു നടക്കുന്നതിനും, ആരാധിക്കുന്നതിനും, വിലക്ക് കല്പിച്ചിരിക്കുന്നു. ഇന്ന് ക്രിസ്ത്യാനികൾ നേരത്തെ അറിഞ്ഞിരിക്കുന്നു. എന്നിട്ടും ആ നിയമം അനുസരിക്കാത്തത് കൊണ്ടാണ് അറസ്റ്റ് ചെയ്യപ്പെട്ടത്. അതുകൊണ്ട് Embassy ക്ക് ഇടപെടുവാൻ കഴിയാത്തത്.



# ചരമ അറിയിപ്പ്

Rev.Rev.Michael John, East Kerala Diocess (CSI), Bishop അവർകൾ കഴിഞ്ഞ വർഷം 2013 ഏപ്രിൽ മാസം കർത്താവിൽ നിദ്രപ്രാപിച്ചു. മരിച്ച് ഒരുവർഷം കഴിഞ്ഞ് എന്റെ വായനക്കാരെ മരണവിവരം ഞാൻ അറിയിക്കുന്നു. ഞാൻ വടക്കേയിൻഡ്യയിൽ ദൈവവേലയിലായിരുന്നപ്പോഴാണ് ബിഷപ്പ് അവർകളുടെ മരണം സംഭവിച്ചത്. അതുകൊണ്ട് വായനക്കാരായ നിങ്ങളെ യഥാസമയം എനിക്ക് അറിയിക്കുവാൻ സാധിച്ചില്ല.

Bishop Rt.Rev.Michael John അവർകൾ കഴിഞ്ഞ 40 വർഷമായി ഞാൻ വളരെയധികം സ്നേഹിക്കുന്ന അടുത്ത സ്നേഹിതനാണ്. മാനസാന്തരപ്പെട്ട് രക്ഷിക്കപ്പെട്ട ഒരു വ്യക്തി അച്ചനായും ബിഷപ്പായും സേവനം അനുഷ്ഠിച്ചു എന്നത് സന്തോഷത്തോടെ അറിയിക്കപ്പെടേണ്ട വാർത്തയാണ്. പ്രത്യേകിച്ച് ഇപ്പോഴുള്ള സി.എസ്.ഐ ലൂഥറൻ സഭകളിലെ ഭൂരിപക്ഷം ബിഷപ്പുമാരും കഴിഞ്ഞ 25 വർഷങ്ങളായി തങ്ങളുടെ ബിഷപ്പ് പദവി കോഴ കൊടുത്തു വിലയ്ക്കു വാങ്ങുന്നതായി ജാമക്കാരനിൽ എഴുതി അറിയിക്കയുണ്ടായി. സി.എസ്.ഐ സിനോഡ് അംഗങ്ങൾ പലരും ഈ വിവരം നന്നായി അറിയാം. ഈ കോഴ വ്യാപാരം കോയമ്പത്തൂർ ഡയോസിസ് (സി.എസ്.ഐ) Bishop Rt.Rev.വില്യം മോസസ് അവർകൾ മോഡറേറ്ററായി ഇരുന്ന സമയത്താണ് ആരംഭിച്ചത്. ആന്ധ്രപ്രദേശിലെ മോഡറേറ്റർ സുഗന്ധർ അവർകൾ സി.എസ്.ഐ മോഡറേറ്ററായി പദവിയേറ്റ ഉടൻ വളരെ വലിയ തുകയ്ക്കു ബിഷപ്പ് പദവി-വിലപേശപ്പെട്ടതായി നാം അറിഞ്ഞു. ബിഷപ്പ് പദവിക്കായി വിലപേശി പണം കൊടുക്കുന്നത്. ബിഷപ്പുമാരല്ലേ, അവർ വൈദീകരായിരുന്നപ്പോൾ ലഭിച്ചുവന്നതായ ചെറിയ ശമ്പളത്തിൽ നിന്ന് കോടികളോ ലക്ഷങ്ങളോ കോഴപ്പണമായി കൊടുക്കുവാൻ അവർക്ക് സാധിക്കയില്ല. പക്ഷേ അവരുടെ പിന്നിൽ ബിഷപ്പുമാരെ ഉപയോഗിച്ച് ഡയോസിസിലെ വസ്തുവകകൾ മൂലം, വാടകമൂലം ഡൊണേഷൻ മൂലം ധനം സമ്പാദിക്കുന്ന വ്യക്തികൾ ഉണ്ട്. അങ്ങനെയുള്ള വ്യക്തികളാണ് ലക്ഷങ്ങളോ കോടികളോ മോഡറേറ്റർക്ക് കോഴയായിക്കൊടുത്ത് തങ്ങൾ പറയുന്നതുപോലെ പ്രവർത്തിക്കുന്ന പാവ പോലെയുള്ള അച്ചന്മാരെ ബിഷപ്പ് ആക്കണമെന്ന് പ്രേരിപ്പിക്കുന്നത്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ കൊണ്ട് ബിഷപ്പ് ആയവരാണ് തങ്ങളുടെ ഡയോസിസുകളിൽ Dr.Pushparaj പ്രസംഗിക്കുന്നതിനെ വെറുക്കുന്നത്.

ജാമക്കാരനിൽ ഇവരുടെ രഹസ്യങ്ങളെ പരസ്യപ്പെടുത്തി അറിയിക്കുന്നതുകൊണ്ട് സി.എസ്.ഐ, ലൂഥറൻ സഭാ ഭാരവാഹികൾക്ക് ഒരു പരിധിവരെ ബോധവൽക്കരണമുണ്ടായി. എങ്കിലും മോഡറേറ്റർക്ക് കോഴ കൊടുക്കുന്ന പരിപാടി നിന്നിട്ടില്ല.

വിമാനത്താവളത്തിൽ, സിനോഡിന്റെ ആഫീസിൽ, ഡയോസിസിന്റെ പ്രധാന വ്യക്തികൾ മുഖേന പണം കൈമാറ്റം ചെയ്യപ്പെട്ടത് – ഇപ്രകാരം കൈമാറിയവരുടെ കുടുംബാംഗങ്ങൾ വളരെ ദുഃഖത്തോടെ എന്ന ആ വിവരം അറിയിച്ചിട്ടുണ്ട്. ഇത് ഇവിടെ ഇപ്പോൾ പറയുന്നതെന്തുകൊണ്ടെ ന്നാൽ ഇതുപോലെ പണം കൊടുത്ത് ബിഷപ്പ് പദവി ഏൽക്കാത്ത രണ്ടു പേരുണ്ട്. അതിൽ ഒരാളാണ് കാലം ചെയ്ത **Bishop Michael John** അവർകൾ. അടുത്തത് വടക്കൻ കേരളം

സി.എസ്.ഐ സഭയുടെ ബിഷപ്പ് ആയി കാലം ചെയ്ത Rt.Rev. ജോർജ്ജ് ഐസക് അവർകൾ ആണ്. പഴയ മോഡറേറ്റർ Rt.Rev. വില്യം മോസസ്സ് അവർകളുടെ കാലത്തിന് മുൻപ് ബിഷപ്പ് പദവി വഹിച്ച ആരും തന്നെ ഇപ്രകാരം കോഴ കൊടുത്ത് ബിഷപ്പ് പദവി വാങ്ങിച്ചവർ അല്ല. അവർക്കായി ദൈവത്തെ സ്തുതിക്കുന്നു. Rt.Rev.Michael John അവർകളുടെ കുടുംബത്തിൽ ഉള്ള, തന്റെ പ്രിയപത്നിയ്ക്കും, മക്കൾക്കും ആശ്വാസം ലഭിക്കുവാനായി പ്രാർത്ഥിക്കാം.

Bishop Michael John അവർകൾ നല്ല ഒരു കൺവെൻഷൻ പ്രാസംഗികനായിരുന്നു. പല വലിയ കൺവെൻഷൻ മീറ്റിംങ്ങുകളിൽ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ പ്രസംഗിച്ചിട്ടുള്ള വ്യക്തിയാണ്. ബിഷപ്പ് അവർകളും ഞാൻ തെക്കൻ കേരളത്തിലെ സി.എസ്.ഐ ഡയോസിസിലെ വലിയ കൺവെൻഷനുകളിലൊന്നായ കാഞ്ഞിരംകുളം കൺവെൻഷനുകളിലും ഒന്നിച്ചു പ്രസംഗിച്ചിട്ടുണ്ട്. കാനഡായിലുള്ള സി.എസ്.ഐ മലയാള സഭയിൽ ദീർഘവർഷം വൈദികനായി അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. ബിഷപ്പ് പദവിയിൽ നിന്ന് വിരമിച്ചശേഷവും കാനഡയിലെ സഭയിൽ സേവനമനുഷ്ഠിച്ചിരുന്നു. ഇദ്ദേഹം വേദപാഠ ക്ലാസുപോലെ ആരാധന നടത്തപ്പെട്ടു എന്ന് ഞാൻ കാനഡ സന്ദർശിച്ചപ്പോൾ സഭാജനങ്ങളിൽ നിന്ന് അറിയുവാൻ കഴിഞ്ഞത് വളരെ സന്തോഷമായിരുന്നു. ദൈവത്തെ സ്തുതിക്കുന്നു.

## മദ്ധ്യകേരള ഡയോസിസിന്റെ പിരിവും - East കേരളാ സി.എസ്.ഐ ഡയോസിസിന്റെ ഉൽഭവവും

കോട്ടയം മദ്ധ്യകേരള ഇടവക രണ്ടായി പിരിക്കേണ്ട അവസ്ഥ ഉണ്ടായപ്പോൾ മലയും, മലയോര പ്രദേശങ്ങളും ചേർത്തു East കേരള മഹായിടവക രൂപീകരിച്ചു. ആദ്യത്തെ Bishop ആയി Bishop Michael John അവർകൾ സ്ഥാനമേറ്റു.

അന്നു പുതിയ മഹായിടവകയിൽ Bishop നായി വീടോ, office കെട്ടിടങ്ങളോ ഉണ്ടായിരുന്നില്ല. വൈദീകന്മാർക്കു ശമ്പളം കൊടുക്കുവാൻ ആവശ്യമായ പണവുമില്ല. ഇപ്രകാരമുള്ള പരിതസ്ഥിതിയിൽ Bishop Michael John അവർകൾ മുൻപ് പ്രസംഗിച്ച് താൻ പരിചയപ്പെട്ട നാടുകളിൽ സഞ്ചരിച്ച് തന്റെ മഹായിടവകയുടെ അവസ്ഥയെ പറഞ്ഞുമനസ്സിലാക്കുകയുണ്ടായി. തൻമൂലം വിദേശങ്ങളിലെ സി.എസ്.ഐ മാർത്തോമ്മാ സഭാജനങ്ങൾ ബിഷപ്പ് അവർകളുടെ സാമ്പത്തിക വിഷയത്തിലെ വിശ്വസ്തതയെ മാനിച്ച് പുതിയ മഹായിടവകയ്ക്ക് ആഫീസും, ബിഷപ്പ് അവർകൾക്ക് താമസിക്കുവാനുള്ള വസതിയും പണിയുവാനും അച്ചന്മാരുടെ ശമ്പളം കൊടുക്കുവാനും ധാരാളമായി സാമ്പത്തിക സഹായങ്ങൾ നൽകി. ഇദ്ദേഹത്തിന്റെ കാലയളവിൽ മഹായിടവകയിൽ സാമ്പത്തിക ഞെരുക്കം ഉണ്ടായിരുന്നിട്ടും വൈദികന്മാരുടെയും സുവിശേഷകന്മാരുടെയും ശമ്പളം ബിഷപ്പ് അവർകളുടെ നിർദ്ദേശപ്രകാരം കൂട്ടിക്കൊടുക്കുകയുണ്ടായി. മഹായിടവകയിലെങ്ങും സന്തോഷവും, സമാധാനവും തൃപ്തിയും നടമാടി.

* ബിഷപ്പ് അവർകൾ വൈദീകനായി സേവമനുഷ്ഠിച്ച കാലയളവിൽ കുറഞ്ഞ വരുമാനത്തിലും തന്റെ മക്കളെ നല്ല രീതിയിൽ പഠിപ്പിച്ച് നല്ല നിലയിൽ എത്തിക്കുവാൻ കഴിഞ്ഞു.

* ഇദ്ദേഹത്തിന്റെ കാലത്ത് തന്റെ സഹപ്രവർത്തകരായ അച്ചന്മാരെയും മറ്റും വളരെ താല്പര്യത്തോടെ അന്വേഷിച്ചു. ഓരോ അച്ചന്മാരെയും അവരുടെ മക്കളെക്കുറിച്ചും അവരുടെ ആവശ്യങ്ങളെയും നല്ലതുപോലെ അറിഞ്ഞ ശ്രേഷ്ഠ ഇടയനായി പ്രവർത്തിച്ച Bishop Michael

John അവർകളുടെ വൈദിക സേവനത്തിനായി അവർകളുടെ വിശ്വസ്ഥ ജീവിത്തിനായി വായനക്കാർ എല്ലാവർക്കുമായി ദൈവത്തെ സ്തുതിക്കാം.

* എന്റെ നല്ല സ്നേഹിതനും, മാതൃകയുള്ള ബിഷപ്പും കോഴ കൊടുത്ത് ബിഷപ്പ് പദവി വിലയ്ക്കു വാങ്ങാത്ത ബിഷപ്പ് എന്ന നല്ല പേരുണ്ടാക്കിയ Bishop Michel John അവർകൾക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. * മോഡറേറ്റർ സുഗന്ധർ അവർകളുടെ കാലത്തിൽ ഒരു പ്രത്യേക സി.എസ്.ഐ മഹായിടവകയിൽ 1.25 കോടി രൂപാ കോഴ വാങ്ങി തിരഞ്ഞെടുപ്പിൽ പ്രഥമ സ്ഥാനം ലഭിച്ച വൈദികനെ ബിഷപ്പ് ആകാൻ അനുവദിക്കാതെ പാനലിൽ മൂന്നാമതായി വന്ന ഒരച്ചനെ ബിഷപ്പാക്കി എന്നുള്ള വാർത്ത പണം കൊടുത്ത വ്യക്തി റീറല്യമത്യേ അവർകൾ തന്നോട് പണം വാങ്ങിയതിനെയും തെളിവു സഹിതം ഞാൻ ജാമക്കാരനിൽ എഴുതിയപ്പോൾ എന്നെ പ്രോത്സാഹിപ്പിച്ച രണ്ടു ബിഷപ്പുമാരിൽ ഒരാളാണ് Bishop Michael John അവർകൾ.

ഞാൻ ബിഷപ്പുമാരെക്കുറിച്ച് ജാമക്കാരനിൽ എഴുതുന്നത് മറ്റു ബിഷപ്പുമാർക്ക് എന്നോട് കോപവും വെറുപ്പും തോന്നുന്നുമ്പോൾ ഇദ്ദേഹത്തിന് അങ്ങനെ കോപവും വെറുപ്പും തോന്നുന്നില്ല. അത് അദ്ദേഹത്തിന്റെ കുറ്റമറ്റ മനഃസാക്ഷിയുടെ അടയാളമാണ്. ദൈവം അദ്ദേഹം വിട്ടുപോയ കുടുംബത്തെയും മക്കളെയും അനുഗ്രഹിക്കുമാറാകട്ടെ. * East Kerala ഡയോസിസ് രൂപപ്പെടുന്നതിന് വളരെ മുമ്പ് മേലുകാവ് എന്ന സ്ഥലത്ത് വലിയ മൈതാനത്തിൽ ധാരാളം കൺവെൻഷനുകളിൽ ഞാൻ പലപ്രാവശ്യം പ്രസംഗിച്ചിട്ടുണ്ട്. ഇന്നും East kerala മഹായിടവകയിലെ ജനങ്ങൾ എന്നെ അവരുടെ സ്വന്തം കുടുംബാഗത്തെപ്പോൽ കരുതി സ്നേഹിച്ചുവരുന്നു. * Bishop Michel John അവർകൾക്കു ശേഷം ബിഷപ്പ് ആയ Rt.Rev Samuel അവർകളും എന്നെ വളരെ സ്നേഹിച്ചു. ആ കാലയളവിൽ കൂടെക്കൂടെ അദ്ദേഹത്തിന്റെ മഹായിടവകയിൽ എന്നെ ക്ഷണിച്ച് പല കൺവെൻഷനുകളിലും പ്രസംഗിക്കുവാൻ അവസരം തന്ന് പ്രയോജനപ്പെടുത്തപ്പെട്ടു. ആ നാളുകളിൽ കൺമുന്നിൽ തന്നേ പല അത്ഭുതങ്ങളും, രോഗശാന്തിയും, മാനസാന്തരവും നടന്നത് ആ മഹായിടവകയിലെ ജനങ്ങൾ മറന്നിട്ടില്ല.

East Kerala C.S.I ഡയോസിസിലെ മുഴുവൻ അംഗങ്ങൾക്കും എന്റെ ജാമക്കാരൻ മാസിക അയയ്ക്കപ്പെടുന്നുണ്ട്. ആയിരക്കണക്കിനാളുകൾ ഇന്നും ജാമക്കാരൻ മാസിക വായിക്കുന്നു. ധാരാളം കുടുംബങ്ങൾ എനിക്കും എന്റെ ശുശ്രൂഷയ്ക്കുമായി ദിനംതോറും പ്രാർത്ഥിച്ചും സ്ത്രോത്രക്കാഴ്ച അയച്ചും സഹായിച്ചു വരുന്നു. അവർക്കായും ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

* യോസഫിനെ അറിയാത്ത ഫറവോൻ വന്നു എന്നു വേദവാക്യം പറയുന്നതുപോലെ ഇപ്പോഴുള്ള ബിഷപ്പിന് എന്നെ ഒട്ടും തന്നെ ഇഷ്ടമില്ല. * East Kerala ത്തിലെ ചില ജനങ്ങളും ചില അച്ചന്മാരും ചേർന്ന് ഒരു പൊതുസ്ഥലത്ത് യോഗം ക്രമീകരിച്ച് പ്രസംഗിക്കുവാൻ എന്നെ കാണിക്കയുണ്ടായി. മഹായിടവകയിലെ ബിഷപ്പിന് താല്പര്യം ഇല്ലാതെ അദ്ദേഹത്തിന്റെ അനുമതിയില്ലാതെ പ്രസംഗിക്കുന്നതിന് ഞാൻ താല്പര്യപ്പെടുന്നില്ല. അച്ചന്മാരുടെ നേതൃത്വത്തിൽ ക്രമീകരിക്കപ്പെട്ട യോഗങ്ങളിൽ പങ്കെടുക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. അതാണ് ശരിയായ ക്രമീകരണം എന്ന് ഞാൻ പലപ്രാവശ്യം ജാമക്കാരനിൽ എഴുതിയിട്ടുണ്ട്. East Kerala മഹായിടവയ്ക്കായും, അച്ചന്മാർക്കായും ബിഷപ്പ് അവർകൾക്കായും തുടർന്നും ഞാൻ പ്രാർത്ഥിക്കുന്നു. East Kerala മഹായിടവകയിലെ ആദ്യത്തെ Bishop ആയ Rt.Rev.Michael John അവർകളെ എനിക്കു മറക്കുവാൻ സാധ്യമല്ല. അദ്ദേഹത്തിനായും അദ്ദേഹത്തിന്റെ വിശ്വസ്ഥ സേവനത്തിനായും ദൈവത്തെ സ്തുതിക്കുന്നു.

# യേശുക്രിസ്തു ജനിച്ചു

ഓരോ വർഷവും ക്രിസ്മസ് ആഘോഷസമയങ്ങളിൽ ക്രിസ്തു പുൽക്കൂട്ടിൽ ജനിച്ചതേയും, നമുക്ക് വേണ്ടി ക്രൂശിൽ മരിച്ചതും 3-ാം ദിവസം ഉയർത്തെഴുന്നേറ്റതും ഇപ്പോഴും അവൻ ജീവനോടും വാഴുന്നതും ഓരോ വർഷവും നാം ധ്യാനിക്കുന്നു.

പക്ഷെ യേശു ജനിച്ചതു നമ്മുടെ ഓരോരുത്തരുടെയും ഉള്ളത്തിൽ വസിക്കുവാൻ വേണ്ടി പദ്ധതിയിട്ടു സ്വർഗ്ഗത്തിൽ നിന്നും വന്നത്. അതുകൊണ്ടാണ് യെശയ്യാ പ്രവാചകൻ മൂലം **ഇമ്മാനുവേൽ** എന്ന പേരോടു അവൻ ജനിക്കും എന്ന് പ്രവചിച്ചത്. അതുകൊണ്ട് ഈ പ്രാവശ്യം യേശുക്രിസ്തു നമ്മുടെ ഹൃദയത്തിൽ ജനിക്കണം. **ഇമ്മാനുവേലായി** നമ്മോടുകൂടെ വാഴുന്നതു നാം ഓരോ മിനിറ്റിലും ഉണർന്നുകൊള്ളേണം. ഇതുതന്നെ ഈ വർഷത്തിന്റെ ക്രിസ്മസ് വാർത്തകൾ. ഈ വർഷം മാത്രമല്ല, എപ്പോഴും മരണം വരെ നിങ്ങളുടെ ഹൃദയത്തിൽ യേശുക്രിസ്തു വാസം ചെയ്യുവാൻ ഞാൻ നിങ്ങളെ വാഴ്ത്തുന്നു.

We Wish you a Happy Christmas

**NOVEMBER 2014**

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at Priya Pathipagam,197.LIC Colony, Salem-636 004
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.